# വള്ളീം തെറ്റി പുള്ളീം തെറ്റി

Annual Magazine
2019-2020

EMEA COLLEGE OF ARTS & SCIENCE, KONDOTTY
MALAPPURAM DISTRICT


വാർഷിക മാഗസിൻ
2019-2020
ഇ. എം. ഇ. എ. കലാലയം കൊണ്ടോട്ടി
വള്ളീം തെറ്റി പുള്ളീം തെറ്റി




# Annual Magazine 2019-2020

EMEA COLLEGE OF ARTS & SCIENCE, KONDOTTY
MALAPPURAM DISTRICT

| | | |
|---|---|---|
| CHIEF EDITOR | : | DR. C.P. AYOOB KEYI |
| STAFF EDITOR | : | PROF. HUSSAIN. V. |
| STUDENT EDITOR | : | MOHAMMED SHAZ |
| SUB EDITOR | : | MOHAMMED AZEEL ALI.P. |
| MEMBERS | : | HAFEEFA |
| | | BASILA |
| | | AMAL FARHAN |
| | | KAVYA |
| | | ARSHAD MUHAMMED |
| | | ADITH. V. |
| | | SUVARNA. K. K. |
| | | MUHAMMED FAHIS |
| | | MUHAMMED MURSHID. K. K. |
| | | SAMEENA THESNI. K. P. |
| | | SUFAINA MAVUNGAL |
| | | FATHIMA HIBA |
| | | SAFA MARIAM |
| | | MOHAMMED JASEEM. P. |
| | | MOHAMMED AJMAL. C.K. |
| | | MOHAMMED SHAMIR. V. P. |
| ILLUSTRATIONS | : | SHAHANA SHIRIN. M. |
| | | VISHNUPRIYA. C. |
| LAYOUT & DESIGNING | : | ORION PRINTS |
| PRINTED AT | : | ORION PRINTS, VENNIYUR |
| | | 9995 28 2222, 9656 05 8898 |



## DR. CP. AYOOB KEYI
OUR PRINCIPAL






















01 **K.P. MUSTHAFA THANGAL**
PTA VICE PRESIDENT

02 **PROF. MOHAMMAD NAJEEB. P.M**
STAFF COUNCIL SECRETARY

03 **MRS. HAULATH. K.**
STAFF CLUB SECRETARY

04 **PROF. HUSSAIN. V.**
STAFF EDITOR

05 **K.T. FIROZ**
UNION ADVISOR

06 **MOHAMMAD JAMSHAD.K.**
FINE ARTS DIRECTOR

**CHIEF EDITOR**
DR. C.P. AYOOB KEYI



**STAFF EDITOR**
PROF. HUSSAIN .V



**STUDENT EDITOR**
MOHAMMED SHAZ



# EDITORIAL BOARD






# Editorial

ഓർമ്മ ... അതൊരുവ്യക്തിയുടെ ആത്മനിഷ്ഠയാർന്ന അനുഭൂതിയായിരിക്കാം . പക്ഷെ ഒരു സമൂഹത്തിന്റെ ഓർമ്മ സമൂഹത്തിന്റെ ചരിത്രമാണ്. കാലത്തിന്റെ കുത്തൊഴിക്കിനൊപ്പം ചരിത്രത്തിന്റെ ധന്യതയും നഷ്ട്ടപ്പെട്ടിരിക്കുന്നു. മൂല്യബോധങ്ങളുടെഅടിത്തറയിൽ രൂപം കൊണ്ട സംസ്കാരങ്ങൾക്ക് വർത്തമാനകാലത്ത് കാപട്യങ്ങളുടെ മുഖംമൂടി ധരിച്ചിരിക്കുന്നു.സ്വന്തം നിലനിൽപ്പിനപ്പുറത്തേക്ക് രാഷ്ട്രീയബോധമില്ലാത്ത സമൂഹത്താൽ ചിന്നഭിന്നമായിരിക്കുകയാണിവിടെ...

പ്രത്യയശാസ്ത്രങ്ങളും നവോത്ഥാനവും അട്ടിമറിക്കപ്പെട്ട് ഓരോ പൗരന്റെ സ്വന്തം വഴിതിരിച്ചിട്ടിരിക്കുന്നു.

ഭാവിയിലേക്ക് നോക്കാൻകഴിയാതെ വിഷമം പിടിച്ച സാമൂഹിക യാഥാർത്ഥ്യങ്ങൾ ക്കിടയിൽ വിജയത്തിന്റെ തേരാളിയെ കാത്തിരിക്കുന്നു.

അകാരണമായ ഭയത്താൽ ചുറ്റപ്പെട്ട സാമൂഹിക വലയത്തിൽ പ്രതീക്ഷയുടെപുതുകണികയുടെ പ്രഭാതം വിടർത്താൻ ആർക്കാണ് സാധിക്കുക! ഇനി ആ കാത്തിരിപ്പിനുള്ള കാലമെത്ര !

ഭൂതകാലത്തിന്റെ തിരിച്ചടികളിൽ തോറ്റിരിക്കുന്നു. എന്നാൽ ശരിയെന്നുവിശ്വസിക്കുന്നതിനായി പോരാടുന്നതിൽഇനിയും വിശ്വാസമർപ്പിക്കുക.

ഇവിടെ നിങ്ങൾ വിജയിക്കാൻ പോകുന്നു

നീ തന്നെ ജീവിതം സന്ധ്യേ...
നീ എന്നെ മരണവും സന്ധ്യേ...



പരിവർത്തനം 20

കാടിന്റെ മകൻ 25

370–ാം വകുപ്പ് സങ്കീർണ്ണതകളും വഴിത്തിരിവുകളും 32





# കാടിന്റെ മകൻ


| | |
|---|---|
| മുനയൊടിഞ്ഞ ധനം | 12 |
| സമാധാനം എത്ര അകലെ | 14 |
| ഹിന്ദി നഹി നഹി | 16 |
| കലയെ കൊല്ലുന്ന സമൂഹം | 18 |
| പരിവർത്തനം | 20 |
| മണ്ണും മനുഷ്യനും | 21 |
| കേരളീയ സംസ്കാരവും മാറ്റങ്ങളും | 22 |
| പുഴയൊഴുകും വഴി | 24 |
| കാടിന്റെ മകൻ | 25 |
| ചരിത്രം വളച്ചൊടിക്കുമ്പോൾ | 28 |
| നാനാത്വത്തിൽ ഏകത്വം | 29 |
| ജനാധിപത്യത്തിന്റെ മരണമണി | 30 |
| 370–ാം വകുപ്പ് സങ്കീർണ്ണതകളും വഴിത്തിരിവുകളും | 32 |
| നീതിയുടെ കണ്ണ് | 34 |
| ദൃക്സാക്ഷി | 35 |
| ആഗോള മാന്ദ്യവും ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയും | 36 |
| ഭാരതം | 38 |

ഇനിയെത്ര കയറുകൾ 47
ബാക്കിപത്രം 60
മുത്തശ്ശി പറയാറുള്ളത് പോലെ 63
അലക്കുകല്ല് 68
ഇത് മനുഷ്യർ തന്നെയോ 69
ഇനിയും വൈകരുത് 79
പ്രണയം 87
വെബ്സീരിസുകളും പ്രേക്ഷകരും 93



| | |
|---|---|
| മാറുന്ന ജനാധിപത്യം | 40 |
| മുഖംമൂടി | 42 |
| കൊല്ലരുതീ വിരിയും മൊട്ടുകളെ | 44 |
| അഭയാർത്ഥി ക്യാമ്പ് പറഞ്ഞത് | 46 |
| ഇനിയെത്ര കയറുകൾ | 47 |
| ഒച്ചുണ്ടാക്ക് | 49 |
| യാന്ത്രികം | 51 |
| സാങ്കേതികതയുടെ ലോകം | 53 |
| ഏങ്ങോട്ടാണെടോ ഈ പോക്ക് | 55 |
| നിർജീനം | 57 |
| മാറാല | 58 |
| മടങ്ങിപ്പോക്ക് | 59 |
| ബാക്കിപത്രം | 60 |
| നമ്മുടെ കുട്ടികൾ ലഹരി മുനമ്പിലോ | 61 |
| മുത്തശ്ശി പറയാറുള്ളത് പോലെ | 63 |
| അറിഞ്ഞില്ല കാമഭ്രാന്ത് | 64 |
| മൗനി | 65 |
| അനാഥി | 66 |
| തിരിച്ചറിവ് | 67 |
| അലക്കുകല്ല് | 68 |
| ഇത് മനുഷ്യർ തന്നെയോ | 69 |
| റേസിസം | 70 |
| എൻഡ് ഓഫ് സ്പെക്ട്രം | 71 |
| കറൻസി | 73 |
| സ്റ്റോപ്പ് വയലെൻസ് എഗൈൻസ്റ്റ് വിമൺ | 74 |
| ദി അർഗ് ഫോർ എ കാർഡിനൽ ചേഞ്ച് ഇൻ കേരള | 75 |
| ഇനിയും വൈകരുത് | 79 |
| ചിറക് നശിക്കുമ്പോൾ | 81 |
| കല | 83 |
| തിരുച്ചിപ്പള്ളിയിലെ രോദനം | 85 |
| പിന്നേത് താപനിലയിൽ ചോരതിളപ്പൂ | 86 |
| പ്രണയം | 87 |
| വഴി | 88 |
| മാറ്റം | 90 |
| വീടുകൾക്കും പറയാനുണ്ട് | 91 |
| അന്ധകാരം | 92 |
| വെബ്സീരിസുകളും പ്രേക്ഷകരും | 93 |
| രാക്ഷസൻ | 94 |
| നിളയേ നീ | 96 |
| ഇടവേള | 97 |
| ചിന്ത | 98 |
| നടന്ന വഴിയെ | 100 |


നീ
തിരിച്ചറിയാത്ത
ചരിത്രം



# മുനയൊടിഞ്ഞ ധനം

## അകാലത്തിൽ പൊലിഞ്ഞുപോയ ചില ജീവിതങ്ങളെക്കുറിച്ച് നമ്മൾ ചിന്തിച്ചിട്ടുണ്ടോ?

ചരിത്ര താളുകളിൽ ഇന്ത്യ എന്ന് പേരു കേട്ടാൽ അസൂയയോടെയും കഴുകക്കണ്ണുകൾ കൊണ്ടും നോക്കിയിരുന്ന ഒരു കാലമുണ്ടായിരുന്നു. എല്ലാ കണ്ണുകളും ഇന്ത്യയെ ഒരു കമ്പോളമാക്കി മാറ്റുന്നതിനായിരുന്നു. ഇന്ത്യയുടെ മനോഹാരിത കണ്ട് നാട് ചുറ്റി സഞ്ചരിക്കുന്നവരും സന്ദർശിക്കുന്നവരും പിന്നീട് ഇന്ത്യയുടെ ഭരണം തന്നെ തങ്ങളുടെ കൈകളിലാക്കി മാറ്റി ഇന്ത്യയുടെ പ്രധാന സാമ്പത്തികമേഖലകളെ മറ്റുരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു കുത്തക കമ്പനിയായി പിന്നീട് ഉയർത്തെഴുന്നേറ്റു. ഇന്ത്യയുടെ സാമ്പത്തിക നില ഗതികിട്ടാപ്രേതം പോലെ ദാരിദ്ര്യവും മതഭ്രാന്തും, ജാതിയതയുടെ വേലികെട്ടുകളിലൂടെയും ആരോ എഴുതിയ തിരക്കഥയിൽ ഒഴുകി നടക്കുന്നതാണ് നാം കണ്ടത്.

1947 ആഗസ്റ്റ് 15 ന് ഇന്ത്യ സ്വാതന്ത്ര്യം നേടിയതിനു ശേഷം ഇന്ത്യയുടെ സാമ്പത്തിക നില എന്ന് പറയുന്നത് കാലിയായ പോക്കറ്റുപോലെ ശൂന്യമായിരുന്നു. പിന്നീട് ജവഹർലാൽ നെഹ്റു ഇന്ത്യയുടെ പ്രധാനമന്ത്രിയായി അധികാരത്തിലേറിയതിനുശേഷം ഇന്ത്യക്ക് വ്യക്തമായ പ്ലാനുകളും കൃത്യമായ ഇടപെടലുകളും ഇന്ത്യയെ സാമ്പത്തിക തുടർച്ചകളിൽ നിന്നും ഉയർത്തെഴുന്നേൽപ്പിന്റെ ദിനങ്ങളായി. പിന്നീട് വന്ന ഗവൺമെന്റുകളെല്ലാം ഓരോ 5 വർഷവും ഇന്ത്യയുടെ ആവശ്യാനുസരണം ഓരോ പദ്ധതികളും നടപ്പിലാക്കി. അതിൽ കാർഷികമേഖലയുടെ വളർച്ച ക്രമാതീതമായി വർദ്ധിപ്പിക്കുന്നതിനും തൊഴിൽ രഹിതരായവർക്ക് തൊഴിൽ നൽകി ഇന്ത്യയെ പുതിയ വിപ്ലവത്തിലേക്ക് നയിക്കുന്ന വളരെ നിർണ്ണായകമായ തീരുമാനങ്ങളും അതിലുണ്ടായിരുന്നു.

ഇന്ത്യയിൽ കാർഷികമേഖല ഒരു കാലത്ത് വളരെ പിന്നോക്കാവസ്ഥയിലേക്ക് പോകുകയും പട്ടിണിയും തൊഴിലില്ലായ്മയും ആത്മ









ഹത്യയും പെരുകിയിരിക്കുന്ന ഈ സമയത്ത് ഇന്ത്യയുടെ സാമ്പത്തിക വിദഗ്തർ പുതിയമാർഗ രേഖകൾ തയ്യാറാക്കി നൽകുകയും ചെയ്തിരുന്നു.

1990-2000 കാലഘട്ടത്തിൽ ലോകത്തിലെ എസ്സാ രാജ്യങ്ങളും സാമ്പത്തിക പ്രതിസന്ധി അനുഭവിച്ചപ്പോൾ ഇന്ത്യമാത്രം അവിടെ പിടിച്ചുനിന്നു. ഇന്ത്യയുടെ ഏറ്റവും നിർണ്ണായമായ പലതീരുമാങ്ങളെടുത്തതും ഇന്ത്യുടെ സാമ്പത്തിക മേഖലാവിദഗ്ധരുടെ കൃത്യമായ ഇടപെടലുകളായിരുന്നു. അതിൽ നിർണ്ണായകമായ പങ്ക് വഹിച്ച ഒരുവ്യക്തിയാണ് 2 തവണ പ്രധാനമന്ത്രിയായും ഇന്ത്യുടെ സാമ്പത്തിക മേഖലക്ക് പുതിയ വഴി തുറന്ന ഡോ. മൻമോഹൻസിങ് ഇദ്ദേഹം ഇന്ത്യയെ ആഗോളവൽക്കരണത്തിനും വേണ്ടി തുറന്നിട്ടു.

ഇന്ത്യയുടെ സാമ്പത്തിക വളർച്ച 2007 ൽ അതിവേഗം വളരുന്ന സമ്പദ്യവസ്ഥയുള്ള രാജ്യങ്ങളിലൊന്നായി മാറി.

ഇപ്പോഴത്തെ ഇന്ത്യയുടെ പല കടുത്ത തീരുമാനങ്ങളും സാമ്പത്തിക വിദഗ്ധരുടെ ഇപദേശ നിർദ്ദേശങ്ങളനുസരിക്കാതെ എടുത്തതുതന്നെയാണ് അതിനുകാരണമായിരിക്കുന്നത്.

കാർഷിക മേഖലയിൽ ഇന്ത്യകണ്ടിട്ടില്ലാത്ത വിധം കടുത്ത പ്രതിസന്ധിയും, ആത്മഹത്യയും വർദ്ധിച്ചുവന്നു. ഏടാ നടപ്പിലാക്കിയത് ഇന്ത്യയുടെ പല മേഖലകളിലേയും സാധാരണ ജനങ്ങളിൽ വലിയ ആഘാതം സൃഷ്ടിച്ചു. റിസർവ്വ് ബാങ്കിന്റെ കടുത്ത നടപടി ക്രമങ്ങളും ഇന്ത്യയുടെ എല്ലാ മേഖലയിലും തകർച്ച അനുഭവപ്പെട്ടു.

സാമ്പത്തിക മേഖലയുടെ ഇന്നത്തെ അവസ്ഥ പാവപ്പെട്ട കച്ചവടക്കാരുടെയും, കർഷകരുടെയും. ചെറുകിട വ്യവസായങ്ങളെയും മാത്രം ബാധിക്കുന്ന തരത്തിലുള്ള നിയമവ്യവസ്ഥകളും, സർക്കാർ ഇടപെ

ലുകളുമാണ്. 2018 ൽ പോലും കേരളത്തെ ഞെട്ടിച്ചുകൊണ്ട് ഒരു പ്രവാസി വ്യവസായി ആത്മഹത്യ ചെയ്തു. അതിന്റെ കാരണമന്വേഷിച്ചുപോയപ്പോഴാണ് നമ്മുടെ ചെറുനിയമങ്ങൾപോലും ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് ബാധകമായിരിക്കുന്നു എന്ന് മനസ്സിലാക്കാൻ സാധിച്ചത്.

വൻ വ്യവയായങ്ങൾ പോലും ഇന്ത്യയിൽ നിന്ന് ഷെയർ പിൻവലിച്ചു. ചിലവ്യവസായികളെയും കുത്തകമുതലാളിമാരെയും മാത്രം സംരക്ഷിക്കുന്ന ഒരുപാട് പ്രവർത്തനങ്ങൾ ഇന്ത്യൻ ഗവൺമെന്റ് ചെയ്തുകൊണ്ടിരുന്നു.

ഇന്ത്യ ഇത്ര അധികം സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും ഇന്ത്യൻ വംശജനായ അമേരിക്കൻ ശാസ്ത്രജ്ഞൻ അഭിജിത്ത് ബിനായക് ബാനർജി ആഗോള ദാരിദ്ര്യ നിർ

അനസ് കാരാട്ടിൽ
MA 1st Sem

# സമാധാനം എത്ര അകലെ?



മുകൾ ചക്രവർത്തി ജഹാംഗീർ ആദ്യമായി വിശേഷിപ്പിച്ച പിന്നീട് ലോകം മുഴുക്കെ ആവർത്തിച്ച ഭൂമിയിലെ സ്വർഗം ഒരിക്കൽ മൂടിപുകയുകയാണ്. കാശ്മീർ സ്വാതന്ത്രാനന്തര ഇന്ത്യയുടെ 72 വർഷത്തെ ചരിത്രത്തിൽ സ്വാതന്ത്രത്തിന്റെ അർത്ഥം എന്തെന്ന സംശയം പലതവണ ഉയർത്തിയ താഴ്‌വര. ഭൂപ്രകൃതികൊണ്ട് സ്വർഗവും രാഷ്ട്രീയ പ്രകൃതം കൊണ്ട് നരഗവും ആയ പ്രദേശം പലതവണ സ്പോടനാപ്കമായ രാഷ്ട്രീയ സാഹചര്യങ്ങളിലേക്ക് സ്വയം നടന്ന് പോയ മിക്കപ്പോഴും ബാഹ്യശക്തികളാൽ തള്ളിവിടപ്പെട്ട എപ്പോഴും ഉള്ളാൽ പുകഞ്ഞ് കൊണ്ടിരിക്കുന്ന ചിലപ്പോൾ പൊട്ടിത്തെറിക്കുന്ന പ്രദേശം. സ്വാതന്ത്രത്തിന് വേണ്ടിയുള്ള പോരാട്ടവും, ദേശീയതകൾ തമ്മിലുള്ള ഏറ്റുമുട്ടലും, വർഗ്ഗീയതയും ഭീകരതയും എല്ലാം കൂടിച്ചേർന്ന ചിലപ്പോൾ ഇവ തമ്മിൽ വേർതിരിച്ച് അറിയാൻ പോലും കഴിയാത്ത അധിസംങ്കീർണമായ രാഷ്ട്രീയ സമസിയാണ് കാശ്മീർ. പ്രത്യേക ഭരണഘടനാ പദവി നീക്കം ചെയ്ത നടപടിയിലൂടെ കാശ്മീർ ഒരിക്കൽ കൂടി രാഷ്ട്രീയ ശ്രദ്ധാകേന്ദ്രം ആവുകയാണ്.

1947 ൽ ഇന്ത്യ സ്വതന്ത്രമാകുന്നു ആ സമയത്ത് ഇന്ത്യയൂണിയന്റെ ഭാഗമാവാത്ത മൂന്ന് സംസ്ഥാനങ്ങളുണ്ടായിരുന്നു. അതിൽ ഒന്നാണ് ജമ്മുകാശ്മീർ. ജമ്മുകാശ്മീർ ഭരിച്ചിരുന്നത് ഹിന്ദു രാജാവായ ഹരിസിംഗ് ആയിരുന്നു. പക്ഷെ അവിടെ മുസ്ലിം ജനങ്ങളാണുള്ളത്. രാജാവിന്റെ ആഗ്രഹം സ്വതന്ത്രമായി സംസ്ഥാനമായി നിൽക്കാനായിരുന്നു. ജനങ്ങളുടെ ആഗ്രഹം പാകിസ്ഥാനിലേക്ക് കൂടിച്ചേരാനുമായിരുന്നു. പാകിസ്ഥാൻ ഭരിക്കുന്നവർ ജമ്മുകാശ്മീർ പിടിച്ചെടുക്കാൻ വേണ്ടി കാശ്മീരിലേക്ക് ആളുകളെ അയച്ചു. അത് കാരണം ഒരുപാട് അക്രമങ്ങൾ ഉണ്ടായി. ആ സമയത്ത് ഹരിസിംഗ് ജവഹർലാൽ നെഹ്റുവിനെ സമീപിച്ചു. നഹ്റു അദ്ദേഹത്തോട് പറഞ്ഞു നിങ്ങൾ ഇന്ത്യൻ യൂണിയന്റെ ഭാഗമാവാം പക്ഷേ നിങ്ങൾക്ക് പ്രത്യേക പദവി തന്നേക്കാം. അതിന് ശേഷമാണ് ആർട്ടിക്ക്ൾ 870 ഉം, 350 ഭരണഘടനയിൽ വരുന്നത്.

കാശ്മീർ ഇന്ന് പൂർണമായും ഒരു സൈനിക പ്രദേശമായി മാറിയിരിക്കുന്നു. ഇടവയികളിലും റോഡുകളിലുമെല്ലാം തോക്ക് ഭാരികളായി നിൽക്കുന്ന സൈ



നികർ അവരുടെ ചെക്ക്പോസ്റ്റുകൾ, നഗരത്തിന് ചുറ്റും പറക്കുന്ന നിരീക്ഷക ഹെലികോപ്റ്ററുകൾ, പ്രധാന റോഡുകളിൽ ഗതാഗതം തടഞ്ഞുള്ള പാലികേടുകൾ ചീറിപ്പായുന്ന പെട്രോളിൻ വാഹനങ്ങൾ, മുള്ള് വേലികൾ അടഞ്ഞ് കിടക്കുന്ന കടകൾ, ഭൂമിയിലെ സ്വർഗം പ്രതീക്ഷിച്ച് എത്തുന്നവരെ വരവേൽക്കുക.

ഭീതിപ്പെടുത്തുന്ന ഈ കാഴ്ചകളാണ്. 70 വർഷത്തെ ചരിത്രത്തിൽ നിരോന്തരാക്നി ഒരുപാട് കണ്ടിട്ടുണ്ട് കാശ്മീർ പക്ഷേ ഇതുപോലൊരു നിയന്ത്രണം ഇതുവരെ കണ്ടിട്ടില്ലെന്ന് കാശ്മീരികൾ ഒരേ സ്വരത്തിൽ പറയുന്നു. നാൽപതിനായിരത്തോളം അധിക സൈനികരെയാണ് താഴ്വരയിൽ മാത്രം നിയോഗിച്ചത്. മൊബൈൽ ഇന്റർനെറ്റ് സേവനം പൂർണ്ണമായും നിർത്തലാക്കി. കാബിളും ലാൺഫോണുകളും നിശ്ബ്ദമായതോടെ പുറം ലോകവുമായുള്ള എല്ലാബന്ധങ്ങളും അവസാനിച്ചു. പ്രത്യേക ഭരണഘടനാ പതവിനീക്കം ചെയ്തതിന്റെ ആകാദത്തോടൊപ്പം ഈ നിയന്ത്രണങ്ങളും ഉൾ കൊള്ളാൻ കാശ്മീരികൾക്ക് ഇത്വരെ ആയിട്ടില്ല. പ്രത്യേക ഭരണഘടനാ പദവി ഇല്ലാതാക്കിയതിനെതിരെ കാര്യമായി പ്രതികരിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല.

പരസ്യ പ്രതിരോധങ്ങൾക്കോ പ്രക്ഷോപങ്ങൾക്കോ അവസരം നൽകാത്ത രീതിയിലായിരുന്നു. സുരക്ഷാമുന്നൊരുക്കങ്ങൾ. തെരുവുകളിൽ ജനസാനിധ്യം കുറവായിരുന്നു. പലരും പ്രതികരിക്കാൻ വിസമ്മദിച്ചു. പ്രതികരിച്ചവരുടെ വാക്കുകളിൽ അമർഷങ്ങൾ വ്യക്തമാണ്. അടഞ്ഞ് കിടക്കുന്ന കടകളും, മുൾ വേലികളും വിജനമായ തെരുവും ചൂണ്ടിക്കാട്ടി കാശ്മീരികൾ ചോദിക്കുന്നു ഇതാണോ കാശ്മീരിൽ ഇന്ത്യ നൽകുന്ന സ്വതന്ത്ര്യമെന്ന്. പ്രത്യേക ഭരണഘടനാ പദവി നീക്കം ചെയ്തത് കേവലം ഒരു രാഷ്ട്രീയ നീക്കമായി മാത്രമല്ല പലരും കാണുന്നത്. കാശ്മീരിന്റെ സത്യത്തിന് നേർക്ക് ബി.ജെ.പി. യും ആർ.എസ്.എസും നടത്തുന്ന അതിക്രമമായിട്ടാണ്. കുട്ടികൾക്ക് കൊടുക്കാനുള്ള ഭക്ഷണം പോലും അനുവദിക്കുന്നില്ല. തൊട്ടടുത്തുള്ള കോളനിയുമായി ബന്ധപ്പെടാൻ പോലും കഴിയുന്നില്ല. കനത്ത സുരക്ഷാവലയത്തിൽ പുറം ലോഗവുമായുള്ള എല്ലാ ബന്ധവും വിച്ഛേദിക്കപ്പെട്ട കാശ്മീർ സാധാരണ നിലയിലാണെന്ന് റിപ്പോർട്ട് ചെയ്യുന്ന മാധ്യമങ്ങളോടുള്ള രോക്ഷമാണ് ചിലർ പ്രകടിപ്പിക്കുന്നത്.

കാശ്മീരികളെ മനുഷ്യരായി കാണാത്തവരാണ് സർക്കാറും മാധ്യമങ്ങളും എന്ന് അവർ പറയുന്നു. ഇന്ത്യയെ പിന്തുണച്ചിരുന്ന മുഖ്യതാര രാഷ്ട്രീയക്കാർക്ക് പോലും എന്താണ് സംഭവിച്ചത് എന്ന് സ്വതന്ത്രവാതികൾ ചോദിക്കുന്നു. ബി.ജെ.പിയുമായി അധികാരത്തിനായി കൈകോർത്ത മെഹ്ബൂബ മുഹ്തിക്ക് സ്വന്തം വീട്ടിലെ ജനൽപോലും തുറക്കാൻ കഴിയുന്നില്ലെന്ന് പരിഹസിക്കുന്നു. പ്രത്യേക ഭരണഘടന പദവി എടുത്ത് കളഞ്ഞത് കാശ്മീരിനെ ഇന്ത്യയുമായി കൂടുതൽ ചേർത്ത് നിൽക്കുകയല്ല. കൂടുതൽ അകറ്റുകയാണെന്ന് അടിവര ഇടുന്നതാണ്. അവരുടെ ഓരോരുത്തരുടേയും പ്രതികരണങ്ങൾ. വിനോദ സഞ്ചാരികളുടെ ആകർഷണങ്ങളിൽ ഒന്നായിരുന്നു കാശ്മീരിലെ തടാകം. കാശ്മീരിന്റെ ഹൃദയം ഒരു ലക്ഷത്തിലധികം പേർ ഇവയെ ആശ്രയിച്ച് തൊഴിലെടുക്കുന്നു. സീസൺ സമയത്ത് വിനോദസഞ്ചാരികളെ ഒഴിപ്പിച്ചതോടെ ഇവയുടെ ജീവിതമാണ് വഴിമുട്ടിയത്.

പേത്യേക ഭരണഘടന പദവി എടുത്ത് മാറ്റിയ ആവേശത്തോടെ വരവേൽക്കുന്ന വിഭാഗമാണ് വ്യാഭാരീ സമൂഹം, മറ്റു പല കാരണങ്ങളാൽ കാശ്മീരിൽ വന്ന് പെട്ടവരും. പക്ഷേ അവർക്കിടയിൽ കാണാതെ പോകുന്നത് കാശ്മീർ ഇന്നും ഇരുട്ടിലാണെന്ന യതാർത്ഥമാണ്.

സ്കൂളുകൾ മിക്കവതും കാലിയാണ്. ഉൾപ്രദേശങ്ങളിൽ ഏറ്റുമുട്ടലുകൾ തീപോലെ പടരുന്നു. കല്ലേറുകളുടെ കഥകൾ പ്രചരിക്കുന്നു. എന്താണ് തെറ്റ് എന്താണ് ശരി എന്ന് വിലയിരുത്താൻ പോലും അവസരമില്ല. കാശ്മീർ ഉള്ളാൽ പുകഞ്ഞ് തുടങ്ങുമ്പോൾ സമാധാനം എത്ര അകലെയാണ്?. സാധാരണ നിലയിലേക്ക് ജീവിതം എപ്പോൾ കരപിടിക്കും. എത്രകാലം ഈ സ്ഥിതി തുടരും ?




# അതുകൊണ്ട് ഹിന്ദി നഹീ..നഹീ..

അടുക്കളയിൽ ചപ്പാത്തി കഴിക്കാൻ ഹിന്ദിയിൽ വിളിക്കുമ്പോൾ വീട്ടുജോലിക്കാരനായ രമണൻ (ഹരീശ്രീ അശോകൻ) ഞങ്ങൾ ചപ്പാത്തിയൊന്നും കഴിക്കാറില്ല, അതുകൊണ്ട് ഹിന്ദി അറിയാനും പാടില്ല എന്നു പറയുന്ന ഒരു രംഗം പഞ്ചാബി ഹൗസ് എന്ന ചിത്രത്തിലുണ്ട്. രമണന്റെ തമാശയിൽ പക്ഷെ ഒരു കാര്യമുണ്ട്. കാരണം ഇന്ത്യയുടെ വൈവിധ്യമായ സംസ്കാരങ്ങളുടെ ഭാഗമാണ് വ്യത്യസ്ഥ ഭാഷയും ഭക്ഷണവും ഉൾപ്പടെയുള്ളവ. മൂന്നുനേരം അരിയാഹാരം കഴിക്കുന്ന ശീലമല്ല ഉത്തരേന്ത്യയിലെ ഹിന്ദി ഭൂമി കൈയ്യിലുള്ളവരുടേത്. രാവിലെയും ഉച്ചക്കും വൈകീട്ടും ചപ്പാത്തി ശീലമാക്കിയവരാണ് അവരിൽ പലരും. എന്നാൽ മലയാളികൾ, അവർ പുറത്ത് ജീവിക്കുന്നവരാണെങ്കിലും ചോറും മാംസാഹാരവും കറിയും തോരനും പപ്പടവും കൂട്ടി ഉച്ചക്ക് സുഭിക്ഷണമായി ഉണ്ണുന്നത് പോലെ തന്നെയാവും രാത്രിയും ചില പ്രമേഹരോഗികളൊഴികെ മറ്റാരും കേരളത്തിൽ ചപ്പാത്തി ശീലമാക്കിയിട്ടില്ല. ഇത്തരത്തിൽ തീൻമേശയിലെ വൈവിധ്യം പോലെ തന്നെയാണ് ഭാഷാവൈവിധ്യവും. ഹിന്ദി ധേശീയഭാഷയാണെങ്കിലും ഉത്തരേന്ത്യക്ക് പുറത്ത് ഹിന്ദി രണ്ടാം ഭാഷയോ മൂന്നാം ഭാഷയോ ആണ്.

‘ഒരു രാജ്യം ഒരു ഭാഷ‘ എന്നത് കേന്ദ്രം ഭരിക്കുന്ന ഫാസിസ്റ്റു ഗവൺമെന്റ് മുദ്രാവാക്യത്തോട് പ്രതിപക്ഷത്തിനും ഹിന്ദിയിതര സംസ്ഥാനങ്ങൾക്കും മുൻപേ വിയോജിപ്പുണ്ട്. രാജ്യത്തെ ഒരുമിപ്പിക്കുന്ന ഒരു ഭാഷയുണ്ടാകേണ്ടത് ആവശ്യമാണെന്ന ഹിന്ദി ദിനാചരണ സന്ദേശത്തിന്റെ ഭാഗമായി പ്രമുഖപാർട്ടി അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ഒരു പ്രമുഖന്റെ ട്വീറ്റോടെയാണ് ഒരിക്കൽകൂടെ ഹിന്ദിഭാഷയെ ഈയടുത്തി ചർച്ചയായത്. തേനീച്ചക്കൂട്ടിൽ കല്ലിട്ടപോലെയെന്ന നാടൻ പഴഞ്ചൊല്ലിനെ അനുസ്മരിപ്പിക്കുന്ന വിധത്തിലാണ് അദ്ദേഹത്തിന് ട്വീറ്റിനോടുള്ള പ്രതികരണം ഉണ്ടായത്. കേരളം പശ്ചിമബംഗാൾ പോലുള്ള ഇതരകക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നിന്ന് പ്രതിഷേധം ഉണ്ടായതിന് പുറമെ ഭരണകക്ഷിയോ ഭരണ സഖ്യകക്ഷികളോ ഭരിക്കുന്ന തമിഴ്നാട്, കർണ്ണാടക പോലുള്ള സംസ്ഥാനങ്ങളിൽ നിന്നും എതിർപ്പുയർന്നു. ഒരു വേള രാജ്യവ്യാപകമായി ഹിന്ദി വിരുദ്ധ പ്രക്ഷോഭം പൊട്ടിപ്പുറപ്പെട്ടേക്കുമെന്ന സൂചനയും ഉണ്ടായി. തമിഴ്നാട്ടിൽ ഹിന്ദിയിലുള്ള ബോർഡുകൾ മായ്ച്ചുകളഞ്ഞും പ്രതിഷേധമുണ്ടായി. ഒടുവിൽ ഹിന്ദിഇതര ജനവിഭാഗങ്ങളെ സന്തോഷിപ്പിക്കാനായി തന്റെ ട്വീറ്റിൽ വിശദീകരണം നൽകിയ കേന്ദ്രമന്ത്രി ഹിന്ദി അടിച്ചേൽപ്പിക്കില്ലെ

ന്ന് പ്രഖ്യപിച്ചതോടെയാണ് രംഗം ശാന്തമായത്. അപ്പോഴും ഇപ്പോഴും നിലനിൽക്കുന്ന ആശങ്കയാണ് അനുകൂലമായ സാഹചര്യം ഒത്തുവന്നാൽ കേന്ദ്രസർക്കാർ ഹിന്ദി ഭാഷ അടിച്ചേൽപ്പിക്കുമെന്നുള്ളത്. ഫാസിസ്റ്റു സർക്കാർ വന്നതുമുതൽ തന്നെ കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക ഇടപെടലുകൾ ഏറെക്കുറെ ഹിന്ദിയിലാക്കി. മിക്ക കേന്ദ്ര സർക്കാർ എം.പി.മാരുടെയും കേന്ദ്രമന്ത്രിമാരുടെയും ഔദ്യോഗിക വസതികളുടെ നെയിം ബോർഡ് ഹിന്ദിയിൽ മാത്രമാക്കിയിട്ടുണ്ട്. ഒരു അഹിന്ദിക്കാരൻ ഡൽഹിയിലെത്തി കേന്ദ്രമന്ത്രിമാരുടെ വീടുകൾ അന്വേഷിച്ചാലാണ് അതിന്റെ ബുദ്ധിമുട്ട് അറിയൂ.

2001 ലെ സെൻസസ് അനപസരിച്ച് 43 ശതമാനം പേർമാത്രമാണ് ഹിന്ദി മാതൃഭാഷയെന്ന് പ്രഖ്യാപിച്ചത്. അതിനർത്ഥം ബാക്കിവരുന്ന 57 ശതമാനം പേരും ഹിന്ദി ഇതര ഭാഷയായിട്ടുള്ള ഭാഷകളാണ് തങ്ങളുടെ മാതൃഭാഷയായി പ്രഖ്യാപിച്ചവർ എന്നാണ്. ഇന്ത്യൻ ഭരണഘടന അംഗീകരിച്ച 23 ഭാഷയാണുള്ളത്. ഇതിന് പുറമെ നൂറുകണക്കിന് പ്രാദേശികഭാഷകളും ഉണ്ട്. ഹിന്ദിയും ഇംഗ്ലീഷുമാണ് ഭരണഭാഷയായി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ളത്. എന്നാൽ സംസ്ഥാനങ്ങൾ പ്രാദേശിക ഭാഷകളാണ് ഒന്നാം ഭാഷയാക്കിയത്. ഇത്തരം സാഹചര്യം നിലനിൽക്കെ ഹിന്ദി വിഷയത്തിൽ സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് മർക്കണ്ഡേയ കട്ജു നടത്തിയ നിരീക്ഷണം പ്രസക്തമാണ്.

1947 വരെ ഇന്ത്യയിൽ ഭൂരിഭാഗം സ്ഥലങ്ങളിലും ഹിന്ദു, സിഖ്, മുസ്ലിം, വ്യത്യാസമില്ലാതെ വിദ്യാസമ്പന്നർക്കിടയിലെ ഭാഷ ഉറുദുവാണ് നിലനിന്നിരുന്നത്. ഭർതേന്ദു ഹരിശ്ചന്ദ്ര ഉൾപ്പടെയുള്ള ഏജന്റുമാർ വഴി രാജ്യത്തെ ഭിന്നിപ്പിച്ചുഭരിക്കുവാൻ ബ്രിട്ടീഷുകാർ കൃത്രിമമായി ഉണ്ടാക്കിയെടുത്തതാണ് ഹിന്ദി. ഈ കൃത്രിമഭാഷ ഈ കൃത്രിമഭാഷ നിർമ്മിക്കാൻ ഹിന്ദി ഭ്രാന്തൻമാർ പൊതു ഉപയോഗത്തിലുണ്ടായിരുന്നപേർഷ്യൻ അറബിവാക്കുകളെ വിദ്വേഷകരമാക്കിമാറ്റി പകരം സംസ്കൃതവാക്കുകൾ ഉപയോഗിച്ചു. മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളതും പ്രചാരത്തിൽ ഇല്ലാത്തതുമായിരുന്നു ഇവ. കൃത്രിമമായി ഉണ്ടാക്കിയ ഹിന്ദി സാധാരണക്കാരന്റെ ഭാഷയും ഹിന്ദി സംസാരിക്കുന്ന ഹിന്ദി ബെൽറ്റിൽ പോലും യഥാർത്ഥ ഹിന്ദിക്ക് പകരം ഹിന്ദുസ്ഥാനി, ഖഢിബോലി തുടങ്ങിയവയായിരുന്നു. ഹിന്ദിയും ഹിന്ദുസ്ഥാനിയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ ഒരു ഉദാഹരണം പറയാം. ഉദർ ദേഖിയെ (അങ്ങോട്ടു നോക്കൂ.) എന്ന് നമ്മൾ പറയും. ഹിന്ദിയിൽ അതേസമയം 'ഉദർ അവലോകൻ കീജിയേ' എന്നും പറയുന്നു. സാധാരണക്കാരൻ ഒരിക്കലും അവലോകൻ എന്ന കട്ടിപ്രയോഗം പറയില്ല. എപ്പോഴും ദേഖിയെ എന്നേ ഉപയോഗിക്കുകയുള്ളു. കാരണം അവലോകൻ എന്നത് പിന്നീട് സംസ്കൃതത്തിൽ നിന്നും കൊണ്ടുവന്നതാണ്.







ഇത്തരത്തിൽ നൂറുകണക്കിന് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനാവും. ഈ ഹിന്ദി ഭ്രാന്തൻമാർ രാജ്യത്തിന്റെ രണ്ട് സാംസ്കാരിക ഭാഷകൾക്ക് (സംസ്കൃതവും ഉറുദുവും) വലിയനാശം വരുത്തിയിരിക്കുക

# കലയെ കൊല്ലുന്ന സമൂഹം



ഈയിടെ പത്രങ്ങളിലും മറ്റും വാർത്താമാധ്യമങ്ങളിലും ഉള്ള ചർച്ചാവിഷയമായിരുന്നു സാംസ്കാരിക നായകർക്കെതിരെയുള്ള രാജ്യദ്രോഹ കുറ്റം ആൾക്കൂട്ട കൊലപാതകങ്ങൾക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടതായിരുന്നുവത്രെ ഇവർ ചെയ്ത തെറ്റ്. ഇതിനെതിരെ സാഹിത്യ-കലാസാംസ്കാരിക രംഗത്തെ പ്രമുഖരായ അടൂർ ഗോപാലകൃഷ്ണൻ മണിരത്നം അപർണാസെൻ, രാമചന്ദ്രഗുഹ, അനുരാഗ്, കശ്യപ് തുടങ്ങി 49 പ്രമുഖർ ആണ് പ്രധാനമന്ത്രിക്ക് കത്തയച്ചതു. ഇതിനു ശേഷം ഇവർ അറിയപ്പെടുന്നത് രാജ്യദോഹികൾ

നമ്മുടെ നാട് മാറി, സമൂഹം മാറി അതോടെ ജനങ്ങളും രാജ്യവും രാജ്യപ്രതിനിധികളും അപ്പാടെ മാറി കത്തിലൂടെ പ്രമുഖർ ചൂണ്ടിക്കാട്ടിയത് രാജ്യസമത്വതങ്ങളും അതിലൂടെ പ്രധാനമന്ത്രിയുടെ ശ്രദ്ധേയമായ പ്രകടനത്തെ തള്ളാൻ ആവശ്യപ്പെടുന്നു

രാജ്യവും രാജ്യത്തിന്റെ ഭരണഘടനാരീതികൾക്കും ഒരു വിലയും കൽപ്പിക്കാത്ത വിധം രാജ്യം നശിക്കുന്നു ഇതൊരു തുടർക്കഥ. യുദ്ധങ്ങളല്ല സമാധാനമാണ് ജീവിത മുദ്രാവാക്യം എന്ന് പഠിപ്പിച്ചു രാജ്യനേതാക്കൾ അവരുടെ വാക്കുകൾ ഒന്നും തന്നെ ഇന്ന് വില മതിക്കാനാവുന്നില്ല എവിടെയും രാജ്യത്തിന്റെ ഏത് ഭാഗത്തും അഹിംസ നഷ്ടപ്പെട്ട് പകരം കൊല്ലലും കൊലവിളിയും മുദ്രാവാക്യങ്ങളും പരക്കുന്നു.

മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് നോക്കുകയാണെങ്കിൽ എല്ലാ പൗരരെയും അവരുടെ അവകാശകർത്തവ്യങ്ങളെയും ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രമാണ് ഇന്ത്യ. ജനങ്ങളുടെ ക്ഷേമത്തിനും ഐക്യത്തിനും മാത്രം ഊന്നൽ നൽകുന്നുണ്ടെങ്കിലും മാറി മാറി വരുന്ന ഭരണകൈമാ

റ്റവും പാർട്ടികളുടെ സേച്ഛാദിപത്യ മനോഭാവവും ഇന്ത്യയുടെ വികസനത്തിന് തന്നെ കോട്ടം തട്ടുന്ന രൂപത്തിലേക്ക് വഴി മാറിക്കൊണ്ടിരിക്കുന്നു. അധികാരത്തിനായി ന്യായീകരിച്ചത് കൊണ്ടോ പുതിയ നിലപാട് സ്വീകരിക്കുമെന്ന് ജനങ്ങൾക്ക് വാഗ്ധാനം നൽകിയത് കൊണ്ടോ മാത്രം ഒന്നും ആവുന്നില്ല. ജാതി-മത-വർഗ-ഭാഷാ വ്യത്യാസമില്ലാതെ ലോകസമാധാനത്തിനായി സമാധാനസഹവർത്തിത്വത്തോടെ ജീവിക്കാൻ ഇന്ത്യൻ മുൻകാല നേതാക്കൾ നമ്മെ പഠിപ്പിച്ചു.

ബ്രിട്ടീഷ് അധീനതയിലായിരുന്ന ഇന്ത്യയെ നിസ്സഹകരണ പ്രസ്ഥാനത്തിലൂടെയും അഹിംസാത്മക സമീപനത്തിലൂടെയും സ്വാതന്ത്ര്യം എന്ന പദവിക്ക് കീഴിൽ നിലനിർത്താനും പിന്നീടുള്ള ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പോക്കിനെ ആദ്യമേ തന്നെ ദീർഘവീക്ഷണം നടത്തിക്കൊണ്ട് നിശ്ചിത അനുച്ഛേദങ്ങൾ പ്രകാരവും അവകാശ-കർത്തവ്യങ്ങളാലും ഭരണഘടനയിൽ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്

ലോക രാഷ്ട്രീയത്തെക്കുറിച്ച് വായിക്കുമ്പോൾ ഇടക്കിടെ ഉയർന്ന് വരാറുള്ള 2 പദങ്ങളാണ് സുരക്ഷിതത്വം അല്ലെങ്കിൽ ദേശീയ സുരക്ഷ. ഏതൊരു രാജ്യത്തിന്റെയും വികസനത്തിന് സുരക്ഷ അനിവാര്യമാണ് അങ്ങേയറ്റം പ്രാധാന്യമുള്ളതും. എന്നാൽ തുറന്ന ചർച്ചക്ക് വിധേയമാക്കാൻ പാടില്ലാത്തതുമായ ഘടകമാണ് സുരക്ഷ. എന്നാൽ ഇന്ന് മനുഷ്യന്റെ നിലനിൽപ്പിനും രാജ്യത്തിന്റെ ആയുസ്സിനുമെല്ലാം നിരന്തരം ഭീഷണികൾ നേരിട്ടുക്കൊണ്ടിരിക്കുന്നു. രാഷ്ട്രീയകാരണങ്ങളാൽ തന്നെ ഭീഷണമായ ഒരു ലോക സാഹചര്യവും ആഭ്യന്തരമായ അവസ്ഥയും ഇപ്പോൾ നിലപിച്ചുണ്ട്.

ഇന്ത്യൻ അധികാരത്തിനായി മാറി മാറി പാർട്ടികളുടെ മുന്നേറ്റം വരുമ്പോൾ തങ്ങളുടെ ഭരണ നടപടികൾ എല്ലാം തന്നെ സമൂഹനന്മക്കാണോ എന്നവർ ചിന്തിക്കുന്നില്ല. കൂട്ടക്കൊലകളും പീഡനവും ലഹരിയായും ഇന്ത്യൻ രാഷ്ട്രത്തിന്റെ പ്രതിച്ഛായ തന്നെ ഊതിക്കെടുത്തുന്ന പ്രവർത്തികളാണ് നാം നിരന്തരം കണ്ടുകൊണ്ടിരിക്കുന്നത്.



എന്ത്കൊണ്ട് ഇന്ത്യ സ്വന്തം ലാഭത്തിൽ നിക്ഷാപ്തമായ പ്രവർത്തിയിലേക്ക് മാറുന്നു? മനുഷ്യാവകാശങ്ങളെ ലംഘിക്കുന്നതിൽ നിന്നും ആഭ്യന്തരമായ പ്രശ്നങ്ങളിൽ നിന്നും അതിർത്തി സംഘർഷങ്ങളിൽ നിന്നും നാം ഇനി മാറി ചിന്തിക്കേണ്ട സമയം അടുത്തിരിക്കുന്നു. കൂടാതെ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ഒരു പരിഹാരം കാണേണ്ടതുണ്ട് മുൻകാല നേതാക്കൾ ഇന്ത്യയുടെ പുറംച്ചട്ടക്ക് ഒരു വിള്ളലേൽപ്പിക്കാതെ മതേതരത്വത്തിനോ വൈവിധ്യങ്ങൾക്കോ ഒരു മാറ്റവും സംഭവിപ്പിക്കാതെ ഭരണകാര്യത്തിൽ ജനക്ഷേമം കൈവരിച്ചവരായിരുന്നു. അതേ രീതിയിൽ തന്നെ ഇന്ത്യൻ പ്രതിച്ഛായക്ക് മങ്ങലുപോലുമേൽപ്പിക്കാതെ ഒരു തണലായി നമുക്ക് നിലനിർത്താം. കൈകോർക്കാം....



# പരിവർത്തനം

കുറിച്ചിടുന്നോരോ ദിവസത്തിന്റെയും മാറ്റം
കാണികളേ കാണൂ ഈ ലോകത്തിന്റെ മാറ്റം
സമൃതിതൻ താഴ്‌വാരങ്ങളിൽ നിന്നും
ഇരുട്ടറകളിലേക്ക് ഒഴുകിയണയുന്നു.
അക്കാലത്തെ പാടവും താഴ്‌വാരങ്ങളും
ഇക്കാലത്തെ പണപ്രതാപകെട്ടിടങ്ങളും
കൊഴിഞ്ഞ കാലത്തെ അധ്വാന തൊഴിലുകൾ
വരും കാലത്തെ പണ വ്യാപാര തൊഴിലുകൾ
സംസ്കാരത്തിന്റെ മാറ്റങ്ങളിതാ
കൺമുന്നിൽ കാണുന്നു.
മാനവനാൽ നാശം വിതച്ച
നമ്മുടെ ഈ നാട്ടിൽ
ജീവജാലങ്ങൾക്കുപോലും
അസ്വസ്ഥമാം ഈ ഭൂമി
ജീവിക്കാനിനിയൊരു മാർഗ്ഗം മാത്രം.
മാറ്റമേ... ഇന്നത്തെ മാറ്റം
മനുഷ്യ സമൂഹമേ നീ കാണുന്നില്ലേ
നമ്മുടെ മണ്ണിന്റെ ദയനീയമാം രോദനം
ജനങ്ങളേ.... ചിന്തിക്കൂ
മാറ്റങ്ങളേ.... ശ്രദ്ധിക്കൂ



# മണ്ണും മനുഷ്യനും

കേരളത്തിൽ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി ജീവിതം മാറ്റിവെച്ച ശ്രീ കല്ലേൽ പൊക്കുടൻ എന്ന സാധു മനുഷ്യനെ നാം മറന്നുകൂടാ.

മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നാം ഇനിയും പഠിക്കേണ്ടതുണ്ട്. തുടക്കം മുതൽ അവസാനം വരെ മണ്ണിനോടു ബന്ധപ്പെട്ടതാണ് നമ്മുടെ ജീവിതം.

മണ്ണിൽ പിച്ചവച്ച് നടന്നും മണ്ണിൽ വിളഞ്ഞത് ഭക്ഷിച്ചും അവസാനം മണ്ണിലേക്കു തന്നെ മടങ്ങുന്ന അവസ്ഥയാണു നമുക്കുള്ളത്.

മണ്ണിൽ പണിയെടുക്കാനും മണ്ണിലൂടെ നടക്കാനും നമുക്ക് മടി തോന്നിത്തുടങ്ങിയത് എപ്പോഴാണ് ? ആവശ്യമില്ലാത്തത് വലിച്ചെറിയാനുള്ള ഒരിടമായാണ് ഇന്നും നാം മണ്ണിനെ കാണുന്നത്. മണ്ണിനെ സംരക്ഷിക്കുന്നതിലൂടെ ജീവനെ തന്നെയാണ് നാം സംരക്ഷിക്കുന്നത്. വളക്കൂറുള്ള മണ്ണിലേ നല്ല വിളവ് ലഭിക്കൂ. മണ്ണ് വളക്കൂറുള്ളതാക്കാൻ അതിലെ ചെറുജീവികൾക്കേ കഴിയൂ.

കാലാവസ്ഥ വ്യതിയാനവും വന നശീകരണവും രാസവള കീടനാശിനികളുടെ ഉപയോഗവും മണ്ണിനെ നശിപ്പിക്കുകയും കാർഷിക ആവാസവ്യവസ്ഥയെ തകർക്കുകയും ചെയ്യും.

നാം പഠിച്ച ഒരു പഴംചൊല്ല് ഓർത്തുപോകുകയാണ് മണ്ണറിഞ്ഞ് കൃഷി ചെയ്താൽ കിണ്ണം നിറയെ ചോറുണ്ണാം. പഴം ചൊല്ലിൽ മാറ്റമില്ലെങ്കിലും മണ്ണാകെ മാറിയിരിക്കുന്നു. വിഷം കലർന്ന മണ്ണിൽ നിന്നും വിഷം കലർന്നതേ ലഭിക്കൂ. മനുഷ്യന്റെ ആർത്തി മണ്ണിനെ നശിപ്പിക്കുന്ന ഈ വേളയിൽ ജൈവഘടന നിലനിർത്താൻ നമുക്കാവുന്നത് ചെയ്യേണ്ടതുണ്ട്. പുല്ലും മരങ്ങൾ വച്ചു പിടിപ്പിച്ചും മണ്ണൊലിപ്പ് തടഞ്ഞും പാഴ്‌വസ്തുക്കൾ മണ്ണിലേക്കെറിയാതെയും മറ്റുള്ളവരെ ബോധവൽക്കരിച്ചും നമുക്കതിൽ പങ്കാളികളാവാം. ഭൂമിക്കൊരു ചരമഗീതം രചിച്ച ഒ.എൻ വിയും

കാടെവിടെ മക്കളെ
മേടെവിടെ മക്കളേ
കാട്ടുപുൽത്തകിടിയുടെ
വേരെവിടെ മക്കളേ

എന്നും ചോദിച്ച കടമ്മനിട്ടയും നമുക്ക് മുമ്പിൽ വച്ചത് വലിയ ഒരു ചോദ്യചിഹ്നമാണ്.

നമുക്ക് മുമ്പുള്ളവർ ഈ ഭൂമി നമുക്കായി കാത്തുവച്ചതു പോലെ, വരും തലമുറക്കായി നാമും ഈ മണ്ണു കാത്തുവയ്ക്കാം എന്നു പറഞ്ഞുകൊണ്ട് ഞാനവസാനിപ്പിക്കട്ടെ നിങ്ങൾക്കേവർക്കും ഹൃദയം നിറഞ്ഞ നന്ദി.

# കേരളീയ സംസ്കാരവും, മാറ്റങ്ങളും




770 കോടിയിലധികം മനുഷ്യർ ജീവിക്കുന്ന ഭൂമിയുടെ എല്ലാ മേഘലകളിലും മാറ്റങ്ങൾ ദിവസംതോറും സംഭവിച്ചുകൊണ്ടിരിക്കുന്നു. സാങ്കേതിക, സാംസ്കാരിക, സാമ്പത്തിക മേഖലകൾ തുടങ്ങി ഒരു വ്യക്തിയുടെ വ്യക്തിത്വത്തിൽ തന്നെ മാറ്റങ്ങൾ സംഭവിക്കുന്നു. ഓരോ ദേശത്തിനും അല്ലെങ്കിൽ ഓരോ പ്രദേശത്തിനും അതിന്റേതായ സംസ്കാരമുണ്ട്. ഓരോ ജനതയ്ക്കും അവരുടേതായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉൾകൊള്ളുന്ന സംസ്കാരമുണ്ട്. ഏറ്റവും നല്ല സംസ്കാരം നിലനിന്നിരുന്ന സംസ്ഥാനമാണ് കേരളം. യുഗങ്ങളിലെ മാറ്റം പോലെ തന്നെ തികച്ചും പാശ്ചാത്യ സംസ്കാരത്തോട് അനുഭവം പുലർത്തുന്ന സംസ്കാരമാണ് നമുക്കുള്ളത്. നമ്മുടെ സംസ്കാരം പരിവർത്തനം ചെയ്യപ്പെട്ടു. നല്ലതും അത്ര നല്ലതല്ലാത്തതുമായ മാറ്റങ്ങളും കേരളീയ സംസ്കാരത്തിന് വന്നിട്ടുണ്ട്.

ഓരോ സംസ്കാരത്തിലും ഭാഷയ്ക്ക് വളരെയധികം സ്വാധീനമുണ്ട്. ഇന്ന് ആശയവിനിമയവും വിദ്യാഭ്യാസവുമെല്ലാം കേരളീയർ ആംഗലേയ ഭാഷയിലേക്ക് പറിച്ചുനടപ്പെട്ടു. വിദ്യാഭ്യാസമെന്നത് കേട്ടുകേൾവിപോലുമില്ലാതിരുന്ന സ്വപ്നം കാണാൻ പോലും കഴിയാതിരുന്ന ഒരു കാലത്ത് നിന്ന് ഇന്ത്യയിലെ ഏറ്റവും സാക്ഷരതയുള്ള സംസ്ഥാനമായി കേരളം മാറി. അതോടൊപ്പം തന്നെ കേരളീയർ മാതൃഭാഷയും മറന്നു. മലയാളികൾ ഇന്ന് മാതൃഭാഷ സംസാരിക്കുന്നത് തീർത്തും അവഞ്ജയോട കാണുന്നു. മലയാള പദങ്ങൾ കൃത്യമായി ഉച്ഛരിക്കാൻ മലയാളിക്ക് സാധ്യമല്ല. ആംഗലേയ ഭാഷയോടുള്ള അധിനിവേശം മൂലം ആംഗലേയ സംസ്കാരവും കേരളീയ സംസ്കാരത്തിൽ കണ്ടുവരുന്നു.

കൂട്ടുകുടുംബത്തിൽ നിന്ന് മലയാളി കുടുംബങ്ങൾ മൈക്രോ കുടുംബങ്ങളിലേക്ക് മാറി. മലയാളികൾ ഇന്ന് സ്വാർത്ഥരായി മാറി. അണുകുടുംബങ്ങളിലേക്കുള്ള മാറ്റം മൂലം കേരളത്തിൽ നിലനിന്നിരുന്ന സം

സ്കാരത്തിന് കോട്ടം തട്ടിയിരിക്കുന്നു. കൂട്ടുകുടുംബത്തിലായിരുന്നപ്പോൾ വൃദ്ധർക്കും കുട്ടികൾക്കുമെല്ലാം കിട്ടിയിരുന്ന പരിരക്ഷയും സുരക്ഷയും ഇപ്പോൾകിട്ടുന്നില്ല. അതുകൊണ്ടുതന്നെ പിഞ്ചുകുഞ്ഞുങ്ങൾ വരെ ബലാൽസംഘത്തിന് ഇരയാകുന്നു. കൂടാതെ കൊലപാതകങ്ങളും ആത്മഹത്യകളും സമൂഹത്തിൽ അധികരിക്കുന്നു.

ആധുനിക സംസ്കാരങ്ങളോടുള്ള താൽപര്യം മൂലം കേരളീയരുടെ കാഴ്ച്ചപ്പാടുകളും മാറി. മലയാളികളും ആഗോളവൽക്കരിക്കപ്പെട്ടു. അതിലേറ്റവും പ്രധാനപ്പെട്ട മാറ്റങ്ങളാണ് മലയാളികളുടെ ഭക്ഷണരീതികളും വസ്ത്രരീതികളും. സ്വയം അധ്വാനിച്ച് കൃഷി ചെയ്ത് അന്നം കണ്ടെത്തിയിരുന്ന മലയാളി ഇന്ന് പാക്കറ്റ് ഭക്ഷണപദാർത്ഥങ്ങൾക്ക് പ്രാധാന്യം നൽകുന്നു. സ്വന്തം അടുക്കളിയിൽ നിന്ന് കിട്ടിയിരുന്ന രുചി മലയാളി മറന്നു തുടങ്ങിയിരിക്കുന്നു. രാസപദാർത്ഥങ്ങൾ നിറഞ്ഞ ഭക്ഷണപദാർത്ഥങ്ങൾ കേടാണെന്നറിഞ്ഞിട്ടും മലയാളി കഴിക്കുന്നു. വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന പാശ്ചാത്യ രീതിയിലുള്ള വസ്ത്രങ്ങളോടാണ് ഇന്ന് മലയാളികൾക്ക് കൂടുതലിഷ്ടം.

മലയാളികൾക്ക് ഇന്ന് പണം സമ്പാദിക്കുക എന്നത് വളരെ വലിയ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. അതിന് വിദേശ രാജ്യങ്ങളിലേക്ക് ചേക്കേറാനും അവിടുത്തെ സംസ്കാരത്തിൽ ജീവിക്കാനും താൽപര്യപ്പെടുന്നു. പണ്ട് മലയാളി കുട്ടികളിൽ കണ്ടിരുന്ന അനുസരണയും അച്ചടക്കവുമൊന്നും ഇന്ന് കാണുന്നില്ല. ആരോഗ്യകരമായ ബന്ധം മാതാപിതാക്കൾക്കും കുട്ടികൾക്കും ഇടയിലില്ല. മലയാളി കൗമാരക്കാർ കള്ളിനും കഞ്ചാവിനും അടിമപ്പെടുന്നത് സംസ്കാരിക മാറ്റം മൂലമാണ്. മലയാളികൾക്ക് ആഡംബര ജീവിതമാണ് താൽപര്യം. അസ്ഥിത്വത്ത്വമില്ലാത്ത വ്യക്തിത്വമുണ്ടാക്കാൻ ശ്രമിക്കുന്ന യുവത്വമാണ് നമുക്കുള്ളത്. മലയാളിക്ക് ഇന്ന് സ്വന്തം ക്ഷേമത്തിനോടാണ് താൽപര്യം.

കൃഷിയെ ജീവിതമാർഗമായി കണ്ടിരുന്ന മലയാളി സമൂഹ ഇന്ന് സാങ്കേരികവൽക്കരിക്കപ്പെട്ടും അതോടെ പൂർണ്ണമായി സംസ്കാരത്തിലും മാറ്റം വന്നു. പണ്ട് നെല്ല് മുഖ്യവിളയായി കൃഷി ചെയ്തിരുന്ന മലയാളി റബ്ബർ, പോലുള്ള വാണിജ്യവിളകൾക്ക് പ്രാധാന്യം നൽകി. ഇന്ന് മലയാളികൾ അവശ്യഭക്ഷണസാധനങ്ങൾ പോലും അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ട അവസ്ഥവന്നു. അതിലേറെ കൃഷിയേക്കാൾ പ്രാധാന്യം കോൺക്രീറ്റ് കെട്ടിടങ്ങൾക്കും നൽകുന്നു.





# പുഴയൊഴുകും വഴി

ആദിയിൽ ഞാനൊരു പുഴയായിരുന്നു.
കൽപവൃക്ഷങ്ങൾക്കിടയിലൂടെ ഞാൻ
ആർദ്രമായൊഴുകി
വേറിട്ട കാഴ്ച്ചകൾ കണ്ടു.
അർദ്ധ നഗ്നയായ് ദുഃഖത്തിൻ
ചിതാഭസ്മമേന്തിയൊഴുകിയവൾ
പുഞ്ചിരിക്കാതെ
പിന്തിരിഞ്ഞു നോക്കാതെയകന്നു
ഞാൻ വീണ്ടുമൊഴുകി
വേദനകൾ കടിച്ചമർത്തി
അന്തിയാമങ്ങളെനിക്കു
നിലാവിന്റെ നീലവർണ്ണം നൽകി
എന്നിൽ തെളിയാത്ത
നിഗൂഢതകൾ നൽകി
ഞാനെന്നെയറിഞ്ഞില്ല
എന്നിലലിഞ്ഞ ഓളങ്ങളെയറിഞ്ഞില്ല.
വീണ്ടുമൊഴുകിയാർദ്രമായ്
എനിക്ക് പുഞ്ചിരി നൽകി
എന്നിലൂടെ തോണികളൊഴുകി
തോണിയിലെ പുഞ്ചിരിയിലൊന്നിനെ
ഞാനെന്റെ മാറോടടുപ്പിച്ചു.
അട്ടഹസിച്ചു ഞാൻ ജീവനെടുത്തു
എന്നെ കാണുവാനെത്തി
അയാളുടെ നെഞ്ചിലെ കനലുകൾ
നിശ്വാസമായെനിക്കു നേദിച്ചു മടങ്ങി
ഞാനൊഴുകി വീണ്ടുമാർദ്രമായ്
കുടിച്ചു കൂത്താടിക്കൊണ്ടെത്തി
നാൽകാലിയെ പോലെവരും
നാവിൽ വഴങ്ങാത്ത വരകൾക്ക്
ഈണമില്ലാത്ത മുരമ്പലും ചേർത്ത്
പാട്ടുകൾ പാടിയെന്റെ
തീരത്തിൽ ശയ്യയിൽ മലർന്നു
പ്രതികരിക്കാതെ വീണ്ടുമൊഴുകി
ഞാനാർദ്രമായ്
ലോറികൾ ഇരമ്പലോടെന്റെ
തീരത്തു വന്നുനിരന്നു.
ലോറിയുടെ മുഖമെന്നെ പേടിപ്പെടുത്തി
വിഷജ്വരത്തെപ്പോലെ
കാർന്നു തിന്നുവെന്റെ
ഹൃദയത്തെപ്പോലും
ഞാൻ കണ്ണടച്ചു; എന്റെ ശ്വാസം നിലച്ചു.
ഞാനൊഴുകിയാർദ്രമായ്
വെറുമൊരു നീർച്ചാലായ്....




# കാടിന്റെ മകൻ

ദൈവത്തിന്റെ സ്വന്തം നാടായ ന മ്മുടെ

കേരളത്തിൽ കാരുണ്യത്തിന്റെ ഉറവ വറ്റിയോ എന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മനുഷ്യ മനസ്സാക്ഷിയെ മരവിപ്പിക്കുന്ന വാർത്തകൾ നമ്മുടെ കർണപുടങ്ങളെ കീഴടക്കി കഴിഞ്ഞിരിക്കുന്നു.

വിശപ്പിന്റെ കാഠിന്യം മൂലം മരണത്തിന് കീഴടങ്ങേണ്ടിവന്ന മധുവിന്റെ ചിത്രം മലയാളി മനസ്സുകൾക്ക് തീരാ വേദനയാണ്. ജീവിത ശൈലികൊണ്ട് പുരോഗമന പാതയിലാണെങ്കിലും മനസ്സുകൾ ഇന്നും പഴയ നിലവറകളിൽ തന്നെയാണ് എന്ന് ചൂണ്ടിക്കാണിക്കുന്ന സംഭവമാണിത്.

'ഇല്ല മറന്നുകാണില്ല മലയാളികൾ മധുവെന്ന ആദിവാസി യുവാവിനെ...'

അട്ടപ്പാടിയിൽ താമസിക്കുന്ന 27 കാരനായ മധുവെന്ന യുവാവ് കള്ളനെന്നാരോപിക്കപ്പെട്ട് ക്രൂരമർദ്ദനത്തിനിരയായി കൊല്ലപ്പെട്ട സംഭവം നടന്നിട്ട് ഏറെ കാലമായിട്ടില്ല. ഒരു നേരത്തെ അന്നത്തിന് വേണ്ടി ചെയ്ത ചെറിയ തെറ്റിന് നമ്മൾ മലയാളികൾ അവനു വിധിച്ചത് മരണമാണ്.

അരിമോഷ്ടിച്ചതിന്റെ പേരിയാണ് മനുഷ്യനെന്ന് വിളിക്കാൻ സാധ്യമല്ലാത്ത ഒരു കൂട്ടമാളുകൾ മനോരോഗി കൂടിയായ മധുവിനെ ഒരു ദയയുമില്ലാതെ മരണത്തിന്



വിട്ടുകൊടുത്തത്.

സെൽഫിയെടുത്തും, ഫേസ്ബുക്കിൽ പോസ്റ്റിട്ടും നിൽക്കുന്ന ഒരുവനും തോന്നിയിട്ടില്ല അവനെയൊന്ന് മനസ്സിലാക്കാൻ. ഒരു പക്ഷേ 'വിശപ്പ്' എന്താണെന്നറിയാത്തത് കൊണ്ടാകാമത്. ചോദിക്കാനും പറയാനും ആളില്ലാത്തതും സൗന്ദര്യമില്ലാത്തതും, പണമില്ലാത്തതും ഒരാധിവാസിയായതുമൊക്കെയാകാം ആൾക്കൂട്ടം അവനിൽ കണ്ട വലിയ തെറ്റ് അതിനാൽ ശിക്ഷ നടപ്പാക്കുകയും ചെയ്തു.

'വിശക്കുന്നു, അൽപ്പം വെള്ളമെങ്കിലും തരുമോ' എന്ന മധുവിന്റെ അപേക്ഷപോലും ചെവികൊള്ളാതെ പാകുമാറ് അധഃപതിച്ചിരിക്കുന്നു സമൂഹം.

വിശപ്പെന്താണെന്നുള്ള സത്യം അറിയാത്തിടത്തോളം കാലം മധുവിനെ ഉൾക്കൊള്ളാൻ മലയാളിക്കാകില്ല. പിന്നീട് സാമൂഹ്യ മാധ്യമങ്ങൾ മുഖേന അവനുവേണ്ടി അലമുറയിടുന്നവരെയും, അവനെ സഹോദരനാക്കിയവരെയും കണ്ടു നമ്മൾ.

ഒന്നുപറയട്ടേ, ഇപ്പോഴുമുണ്ട് ഒരുപാട് മധുമാർ... ജീവിച്ചിരിക്കുമ്പോൾ ചേർത്തുപിടിക്കണമവരെ... അതിനായി മനുഷ്യമനസ്സാക്ഷി ഉണർന്നേ മതിയാകൂ... ഇനിയൊരു മധുവും പിറവികൊള്ളാതിരിക്കാൻ...

ചീൃമ ഠവമിശ അ.


നീ
ബന്ധിപ്പിക്കാൻ
ബാക്കിയാക്കിയ
രേഖകൾ



# ചരിത്രത്തെ വളച്ചൊടിക്കുമ്പോൾ

ചരിത്രത്തെ വക്രതയില്ലാതെ പൊതുബോധത്തിൽ നിലനിർത്താൻ എന്തു ചെയ്യണമെന്നത് പ്രധാന കാര്യമാണ്. അതിന് ശരിയോടെയുള്ള വസ്തുതകൾ ആവർത്തിച്ചും പറഞ്ഞുകൊണ്ടിരിക്കണം. അർദ്ധ സത്യങ്ങളും പച്ചക്കള്ളങ്ങളും പല ആവർത്തി പറഞ്ഞ് പുതിയ ചരിത്രത്തെ സ്ഥാപിക്കുകയാണ് നമ്മുടെ നാട്. ദേശീയതയും സ്വാതന്ത്ര സമര പോരാട്ടങ്ങളുമെല്ലാം ഇന്ന് വളച്ചൊടിക്കലിന് വിധേയമാവുകയാണ്. ഗാന്ധിസത്തെ കൊന്നുകൊണ്ട് ഫാസിസത്തിനു വേരുകൾ നൽകുന്ന ഭരണകൂട നയങ്ങൾ നമുക്കിടയിൽ ചരിത്രത്തെ ഇല്ലായ്മ ചെയ്യാനുള്ള വലിയൊരു പ്രവണതയെയാണ് ചൂണ്ടിക്കാണിക്കുന്നത്.

കാലഘട്ടങ്ങൾക്കനുസൃതമായി നിലപാടുകളും സ്വരങ്ങളും ഭരണകൂട ഭീകരതയുമെല്ലാം മാറിക്കൊണ്ടിരിക്കുകയാണ്. ചരിത്രത്തെ വികൃതമാക്കുക എന്ന കപടമുഖത്തെ നാം തിരിച്ചറിയണം. കോടികളുടെ പ്രതിമകളും ഭാരതരത്ന പുരസ്കാരം നൽകണമെന്ന വാദവും രാജ്യത്തിന്റെ വലിയൊരു വിഭാഗം ജനങ്ങളിൽ എതിർപ്പുകൾ സൃഷ്ടിച്ചു. തെരഞ്ഞെടുപ്പുകളിൽ മത വോട്ടുകൾ ഭരണം നിയന്ത്രിക്കുമ്പോൾ നഷ്ടമാകുന്നത് നമ്മുടെ സെക്കുലറിസം എന്ന മൂല്യമാണ്. ഏകാധിപത്യം സെക്കുലറിസത്തെ വിഴുങ്ങുമ്പോൾ നമ്മുടെ നാട് പോയിക്കൊണ്ടിരിക്കുന്നത് വലിയൊരു നാശത്തിലേക്കാണ്. ജാതിയുടേയും വർണത്തിന്റേയും തരം തിരിക്കലുകൾക്ക് നമ്മുടെ നാട് വീണ്ടും വേദിയാവാൻ പോവുകയാണ് എന്ന സത്യം നാം ഏവരും മനസ്സിലാക്കി കഴിഞ്ഞതാണ്.

ചരിത്രം വളച്ചൊടിക്കുമ്പോൾ ചാരിത്ര്യത്തേയും പരിശോധിക്കേണ്ടത് ഇന്നിന്റെ രാഷ്ട്രീയ നേർക്കാഴ്ചകൾക്കനുസരിച്ച് നാം മനസ്സിലാക്കണം. ചരിത്രവും ചാരിത്ര്യവും രണ്ടാണെന്ന ബോധം ജന മനസ്സുകളിൽ ഉണ്ടെങ്കിൽ മാത്രമേ പലമുഖങ്ങളും പകൽവെളിച്ചത്തു പോലും തിരിച്ചറിയാനാവൂ.

കപട രാഷ്ട്രീയ ബോധങ്ങൾ അങ്ങു തകർക്കുമ്പോൾ ബയോപ്പിക്ക് സിനിമകളും അവയ്ക്ക് ചുക്കാൻ പിടിക്കുന്നു. ചരിത്രത്തേയും അവയുടെ രാഷ്ട്രീയ ചരിത്രത്തേയും നുണകൾക്ക് വിധേയമാക്കിക്കൊണ്ട് ചരിത്രാധിഷ്ഠിതം എന്നു പേരു നൽകി വിൽക്കപ്പെടുന്ന കപട ബയോപ്പിക്കുകളും രാഷ്ട്രീയ സാംസ്കാരിക സാമൂഹിക ചരിത്രത്തെ ഇല്ലായ്മ ചെയ്യുകയാണ്.

HISTORY IS A SET OF LIFE AGREED upon
(Nepolean)

നെപ്പോളിയൻ പറഞ്ഞ ഈ വാക്കുകളിലാണ് നമ്മുടെ നവ ഇന്ത്യ നടന്നു നീങ്ങിക്കൊണ്ടിരിക്കുന്നത്. മാറുന്ന ചരിത്രത്തെക്കാൾ മാറ്റുന്ന ചരിത്രമാണുള്ളത്. വരും കാലങ്ങളിൽ ഈ കറുത്തകരങ്ങളെ പാടെ തുടച്ചു നീക്കിക്കൊണ്ട് വേണം നമുക്ക് ജനാധിപത്യത്തിന്റെ വിത്തുകൾ പാകാൻ. അവ ഇനിയും ചെയ്തില്ലെങ്കിൽ കലഹിക്കപ്പെടുന്ന ജനങ്ങളുടെ ശബ്ദങ്ങളായി മാറും നമ്മു

**സുരാജ് കാളത്തിങ്ങൽ**
**MA 1ST SEM**



# നാനാത്വത്തിൽ ഏകത്വം !

ഒരൊറ്റ ഭാഷ... ഒരൊറ്റ ജനത.... എന്ന വികാരത്തിലേക്ക് ഇന്ത്യൻ ജനങ്ങളുടെ വികാരത്തിനും ഐക്യത്തിനും എതിരായി ഭരണകൂട വ്യവസ്ഥ നീങ്ങുന്നതിന്റെ ഭൂഷ്യ ഫലങ്ങളും മറ്റും പൊതുജനം തിരിച്ചറിയേണ്ട, മതേതര ജനവിഭാഗം തിരിച്ചറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

രാജ്യത്ത് വേണ്ടത് ഏകീകൃത ഭാഷയാണോ അതോ രാജ്യത്തെ പൗരന്മാരുടെ ഭരണഘടന ഉറപ്പ് നൽകുന്ന ജീവിക്കാനുള്ള അവകാശമാണോ ? രാജ്യം കടുത്ത ആഭ്യന്തര പ്രശ്നങ്ങളിലേക്ക് അടിവെച്ച് അടിവെച്ച് നീങ്ങുമ്പോൾ അതിന് ആക്കം കൂട്ടാൻ ഭാഷ ഏകീകരണവും, പൗരന്മാരുടെ ഐക്യവും അഖണ്ഡതയും നശിപ്പിക്കാൻ മറ്റെന്തു വേണം.

സ്വാതന്ത്ര്യാനന്തരം മുതൽ തന്നെ ഇന്ത്യയിൽ ഭാഷ കാരണമായി പ്രശ്നങ്ങൾ ആരംഭിക്കുന്നു. നാനാത്വത്തിൽ ഏകത്വം പുലർത്തുന്ന ഇന്ത്യ വ്യത്യസ്ഥ ജാതികൾ, വ്യത്യസ്ഥ മതങ്ങൾ ഇവയെല്ലാം ഏകീകരിച്ച് ഇന്ത്യയിൽ ഒരു ഏക ഭാഷകൊണ്ട് വരാൻ ശ്രമിച്ച ഭരണകൂടത്തിനെതിരെ രാജ്യം ആളിക്കത്തി.

ദ്രാവിഡ വംശമായിരുന്നു ഹിന്ദി ഭാഷ ഏകീകരണത്തിനെരിതെ വലിയ കോലാഹലങ്ങൾ സൃഷ്ട്ടിച്ച സമൂഹം. തമിഴ് ഭാഷയാണ് ഏറ്റവും മികച്ചതും ശ്രേഷ്ഠവുമായ ഭാഷയെന്നും വാദിച്ച് തമിഴ്നാട്ടിൽ പ്രക്ഷോഭങ്ങൾ ഉയർന്നു. ആര്യഭാഷ ഏകീകരണത്തിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പ്രക്ഷോഭങ്ങൾ ആളിപ്പടർന്നു.

ചുരുക്കത്തിൽ രാജ്യത്ത് ഏകീകൃത ഭാഷ സമ്പ്രദായം കൊണ്ട് വരുന്നതിൽ ഔചിത്യമില്ല. രാജ്യം വൈവിധ്യമാണ്... രാജ്യം ഒരു വംശീയ മ്യൂസിയമാണ് രാജ്യത്ത് ഏകീകൃത ഭാഷ സമ്പ്രദായം അപ്രസക്തമാണ്.

**മുഹമ്മദ് ജസീം പി.**
**a th sem**



# ജനാധിപത്യത്തിന്റെ മരണമണി

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണ് ഇന്ത്യ. ആഗസ്റ്റ് 6 ലെ പുലരി ഇന്ത്യൻ ജനാധിപത്യത്തിന്റെ അസ്തമയ സൂജനയാണോ എന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു.

ഇന്ത്യയെ പോലൊരു രാജ്യത്തെ സംബന്ധിച്ച് പരമാധികാരം ജനങ്ങളിൽ നിക്ഷ്പ്തം ആണ്. പക്ഷേ, ഈ ഇടയായി ഇന്ത്യൻ ജനാധിപത്യം ആധികാര മാർഗങ്ങളാൽ തൂക്കിലേറ്റപ്പെടുകയാണ്. അതിന്റെ മുന്നോടിയാണ് വകുപ്പ് 370 റദ്ദാക്കിയതും ജമ്മുകാഷ്മീരിന്റെ വിഭജനവും. അതായത് ഏകാതിപത്ത്യത്തിലേക്കുള്ള ആദ്യ ചുവടുപടിയാണ് കാശ്മീരിന്റെ വിഭജനം. ഇന്ത്യയെ സംബന്ധിച്ച് ജമ്മുകാശ്മീർ തന്ത്രപ്രധാനമായ സംസ്ഥാനമാണ്. നൂറ്റാണ്ടുകളായി ഇന്ത്യ-പാക് നയതന്ത്ര ബന്ധത്തിനിടയിലെ പുകയുന്ന നോവ്കൂടിയാണ് കാശ്മീർ ചരിത്രപരമായും ഭൂമിശാസ്ത്രപരമായും ഏറെ സവിശേഷതകളുള്ള സംസ്ഥാനമാണ് കാശ്മീർ. അതുകൊണ്ട് തന്നെയാണ് അധികാരത്തിലെത്തിയ ഉടനെ തന്നെ കാശ്മീരിന്റെ പരമാധികാരത്തിന്റെ അവർ കൈകടത്തിയത്.

ആർട്ടിക്കിൾ 370 ഇന്ത്യൻ ഭരണഘടന കശ്മീരിന്റെ അവബതയ്ക്ക് നൽകിയ വാഗ്ദാനമാണ്. ബ്രിട്ടീഷ് കാരിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഉണ്ടാക്കിയ കരാർ പ്രകാരം കശ്മീർ രാജാവായിരുന്നു ഹരിസിംഗ്, കാശ്മീരിനെ സ്വതന്ത്ര്യ രാജ്യമായി നിലനിർത്താനാണ് തീരുമാനിച്ചത്. വകുപ് 370 കശ്മീരിനെ ഇന്ത്യയുമായി ബന്ധിപ്പിക്കുന്ന പാര്യമാണ്. 370-ാം വകുപ്പ് എടുത്തു കളയുകയോ അസാധുവാക്കുകയോ ചെയ്താൽ കശ്മീർ ഇന്ത്യയുടെ ഭാഗമായി ഒപ്പുവെച്ച കരാർ ഇല്ലാതാകുമെന്ന് വകുപ്പിലെ 1-സി നിബന്ധനയിൽ പറയുന്നുണ്ട്. ഫലത്തിൽ പാലം തകർക്കുന്ന നടപടിയാണ് ഇപ്പോഴുണ്ടായിരിക്കുന്നത്. വകുപ്പ് 370 താൽക്കാലികമാണെന്നതാണ് അത് റദ്ദാക്കാനായി പറയുന്ന മുന്തേൻ ന്യായം. ഈ വകുപ്പിന്റെ 21-ാം ഭാഗത്തിൽ ഇത് താൽക്കാലികമാണെന്ന് പറയുന്നുണ്ട്. എന്നാൽ ജനഹിത പരിശോധനയെന്ന ഇന്ത്യയുടെ വാഗദാനത്തിനു വിധേയമായി മാത്രമാണ് അത്. താൽക്കാലികമാകുന്നത്. ഇക്കാര്യം സുപ്രീംകോടതിയുൾപ്പെടെ ചൂണ്ടിക്കാട്ടിയതുമാണ്.

പുതിയ നിയമപ്രകാരം സംസ്ഥാനഭരണഘടനാ അസംബ്ലിയായിരുന്ന ജമ്മുകശ്മീർ നിയമസഭ ഇനി വെറും സംസ്ഥാന നിയമസഭ മാത്രമാണ്. ജമ്മു കാശ്മീരിന്റെ ഭാഗമാ



യിരുന്ന ലഡാക്ക് ലക്ഷദ്വീപ് പോലെ ഒരു കേന്ദ്രഭരണപ്രദേശമായും മാറും.

കശ്മീരിനെ രണ്ടായി വിഭജിക്കുന്ന ബില്ലും സൈനിക വിന്യാസവുമെല്ലാം കശ്മീർ പ്രശ്നം കൂടുതൽ സങ്കീർണമാക്കുകയേ ഉള്ളൂ. ലളിതമായി വിഭജിക്കാവുന്ന മണ്ണും ആകാശവുമല്ല കാശ്മീർ. ഇന്ത്യയുടെ അഖണ്ഡത കാത്തുസൂക്ഷിച്ചുകൊണ്ട് കാശ്മീരിന്റെ മനസിനെ ഇന്ത്യയോട് ചേർത്ത് നിർത്താൻ നമുക്ക് ബാധ്യതയുണ്ട്.

പിന്നീട് പാക് ആർമി പിന്തുണയോടെ ഗോത്രവർഗക്കാർ കാശ്മീർ ആക്രമിക്കുകയും തുടർന്നുണ്ടായ അസാധാരണമായ രാഷ്ട്രീയ കാലാവസ്ഥയിൽ ഇന്ത്യയോട് ചേരാൻ കശ്മീർ തീരുമാനിക്കുകയും ചെയ്യുകയായിരുന്നു. കശ്മീർ രാജാവ് ഹരിസിംഗും, പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും തമ്മിൽ ഒപ്പുവെച്ച ലയന ഉടമ്പടി പ്രകാരം കശ്മീർ മൂന്ന് വിഷയങ്ങളിൽ ഇന്ത്യക്കു കീഴടങ്ങുകയായിരുന്നു. പ്രതിരോധം, വിദേശകാര്യം, വാർത്ത വിനിമയം എന്നിവയായിരുന്നു അത്. ഇന്ത്യൻ ഭരണഘടനയുടെ 370-ാം വകുപ്പനുസരിച്ച് പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നീ മേഖലകളിലൊഴികെ ഇന്ത്യൻ പാർലമെന്റ് പാസാക്കുന്ന നിയമങ്ങൾ കശ്മീരിന് ബാധകമാകണമെങ്കിൽ സംസ്ഥാന സർക്കാറിന്റെ അംഗീകാരം ആവശ്യമാണ്. അന്ന് നെഹ്റു കാശ്മീരിന്റെ ആളുകൾക്ക് നൽകിയ വാക്ക്. കാശ്മീരിന് സ്വതന്ത്രമായി നിയമ നിർമ്മാണ സഭ ഉണ്ടായിരിക്കുന്നതാണ് എന്നും അത് സംസ്ഥാനത്തിന്റെ മതന്തരിത ഭരണഘടന നിശ്ചയിക്കുമെന്നുമാണ്. അതിന്റെ ഫലമാണ് വകുപ്പ് 300 ഇത് റദ്ദാക്കുന്നതോടെ കശ്മീരികൾക്ക് പ്രത്യേക അധികാരം നൽകുന്ന 35. എ യും ഇല്ലാതാകും. ഇതോടെ ഇതുവരെ കശ്മീരികൾക്ക് മാത്രമായിരുന്ന ഭൂവുടമസ്ഥവകാശം മറ്റു സംസ്ഥാനക്കാർക്കും ലഭ്യമാക്കും. 6 വർഷമായിരുന്ന ജമ്മു കശ്മീർ നിയമസഭയുടെ കാലാവധി ഇനിമുതൽ 5 വർഷമാകും.



# 370-ാം വകുപ്പ് സങ്കീർണ്ണതകളും വഴിത്തിരിവുകളും

മതേതരത്വത്തിൽ വിശ്വസിച്ച് പാകിസ്ഥാന് പകരം ഇന്ത്യയെ തിരഞ്ഞെടുത്ത മഹാരാജ ഹരി നിങ്ങിനെ വഞ്ചിച്ച് കൊണ്ട്, യാതൊരു വിധ മുന്നറിയിപ്പുമില്ലാതെ ഭരണഘടനയിലെ 370-ാം വകുപ്പ് കേന്ദ്രസർക്കാർ റദ്ദാക്കി. സ്വാതന്ത്രാനന്തരം ഇന്ത്യയുടെ ഭാഗമാക്കുന്നതിന് ഉപാധിയായി ജമ്മു-കാശ്മീരിന് നൽകിയ പ്രത്യേക പദവി കേന്ദ്ര സർക്കാർ എടുത്തു കളഞ്ഞു.

ജമ്മുവിൽ എന്തോ സംഭവിക്കാൻ പോവുന്നുണ്ടെന്ന ആശങ്ക ദിവസങ്ങളായി നിലനിർക്കുന്നുണ്ടായിരുന്നു. 35000 അർധസേനയെ വിന്യസിച്ചു, സഞ്ചാരികളോട് സംസ്ഥാനം വിടാൻ നിർദ്ദേശിച്ചു. എങ്ങും മുന്നറിയിപ്പുകൾ ആയിരുന്നു. എന്നാൽ ആഗസ്റ്റ് 5 ന് തിങ്കളാഴ്ച രാവിലെ കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്യസഭയിൽ ഓർഡനൻസ് വായിച്ച് തുടങ്ങിയപ്പോൾ എല്ലാവരും എമ്പരന്നു.

’ഇത്രയും കാലം നിലനിന്നിരുന്ന 370-ാം വകുപ്പ് അസാധാരണം ഉത്തരവിലൂടെ എടുത്തു കളഞ്ഞു കൊണ്ടുള്ള രാഷ്ട്രപതിയുടെ വിജ്ഞാപനവും ഉള്ളതിനൊപ്പം പുറത്തുവന്നു ഇത്രയും കാലം നിലനിന്നിരുന്ന 370-ാം വകുപ്പ് അസാധാരണ ഉത്തരവിലൂടെ എടുത്ത് കളഞ്ഞ് കൊണ്ടുള്ള രാഷ്ട്രപതിയുടെ വിജ്ഞാപനവും ഇതിനൊപ്പം പുറത്ത് വന്നു.

ഇത്ര ലാഘവത്തോടെ ഒരു സംസ്ഥാനത്തെ രണ്ടായി മുറിക്കാൻ കേന്ദ്ര സർക്കാറിന് കഴിയുമോ എന്ന



ചോദ്യത്തിന് മുന്നിൽ രാഷ്ട്രീയലോകം പകച്ച് നിന്നു. അത്രക്ക് ആസൂത്രിതമായിരുന്നു ഓരോ നീക്കവും. ആദ്യം ലോക്സഭയിൽ അവതരിപ്പിച്ച് പ്രതിപക്ഷം സംഘടിക്കുമെന്ന് കണ്ടറിഞ്ഞിട്ടാണ്. അതിന് ഇട നൽകാതെ, കൂടിയാലോചനകൾക്ക് സമയം നൽകാതെ ഉച്ചഭക്ഷണത്തിന് പോലും സഭ പിരിയാതെ ചർച്ചകളിലേക്ക് കടക്കുകയും ചെയ്ത് തന്ത്രമാണ് രാജ്യസഭയിൽ അരങ്ങേറിയത്.

370-ാം വകുപ്പ് റദ്ദാക്കിയതിലൂടെ സംസ്ഥാനത്ത് യാതൊരു വിധ അനിഷ്ട സംഭവങ്ങളും അരങ്ങേറിയിട്ടില്ല എന്ന് കേന്ദ്രം ആവർത്തിച്ച് പറയുമ്പോഴും നേതാക്കളെ വിട്ട് തടങ്കലിൽ അടച്ചതും വാർത്താവിനിമയ സംവിധാനങ്ങളും, ഇന്റർനെറ്റും തടസ്സപ്പെടുത്തിയും, പ്രദേശനിവാസികളുടെ സഞ്ചാരസ്വാതന്ത്ര്യം നിർത്തലാക്കിയതും ചർച്ചയായി.

ജമ്മു-കാശ്മീരിന്റെ സവിശേഷ പദവി സംബന്ധിച്ച 370-ാം വകുപ്പ് റദ്ദാക്കിയതോടെ കാശ്മീരിൽ ഇനി സംഭവിക്കുന്നതെന്തെന്ന് ? 370-ാം വകുപ്പ് കൊണ്ട് ഇക്കാലമത്രയും കാശ്മീരിന് പ്രത്യേകിച്ച് പ്രയോജനമൊന്നുമുണ്ടായില്ലെന്നാണ് സർക്കാർ വാദം. ഈ വകുപ്പ് മൂലം ജമ്മു-കാശ്മീരിലെ ജനങ്ങൾ ദാരിദ്ര്യത്തിലാണ് കഴിഞ്ഞത്. അവർക്ക് സംവരണ ആനുകൂല്യങ്ങൾ ലഭിക്കാൻ ഇത് തടസ്സമായെന്നും സർക്കാർ പറയുന്നു. ഇനി മുതൽ കാശ്മീരികൾക്ക് മാത്രം അവകാശപ്പെട്ടിരുന്ന ഭൂമിയുടെ മേലുള്ള അവകാശവും സർക്കാർ ജോലികളിലെ തൊഴിലവകാശവും, വിദ്യാഭ്യാസ സ്കോളർഷിപ്പും ഏതൊരു ഇന്ത്യൻ പൗരന്റേത് കൂടി ആയി മാറുന്നു. കൂടാതെ ഭൂമി വാങ്ങി മറ്റ് സംസ്ഥാനക്കാർക്കും സ്ഥിരതാമസമാക്കാമെന്നുള്ളതും കാശ്മീരി സ്ത്രീകളുടെ സ്വത്തവകാശവും മറ്റൊരു ഗുണാത്മക വശമായി കാണേണ്ടതുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും, രാഷ്ട്രീയ നേതാക്കളെ തടങ്കലിലാക്കിയും, അവിടത്തെ ജനങ്ങളുടെ ആശയവിനിമയ സ്വാതന്ത്ര്യമടക്കമുള്ള ആവശ്യ സേവനങ്ങൾ റദ്ദ് ചെയ്തും അവരെ ഇരുട്ടിൽ നിർത്തിയും നടപ്പിലാക്കേണ്ട ഒന്നാണോ ഇത്തരം നിയമ നിർമ്മാണങ്ങൾ എന്ന് മൂന്ന് വട്ടം ചിന്തിക്കേണ്ടതുണ്ട്.

അതിർത്തി സംസ്ഥാനത്ത് സൈന്യത്തെ മാത്രം വെച്ച് ശത്രുവിനെ തുരത്താനാവില്ല അതിന് ജനങ്ങളുടെ സഹകരണം കൂടി വേണം

ഒരു രാഷ്ട്രത്തിന്റെ സുരക്ഷ എന്ന് പറയുന്നത് ആ രാജ്യത്തിന്റെ നിവാസികളുടെ കൂടി കയ്യിലാണ്. രാജ്യത്ത് സമാധാനം നിലനിർത്തുവാൻ അവരെ കൂടി വിശ്വാസത്തിലെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത്തരുണത്തിൽ 'അതിർത്തി സംസ്ഥാനത്ത് സൈന്യത്തെ മാത്രം വെച്ച് ശത്രുവിനെ തുരത്താനാവില്ല. അതിന് ജനങ്ങളുടെ സഹകരണങ്ങൾ കൂടി വേണം'. എന്ന പ്ര





# നീതിയുടെ കണ്ണ്

അമ്മേ.. ഞാൻ കരയുന്നില്ല...
എന്റെ കണ്ണീരുകൾക്ക് ഇന്ന് ഹാഷ് ടാഗിന്റെ
വിലയേ ഉള്ളൂ...
ഞാൻ ആരാണമ്മേ...?
നാളെയും കഴുകന്മാർ കടിച്ചു പറിക്കാൻ
പോകുന്ന ആയിരങ്ങളിൽ ഒന്നോ...?
അതുമല്ലേൽ വിധി പറഞ്ഞു
നീതിപീഠം ചെറുകോളത്തിൽ ഒതുക്കുന്ന
വാർത്തയോ...?
എന്നെ കുരുക്കിയ കയർ സമൂഹത്തിന്റെ
ഉന്നതരുടേതല്ല...?
കണ്ടാലും കാണാത്തതായി പോകുന്നതെന്തേ
അമ്മേ...?
എനിക്കിനി നീതി വേണ്ട...
നീതി വേണ്ടത് ഇനിയും വരാനുള്ള
എന്നെ പോലുള്ള പൈതങ്ങൾക്കാണ്.
കഴിയുമെങ്കിൽ സമൂഹത്തോട് പറയണം...
രാഷ്ട്രീയക്കാരോട് പറയണം...
ഈ പൊന്നുമോളെ പോലെ
കൊന്നേക്കരുതെന്നും... നീതിയുടെ
കണ്ണുകൾ കെട്ടിയിട്ടേക്കരുതെന്നും...

സിറാജ് കളത്തിങ്ങൽ



# ദൃക്സാക്ഷി

ഉയർന്നു പൊങ്ങിയ വാളും
തെറിച്ചു വീണ നിനവും
കൊന്നവന്റെ കണ്ണിലെ തീയും
കൊണ്ടവർ തെറിച്ചു മണ്ണും
കണ്ടു ഞാൻ ആ ആൽമരത്തിന്റെ
പിറകിൽ മറഞ്ഞു നിന്ന്
ഞാനിതാ ഒരു നരഹത്യതൻ
ദൃക്സാക്ഷിയായ് മരിക്കുന്നു.
വിറച്ചു നിന്ന എന്റെ കൈകളെ
എനിക്ക് തടുക്കാനായില്ല.

കിടുങ്ങുന്ന ഹൃദയത്തെ ശാന്തമാക്കാനായില്ല
എന്നെ തടുക്കാനായില്ലെന്ന കാരണം
മുന്നോട്ട് വെച്ച് ഞാൻ
അവനെ തടുക്കാത്തതിൽ
നിഷ്കളങ്കനായ അവന്റെ
പ്രാണൻ തട്ടി എരിഞ്ഞപ്പോൾ
നോക്കി നിന്നു ഞാൻ
തെല്ലും മടിക്കാതെ
സമൂഹമദ്ധ്യേ മാന്യനായ
ആ കൊലയാളി നീട്ടിയ
ഗാന്ധികളിൽ വീണ്ടും വീണു
ഞാനും എന്റെ മനുഷ്യത്വവും!!!

നീതിപീഠം ആ മാന്യനെ
വെറുതെ വിട്ടപ്പോൾ
മറ്റൊരുവന്റെ മേൽ അത്
കെട്ടിവെച്ചപ്പോൾ
ഞാൻ എന്ന ദൃക്സാക്ഷി ഓർത്തുപോയ്,
ആയിരം കുറ്റവാളികളെ വെറുതെ വിട്ടാലും
ശിക്ഷിക്കരുത് ഒരു നിരപരാധിയെ പോലും.
അതൊന്നും എനിക്ക് ബാധകമല്ലെങ്കിൽ പോലും

അമീന ഷഹ്നാസ് കെ.



# ആഗോളമാന്ദ്യവും ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയും

ഇന്ത്യയിലെ ഉപഭോക്തൃ തലത്തിലെ മാന്ദ്യത്തെ കുറിച്ച് ധാരാളം ചർച്ചകൾ നടന്നുകഴിഞ്ഞു. എന്നാൽ അടുത്ത കാലത്തുണ്ടായ ആഗോളമാന്ദ്യത്തെ ക്കുറിച്ച് വളരെ പരിമിതമാ ചർച്ചകളേ നടന്നിട്ടുള്ളു. ഇന്ത്യയുടെ വളർച്ചയുമായും തളർച്ചയുമായും ആഴത്തിൽ ബന്ധപ്പെട്ട് കിടക്കുന്നതിനാൽ ലോകത്തെ സാമ്പത്തിക വാണിജ്യ രാഷ്ട്രീയ രംഗങ്ങളിൽ എന്താണ് സംഭവിക്കുന്നതെന്ന് നിരീക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

നോട്ട് നിരോധനവും ജി.എസ്.ടിയും പ്രതിസന്ധി ശക്തമാക്കിയ ഘടകമാണ്. എന്നാൽ അതിനും മുമ്പേ സാമ്പത്തിക വിദഗ്ധർ ഇതിനെകുറിച്ച് സൂചിപ്പിച്ചിരുന്നു. ആദ്യം മറച്ചുവെച്ച ഭരണാധികാരികൾ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നും തൊഴിലില്ലായ്മ രൂക്ഷമാവുകയാണെന്നും ചില കമ്പനികൾ അടച്ചുപൂട്ടലിന്റെ വക്കിലാണെന്നും സമ്മതിച്ചുകഴിഞ്ഞു. ആഗോള തലത്തിൽ കുറഞ്ഞ വാണിജ്യ വിഹിതമേ ഉള്ളെങ്കിലും ലോകത്തിന്റെ പൊതുവളർച്ചയും തളർച്ചയും ഇന്ത്യയുടെ വളർച്ചെയെ സ്വാധീനിക്കുന്നുണ്ട്. നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ്.ഡി.ഐ), വിദേശ പോർട്ട് ഫോളിയോ നിക്ഷേപം (എഫ്. പി.ഐ) എന്നീ രൂപത്തിലുള്ള ഇന്ത്യിലേക്കുള്ള മൂലധന നിക്ഷേപത്തിൽ ഇത് നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ടെന്നത് ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ആഗോള സാമ്പത്തിക വളർച്ച കുറയുകയാണെന്നും ആഗോള സാമ്പത്തിക മാന്ദ്യം അധികം അകലെയല്ലെന്നും സൂചിപ്പിക്കുന്ന എല്ലാ അടയാളങ്ങളും നമ്മുടെ പക്കലുണ്ട്. നോട്ട് നിരോധനത്തിന് ശേഷം ചെറുകിട കച്ചവട മേഖലയിൽ ഉണ്ടായ ഇടിവ് നികത്താൻ സർക്കാരിന് ഇതുവരെ സാധിച്ചിട്ടില്ല. വിദേശ നിക്ഷേപം കൊണ്ട് ഇന്ത്യൻ സാമ്പത്തിക മേഖലയെ പിടിച്ചുനിർത്താം എന്ന കണക്കിലെ അഭ്യാസം പ്രാവർത്തികമാക്കുന്നത് എങ്ങനെയാണെന്നുള്ളത് നോക്കികാണേണ്ടിവരും. കാരണം ഇന്ത്യക്കുള്ളിൽ നിക്ഷേപം ഇല്ലാതായി വരികയും തൽഫലമായി തൊഴിലില്ലായ്മ ഇപ്പോൾ ഉ

**2008 ൽ അമേരിക്കയിൽ നിന്നാരംഭിച്ച് യൂറോപ്പ് മുതൽ ജപ്പാനും ചൈനയും വരെ വ്യാപിച്ച ആഗോള പ്രതിസന്ധിയുടെയും സാമ്പത്തിക തകർച്ചയുടെയും ഘട്ടത്തിൽ ഇന്ത്യ സമാനമയൊരു പ്രതിസന്ധിയിൽ അകപ്പെടുകയുണ്ടായില്ല.**



ള്ള അവസ്ഥയിൽ നിന്നും കൂടാനുള്ള സാധ്യതകളുമാണ് കാണുന്നത്. ഇന്ത്യക്ക് ആവശ്യമായ 80 ശതമാനം അസംസ്കൃത എണ്ണ ഇറക്കുമതി ചെയ്യപ്പെടുകയാണ്. അതേസമയം കയറ്റുമതി എന്ന നാമമാത്രമായി വരുമ്പോൾ സാമ്പത്തികമേഖലയെ അത് വല്ലാതെ ബാധിക്കും. കാരണം ഇറക്കുമതി അമേരിക്കൻ ഡോളറിനെ കേന്ദ്രീകരിച്ചു നടക്കുമ്പോൾ ഡോളറിനുണ്ടാകുന്ന നേരിയ ചലനം പോലും ഇന്ത്യൻ സാമ്പത്തിക അവസ്ഥയെ ബാധിക്കും.

രണ്ടായിരത്തിന്റെ തുടക്കത്തിൽ ഇന്ത്യൻ മാർക്കറ്റ് ലോകവിപണിയുമായി ഇപ്പോളുള്ള തരത്തിൽ ബന്ധപ്പെടാത്തത് കൊണ്ട് അവിടെയുണ്ടാകുന്ന ചലനങ്ങൾ നേരിട്ടുള്ള ആഘാതം സൃഷ്ടിക്കാൻ അവസരങ്ങൾ കുറവായിരുന്നു. 2008 ൽ അമേരിക്കയിൽ നിന്നാരംഭിച്ച് യൂറോപ്പ് മുതൽ ജപ്പാനും ചൈനയും വരെ വ്യാപിച്ച ആഗോള പ്രതിസന്ധിയുടെയും സാമ്പത്തിക തകർച്ചയുടെയും ഘട്ടത്തിൽ ഇന്ത്യ സമാനയൊരു പ്രതിസന്ധിയിൽ അകപ്പെടുകയുണ്ടായില്ല. ഇന്ത്യയിൽ നവ ഉഗാരവത്കരണ്ത്തിനു നേതൃത്വം നൽകിയ മനമോഹൻസിംങ് നയിച്ചിട്ടും 10 വർഷക്കാലത്തെ യുപിഎ സർക്കാരിനെ സമബന്ധിച്ചിടത്തോളം വിദേശത്തിനിന്നുള്ള ഊഹകുത്തകകളുടെ (എ്രീലശഴി കിദെശേീമഹ കിീലെ്ീൃ) ആഭ്യന്തര കോർപ്പറേറ്റുകളെയും പൂർണ്ണമായും കെട്ടഴിച്ചു വിടുന്നതിനും ആഗോളമൂലധന വിപണിയുമായി ഇന്ത്യയെ പൂർണ്ണമായും ഉദ്ഗ്രഹിക്കുന്നും കഴിയാതെ പോയതുകൊണ്ടാണ് 2008 ലെ ആഗോള തകർച്ച രാജ്യത്തെ അത്ര ഗുതരമായി ബാധിക്കാതിരുന്നത്.

ഈ കഴിഞ്ഞ ജൂൺ പാദത്തിലെ ഇന്ത്യുടെ മൊത്തം ഉത്പന്ന വളർച്ചാ നിരക്ക് കഴിഞ്ഞ 6 വർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ നിലയിലാണ് രെഖപ്പെടുത്തിയത്. 5% മൊത്ത ഉൽപാദനത്തിൽ ഉണ്ടായ ഈ ഇടിവിനെ കേവലം ഒരു ചാക്രിക പ്രവർത്തനമായി കണക്കാക്കാൻ കഴിയില്ല. ഇത് ഘടനാപരവും മേഖലാപരവുമായ മാറ്റമാണ. സമ്പദ് വ്യവസ്ഥയിടലെ ഓരോ മേഖലയിലും ഈ കാലയളവിൽ ഉണ്ടായ മാറ്റം എടുത്തു നോക്കിയാൽ ഇത് മനസ്സിലാകും. വാഹന വ്യവസായം, ബാങ്കിംഗ്, ബാങ്കിതര മേഖല, കയറ്റുമതി, റിയൽ എസ്റ്റേറ്റ്

ടെലികമ്മ്യൂണിക്കേഷന് തുടങ്ങിയ മേഖലയിൽ സാമ്പത്തിക മാന്ദ്യത്തിന്റെ സൂചനകൾ നമുക്ക് കാണാനാവുന്നതാണ്.

മറ്റുള്ള രാഷ്ട്രങ്ങളെ അപേക്ഷിച്ച് ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ഘടനാപരമായ സവിഷേഷതകൾ അടുത്തുപറയേണ്ടതും ചർച്ചചെയ്യപ്പെടേണ്ടതുമാണ്. ഇന്ത്യയിലെ 50% ത്തോളം വരുന്ന ജനങ്ങൾ കൃഷിയെ ആശ്രയിച്ച് ജീവിക്കുമ്പോൾ ആഭ്യന്തര ഉൽപ്പാദനത്തലേക്കുള്ള അവരുടെ സംഭാവന 20 % ത്തിലും താഴെയാണ്. എന്നാൽ 30 % മാത്രമുള്ള ജനങ്ങളാണ് സേനനമേഖലയെ ആശ്രയിച്ചു ജീക്കുന്നത്. ആഭ്യന്തര ഉൽപ്പാദനത്തേലേക്കുള്ള അവരുടെ സംഭാവന 60 % ത്തോളവും എന്നാൽ വികസിത രാഷ്ട്ടങ്ങളിൽ ഈ അന്തരം വളരെ കുറവാണ്. നമ്മുടെ രാജ്യത്തിന് ഏറ്റവും അനുഗുണമായിട്ടുള്ള ഡെമോഗ്രാഫിക് ഡിവിഡന്റിനെ കൃത്യമായി ഉപയോഗപ്പെടുത്താൻ നമ്മുടെ രാഷ്ട്രത്തിന് കഴിയുന്നില്ല എന്നത് ഖേദകരമാണ്. യു.എൻ. എഫ്.പിയുടെ കണക്കനുസരിച്ച് 15 മുതൽ 64 വരെയുള്ള പ്രായക്കാരെയാണ് തൊഴിലാളികളുമായി പരിഗണിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള തൊഴിലാളികൾ ഏറ്റവും കൂടുതൽ ഉള്ളത് ഇന്ത്യയിലുമാണ്. ഇത് അനുബന്ധമായിട്ടുള്ള ഘടകങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി രാജ്യത്തിന്റെ ഉൽപ്പാദന മേഖലയുടെ ഭാഗമാക്കി മാറ്റാൻ സാധിച്ചാൽ തീർച്ചയായും

സമ്പദ് വ്യവസ്ഥക്ക് അത് ഉത്തേചകമായി മാറുക തെന്നെ ചെയ്യും. സാമ്പത്തിക മാന്ദ്യത്തിന്റെ പ്രത്യാഘാതങ്ങളും തീവ്രത ലഘൂകരിക്കുന്നതിനും നിക്ഷേപ ചക്രത്തിന് ഊർജ്ജമേകാനും ആഭ്യന്തര ഉപഭോഗത്തെ ഉത്തേചിപ്പിക്കുവാനും ലക്ഷ്യമിട്ടുള്ള അടിയന്തിര നടപടികൾ എടുക്കുത്തനിുവേണ്ടി ഉണർന്നു പ്രവർത്തിക്കുന്നതിനുള്ള സമയമാണിത്

> **“5% മൊത്ത ഉൽപാദനത്തിൽ ഉണ്ടായ ഈ ഇടിവിനെ കേവലം ഒരു ചാക്രിക പ്രവർത്തനമായി കണക്കാക്കാൻ കഴിയില്ല. ഇത് ഘടനാപരവും മേഖലാപരവുമായ മാറ്റമാണ. സമ്പദ് വ്യവസ്ഥയിടലെ ഓരോ മേഖലയിലും ഈ കാലയളവിൽ ഉണ്ടായ മാറ്റം എടുത്തു നോക്കിയാൽ ഇത് മനസ്സിലാകും.”**

# ഭാരതം



ഇന്ത്യ, എങ്ങും സന്തോഷവും സമാധാനവും നിറഞ്ഞു നിൽക്കുന്ന രാജ്യം, എങ്ങും സന്തോഷവും സാഹോദര്യവും...! യഥാർത്ഥത്തിൽ ഇതാണോ ഇന്നത്തെ ഇന്ത്യ.

മാവേലി നാട് ഭരിച്ചിരുന്നപ്പോഴുള്ള അന്തരീക്ഷം അല്ലെങ്കിലും, ജനങ്ങൾ സമാധാന പൂർണമായി ജീവിച്ചിരുന്നു. എപ്പോഴെങ്കിലുമൊന്ന് തലകാണിച്ച് പോയിരുന്ന ഹർത്താലും, അത് ആഘോഷമാക്കി മാറ്റിയിരുന്ന ജനങ്ങളും, ജാതിമതഭേതമന്യേ അജ്മലും, അരുണും ആൽവീന്ദും ഒരമ്മയുടെ ചോറുരുളക്ക് വേണ്ടി അടികൂടിയ കാലം. വല്ലപ്പോഴു വരുന്ന രാഷ്ട്രീയ അഴിമതികളെ വിറ്റയിച്ച ചായക്കടകളും ആൽത്തറകളും.

ഇന്ന് കാലം മാറി കൂടെ കഥയും, അഭിപ്രായ സ്വാതന്ത്രവും, മതേതരത്വവും ഭരണഘടനയിൽ മാത്രം ഒതുങ്ങികൂടി. 'ബീഫ്' എന്ന് കേൾക്കുമ്പോൾ വായിൽ വെള്ളമൂറിയിരുന്ന നമുക്കിപ്പോൾ, കൂട്ടാക്രമണവും, കൊലപാതകവും ഓർമ്മപ്പെടുത്തുന്ന ഒരു പേടി സ്വപ്നമായിരിക്കുന്നു. ഇതിനെതിരെ കത്തെഴുതിയ ഒരു കൂട്ടം വ്യക്തികളെ രാജ്യദ്രോഹികളായി രാജ്യം മുദ്രകുത്തി. നിങ്ങൾക്കിതൊക്കെ ആശ്ചര്യമായി തോന്നുന്നില്ലെ ?

നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഭരണഘടനയും സമകാലിക സംഭവങ്ങളും തമ്മിസുള്ള അന്തരങ്ങളെക്കുറിച്ച്, അന്തരീക്ഷം മാറിയിരിക്കുന്നു. അഭിപ്രായവും, അഭിപ്രായ സ്വാതന്ത്രവും പാഴ്വാക്കുകളായി മാറിയിരിക്കുന്നു. മൗലികാവകാശങ്ങൾ എല്ലാം. പരീക്ഷിയിൽ വിദ്യാർത്ഥികൾക്ക് മാർക്ക് വാങ്ങിക്കൊടുക്കാൻ മാത്രം ഉപകാരപ്പെടുത്തുന്നു. മതങ്ങളും, മതസൗഹാർദങ്ങളും മാത്രം അറിവുണ്ടായിരുന്ന നമുക്കിന്ന് അതിന്റെ പേരിലെ ആക്രമണങ്ങളെ വിളിച്ച് കാണിക്കുന്നു.

നമ്മൾ ആരെയാണ് പ്രതീക്ഷിക്കുന്നത്. ഇതിനൊരന്ത്യം എല്ലാവരും ആഗ്രഹിക്കുന്നില്ലെ. പ്രതികരിക്കാൻ സമയമായില്ലെ ?... പ്രതികരണം എന്ന് പറഞ്ഞാൽ സ്റ്റാറ്റസും ടിപിയും മാറ്റിയും നിശ്ചിത സമയത്തേക്ക് ചൂടുവാർത്തയാകുന്ന എഫ്ബി പോസ്റ്റുകളും മാത്രമല്ല. നമ്മൾ മറന്നു പോയ നമ്മുടെ പിൻതലമുറക്കാരുടെ പ്രതികരണശേഷി നമ്മൾ തിരിച്ചു കൊണ്ട് വന്നേ പറ്റൂ. നമുക്ക് വേണ്ടി, ഇനി വരുന്ന തലമുറക്ക് വേണ്ടി, പേനകൊണ്ടും, വാക്ക്കൊണ്ടും, പ്രവർത്തികൊണ്ടും നമ്മൾ പ്രതികരിച്ചേ പറ്റൂ. ജനങ്ങളിലെ ഭയം പ്രതികരണത്തിലൂടെ മാറ്റിയെടുക്കാൻ നമുക്ക് മാത്രമേ കഴിയൂ. അടിച്ചമർത്തലിന്റെ സ്വരം നമ്മൾ മറികടക്കേണ്ടിയിരിക്കുന്നു. ഇവിടെ ആരും ആരുടേയും അടിമയും ഉടമയും അല്ല.

ഇനിയും വൈകിയിട്ടില്ല. നമുക്ക് ഒരുമിക്കാം ആ പഴയ ഇന്ത്യക്കുവേണ്ടി, ആരിലും ഭയം നിഴലിക്കാത്ത ആ പഴയ രാഷ്ട്രീയത്തിനു വേണ്ടി, രാഷ്ട്രീയ അഴിമതികളും കൂട്ടക്കൊലപാതകങ്ങളും ഇല്ലാത്ത രാഷ്ട്രീയത്തിന് വേണ്ടി. ഓരോരുത്തരുടെയും ശബ്ദങ്ങൾ ഉയരട്ടെ. നീതി നടപ്പാക്കട്ടെ. ഞാനോ നീയോ, എന്നല്ല. 'നമ്മൾ' ന





# മാറുന്ന ജനാധിപത്യം

ലോകത്തിലെ തന്നെ ഏറ്റവും മഹത്തായ സംസ്കാര പാരമ്പര്യമുള്ള രാജ്യമാണ് ഇന്ത്യ. എന്നാൽ കുറച്ചുകാലമായി നടക്കുന്ന ചിലസംഭവ വികാസങ്ങൾ കാരണം നാം തലകുനിക്കേണ്ടി വരുന്നു. ഡൽഹിയിൽ ബസിൽ വെച്ച് പെൺകുട്ടിയെ കൂട്ടബലാൽസംഘം ചെയ്ത് കൊന്നത് 2012 ഡിസംബറിലായിരുന്നു. ഇതിനെ തുടർന്ന് രൂപപ്പെട്ട പ്രതിഷേധം പ്രത്യേകിച്ച് ഏതെങ്കിലുമൊരു സംഘടനയുടെ പിന്തുണ കൂടാതെ തന്നെ രാജ്യമൊട്ടാകെ പടർന്നു. സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് അന്നത്തെ യു.പി.എ സർക്കാരിനെ പ്രേരിപ്പിക്കാൻ പാകത്തിൽ രോഷം അണപൊട്ടി. ഉത്തർപ്രദേശിലെ ഉന്നാവിൽ ജോലി തേടിയെത്തിയ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ രാജ്യം ഭരിക്കുന്ന ജനതാ പാർട്ടിയുടെ നേതാവും നിയമസഭാംഗവുമായ കുൽദീപ് സെൻഗാറും കൂട്ടാളികളും ചേർന്ന് ബലാൽസംഘം ചെയ്തത് 2017 ലാണ്. പെൺകുട്ടിയുടെ പരാതി ആദ്യം തയാറായില്ല. അന്വേഷണം ആവശ്യപ്പെട്ട് പെൺകുട്ടിയുടെ ബന്ധുക്കൾ നടത്തിയ സമരത്തിനിടെയുണ്ടായ സംഘർഷത്തിന്റെ പേരിൽ പിതാവിനെ അറസ്റ്റ് ചെയ്യുകയും തുടർന്ന് കസ്റ്റഡിയിൽ വെച്ച് അദ്ദേഹം കൊല്ലപ്പെടുകയും ചെയ്തു. ഇതോടെ കേസിന്റെ അന്വേഷണം സി.ബി.ഐ. യെ ഏൽപ്പിക്കുകയും പ്രതികളെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. എന്നാൽ ഇത് വെറും പേരിന് മാത്രമുള്ള നടപടിയാണെന്നാണ് സംഭവങ്ങൾ നമുക്ക് കാണിച്ചുതരുന്നത്. വിചാരണ തടവുകാരനായി ജയിലിൽ കഴിയുന്ന എം.എൽ.എക്ക് പെൺകുട്ടിയെയും കുടുംബത്തെയും ഭീഷണിപ്പെടുത്താൻ സാധിച്ചിരിക്കുന്നു. എന്തിനേറെ പറയുന്നു. പരാതിക്കാരെയും ബന്ധുക്കളെയും ആസൂത്രിതമായ വാഹനാപകടത്തിലൂടെ ഇല്ലാതാക്കാൻ വരെ ആ കൊടും ക്രൂരൻ ശ്രമിച്ചു. ഇത്രയൊ



ക്കെ സംഭവിച്ചിട്ടും 2012 ഡിസംബറിലേതു പോലുള്ളൊരു പ്രതിഷേധം രാജ്യത്തിലുയർന്നില്ല. ഇവിടെ പ്രതിസ്ഥാനത്ത് സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന, ചേരിനിവാസികളായ ഏതാനും പേരല്ല, മറിച്ച് രാജ്യഭരണം കയ്യാളുന്ന ബി.ജെ.പി യുടെ നേതൃസ്ഥാനത്തുള്ള നിയമ നിർമാണ സഭയിൽ അംഗമായ വ്യക്തിയും സഹോദരനും കൂട്ടാളികളുമാണ്. അധികാരത്തിന്റെ സ്വാധീനം ഉപയോഗിച്ച് രാജ്യത്തെ നിയമവ്യവസ്ഥയെ വെല്ലുവിളിക്കാൻ സെൻഗാനിനും കൂട്ടർക്കും സാധിക്കുമ്പോൾ അതേ സ്വാധീനത്തിന്റെ ബലത്തിൽ പരാതിക്കാരിയെയും കുടുംബത്തെയും ഇല്ലാതാക്കാൻ ശ്രമിക്കുമ്പോൾ രാജ്യം നിശബ്ദമാണ്. ഡൽഹിയിലെ പെൺകുട്ടിയുടേതിന് സമാനമാണ് ഉന്നാവിലെ പെൺകുട്ടി നേരിട്ട ക്രൂരതയും. ഡൽഹിയിലേതിന് ഭിന്നമായി ഉന്നാവിലെ പെൺകുട്ടി തുടർന്നും ക്രൂരതക്കിരയായി. എന്നിട്ടും രാജ്യം നിശബ്ദമായത് എന്തുകൊണ്ടായിരിക്കും ? പ്രതിഷേധങ്ങൾക്ക് ഇടം അനുവദിക്കുന്ന ജനാധിപത്യം ആറ് വർഷത്തിനിടെ ഇല്ലാതായിരിക്കുന്നു എന്നത് തന്നെയാണ് ഒന്നാമത്തെ കാരണം. എന്തുകൊണ്ട് ഇങ്ങനെ മാറി എന്നതിന് ഒറ്റ ഉത്തരമേയുള്ളൂ, ഭയം ! പ്രതികരിക്കാൻ പുറപ്പെടുന്നവരെ ഏത് വിധേനയാണ് ലക്ഷ്യമിടുക എന്നതിൽ തിട്ടമില്ല. ഗോവിന്ദ് പാൻസാരെ, കലബുറുഗി, ഗൗരി ലങ്കേഷ്, ജസ്റ്റിസ് ലോയ എന്നിങ്ങനെ കൊലചെയ്യപ്പെട്ടതോ ദുരൂഹ മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതോ ആയ നിരവധി പേരുണ്ട്. വ്യാപം അഴിമതി കേസിൽ പ്രതിസ്ഥാനത്തോ സാക്ഷി സ്ഥാനത്തോ ഉണ്ടായിരുന്നവർ ഒന്നൊന്നായി ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടത് നമുക്കാർക്കും മറക്കാൻ കഴിയില്ല. ഈ വിധത്തിൽ നിയമത്തിനു പുറത്തുള്ള മാർഗങ്ങളിലൂടെയാണ് ഇതുവരെ ഭീതിയുടെ ആവരണത്തിലേക്ക് സമൂഹത്തെ എത്തിക്കാനുള്ള ശ്രമം നടന്നിരുന്നത്. ഫാഷിസ്റ്റ് ശക്തികൾ അധികാരത്തിലെത്തിയതിലൂടെ വിയോജിപ്പുകളെ ഇല്ലാത്താക്കാൻ ഉള്ള ഉപാധിയായി നിയമങ്ങളെ ഉപയോഗിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നു.




എൻ.ഐ.എ നിയമം, യു.പി.എ വിവരാവകാശ നിയമം തുടങ്ങിയവയിലൊക്കെ വരുത്തിയ നിയമമാറ്റം ഈ ലക്ഷ്യത്തോടുകൂടിയുള്ളതാണ്. ഭരണകൂടത്തെയും അവരുടെ അജണ്ടകളെയും എതിർക്കുന്ന ആരെയും ലക്ഷ്യമിടാൻ പാകത്തിലാണ് എ.ഐ.എ, യു.പി.എ നിയമങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾ.

നിലവിൽ യു.പി.എ വലിയ തോതിൽ തന്നെ ദുരുപയോഗം ചെയ്യുന്നുണ്ട്. ടാഡയും പോട്ടയും പിൻവലിക്കപ്പെട്ടതിന് ശേഷം യു.പി.എ യെ കരുതിക്കൂട്ടി ഉപയോഗിക്കുകയാണ് ഭരണകൂടം ചെയ്തത്. ഈ നിയമപ്രകാരമുള്ള കേസുകൾ ചുമത്തി അറസ്റ്റിലാവുകയും ദീർഘകാലം വിചാരണ തടവ് അനുവദിക്കേണ്ടി വരികയും ചെയ്ത ശേഷം, വിചാരണക്കൊടുവിൽ കുറ്റവിമുക്തരാക്കപ്പെടുകയും തകർന്ന ജീവിതത്തിന്റെ നേർചിത്രങ്ങളായി മാറുകയും ചെയ്യുന്നവർ ഇപ്പോൾ തന്നെ ധാരാളം പുതിയ സാഹചര്യത്തിൽ കേസുകളിൽ കുടുക്കുന്നവരുടെ എണ്ണം കൂടുമെന്ന് ഉറപ്പ്. ഭരണകൂടത്തെയും അവരുടെ അജണ്ടകളെയും എതിർക്കുന്നവർക്കൊപ്പം ഭേദഗതികളിലൂടെ കരുത്താർജിക്കുന്ന ഏജൻസി മുഖ്യമായും ലക്ഷ്യമിടുക ന്യൂനപക്ഷ വിഭാഗക്കാരെയായിരിക്കും. അത്തരമൊരു അവസ്ഥയിലേക്ക് ഏത് നിമിഷവും തള്ളപ്പെട്ടേക്കാമെന്ന ഭീഷണി മുന്നിൽ നിൽക്കെ, വിയോജിപ്പുകൾ പറയാനുള്ള സാധ്യതയും ഏറെയാണ് പ്രതിഷേധിക്കാൻ ചിന്തിക്കുന്നവർ പോലും കുടുങ്ങുന്ന ഒരവസ്ഥ.

നിയമവിധേയവും അല്ലാത്തതുമായ മാർഗങ്ങളിലൂടെ ജനതയെ ഭീഷണിപ്പെടുത്തി ഭയത്തിന്റെ മാളങ്ങളിൽ ഒളിപ്പിക്കുകയാണ് ഏകാതിപത്യത്തിന്റെയും ഫാഷിസത്തിന്റെയും എക്കാലത്തേയും രീതി അതിവിടെയും ആവർത്തിക്കുകയാണ്. അതുകൊണ്ട് കൂടിയാണ് 2012 ൽ ഉണ്ടായതിന് സമാനമായൊരു പ്രതിഷേധം ഇപ്പോൾ ഉണ്ടാകാത്തത്. ജയ്ശ്രീറാം വിളിക്കണമെന്ന നിർബന്ധത്തിന് വഴങ്ങാത്തവരെ തല്ലാനും, എന്തിന്, കൊല്ലാനും മടിക്കാത്ത സംഭവങ്ങളുണ്ടാകുമ്പോൾ പൊതുസമൂഹം നിസ്സംഗമാവുന്നത് ജനാധിപത്യമോ മനുഷ്യാവകാശങ്ങളോ പ്രസക്തമല്ലാതായി മാറുകയാണെന്ന് സ്വയം തിരിച്ചറിഞ്ഞ് വഴങ്ങിക്കൊടുക്കാൻ നിർബന്ധിതമാകും വിധം ഭീതി വിതക്കപ്പെട്ടിരിക്കുന്നു. അതിന് വളമേകുകയാണ് എൻ.ഐ.എ, യു.പി.എ നിയമഭേദഗതികൾ, അതുവഴി ഫെഡറൽ ഭരണക്രമത്തിന്റെ അടിവേര് മാന്തുകയും.



# മുഖം മൂടി

പ്രോട്ടോക്കോൾ ഒന്ന്; പ്രചാരണം!
'ഇലക്ഷൻ മാർക്കറ്റിംങ്:
വാഗ്ദാനങ്ങളെറിഞ്ഞ് വോട്ട് വാങ്ങണം
പിന്നെ, ഒരു കൊല്ലം നീളെ നാടുവാഴി
പ്രോട്ടോക്കോൾ രണ്ട്; പ്രചാരണം!
'മാധ്യമറേറ്റിംഗ് (ബ്ലേ)'
പേജ് നമ്പർ മൂന്ന്, 'രാഷ്ട്രീയം''
'പ്രതിപക്ഷത്തിനൊരു തിരുത്ത്
ചാണക്യബുദ്ധികൊണ്ട് പ്രീതിനേടണം
പ്രോട്ടോക്കോൾ മൂന്ന്; പ്രചാരണം!
സന്ദർശനം 'ദർശനം' മാവേലി!
ദേശാടനം, നാടുദർശനം, സുവിശേഷന്വേഷണം.
ഡേറ്റ്-പ്രകൃതി 'ദുരന്ത' ദിനം
പ്രോട്ടോക്കോൾ നാൽ; പുഞ്ചിരി!
ഡെന്റൽ ഡോക്ടറെ കാണണം
വർഷാവസാനം: 'ഐറ്റം പുഞ്ചിരി'
ആവശ്യമുണ്ട്, അല്ലാത്ത പക്ഷം
മാർക്കറ്റിംഗ് ഇടിയും
നെക്സ്റ്റ്; ന്യൂയർ സെലിബ്രേഷൻ!
പ്രത്യേക പരിപാടി; 'ഇലക്ഷൻ പ്രചാരണം'!



# കൊല്ലരുതീ വിരിയും മൊട്ടുകളെ

തിരികെ നൽകാൻ കഴിവില്ലെന്നുറപ്പുള്ളതിനെയൊന്നുമേ അപഹരിക്കാതിരിക്കുകയെൻ സഹോദരാ.. ആരോ എഴുതിയ ഈ വരികളിൽ അർത്ഥമായതെന്തോ ഒളിഞ്ഞു കിടക്കുന്നില്ലേ. വെള്ളിപാദസരവും കിലുക്കി കിളികൊഞ്ചലുമായി നടന്ന ബാല്യം നിറം മങ്ങിയത് നിമിഷനേരം കൊണ്ടാണ്. തിരിച്ചുനൽകാൻ കഴിയുമോ നന്മനിറഞ്ഞ ആ ബാല്യത്തെ, കുത്തിയിറക്കിയ കഠാര യിൽ രക്തത്തിന്റെ ചുവപ്പുനാട വരിഞ്ഞുമുറുകിയെങ്കിൽ അവരും പറഞ്ഞേനെ ഇയാൾ മനുഷ്യനാണെന്ന്. അറിയാതെ പോയതും അത് തന്നെയായിരുന്നു. പറയാൻ ബാക്കിവെച്ചതെന്തോ ജീവൻ പൊലിഞ്ഞ പലരും ഉണർത്തിയിട്ടും അധരങ്ങളെ മറച്ചുപിടിച്ച് നാം മറഞ്ഞപ്പോഴും നിഴൽ പോലത് കൂടെയുണ്ടെന്നുള്ളത്.

ചുമയും തലവേദനയുമായി ആതുരാലയ പടിക്കലെത്തിയ ജോമോളിൽ നിന്നും അവർ പിഴിഞ്ഞെടുത്തത് 2000. വലിയ കണക്കൊന്നുമല്ലന്നാണോ? കുഞ്ഞുങ്ങൾ വീടിന്റെ ഐശ്വര്യമാണെന്നാണ് പറയാറ്. കുഞ്ഞുങ്ങളുടെ പൊട്ടിച്ചിരികളും കുഞ്ഞിക്കുറുമ്പുകളും വീടിനെ എപ്പോഴും സന്തോഷഭരിതമാക്കും. കഴിഞ്ഞ ആഴ്ച വീട്ടിലൊരു കുഞ്ഞിനെ നഷ്ടപ്പെട്ട വേദന മനസ്സിൽ നിന്ന് മായാതെ നിൽക്കുമ്പോഴാണ് ഗോരഖ്പൂരിലെ കുഞ്ഞുങ്ങളുടെ മരണം വാർത്തയായെത്തിയത്. മക്കളെ നഷ്ടപ്പെട്ട അമ്മമാരുടെ വേദനയറിഞ്ഞ് തന്നെ മനസ്സിലാക്കാൻ കഴിയൂ... അധികൃതരുടെ അനാസ്ഥ ആയാലും സർക്കാറിന്റെ അനാസ്ഥ ആയാലും നഷ്ടം മാനപിതാ



ക്കൾക്ക് മാത്രമാണ്. ജീവൻ നഷ്ടപ്പെട്ട കുഞ്ഞുശരീരം നെഞ്ചോട് ചേർത്ത് അമ്മമാർ വിങ്ങുന്നത് ഹൃദയഭേദകമായിരുന്നു. ആംബുലൻസ് സൗകര്യം പോലും അവർക്ക് ലഭിച്ചില്ല. സൈക്കിളിലും ഓട്ടോയിലും ഒക്കെയായി പിഞ്ചുകുഞ്ഞുങ്ങളുടെ ശരീരവുമായി വീടുകളിലേക്കു പോകുന്ന മാതാപിതാക്കളെ എന്ത് പറഞ്ഞ് ആശ്വസിപ്പിക്കാനാണ്. അവരുടെ പ്രതീക്ഷകളും സന്തോഷങ്ങളുമാണ് ആ ആശുപത്രി പരിസരത്ത് അവസാനിച്ചത്. കിളികൊഞ്ചലുമായി കയറി വന്നവർ വെളുത്ത തുണിയാൽ മൂടപ്പെട്ടതിൻ കാരണം ആരാണ് ? മരണകാരണം ഓക്സിജന്റെ അഭാവമായാലും ജപ്പാൻ ജ്വരമായാലും ഈ വലിയ ദുരന്തത്തിന്റെ ഉത്തരവാദിത്വം ആരെങ്കിലും ഏറ്റെടുത്തേ മതിയാവൂ...

എന്തുതന്നെയായാലും ഒരു മെഡിക്കൽ കോളേജിൽ ആവശ്യം വേണ്ട ഓക്സിജൻ സിലിണ്ടറുകളുടെ അഭാവം ദുരന്തം വന്നപ്പോഴായിരുന്നില്ല ചർച്ച ചെയ്യേണ്ടിയിരുന്നത്. ഓക്സിജൻ സിലിണ്ടറുകളുടെ അഭാവം മാത്രമാണോ 74 പിഞ്ചു ജീവനുകളെടുത്തത്.? എന്നത് പ്രധാന ചോദ്യമാണ്. കുട്ടികൾക്ക് വേണ്ടിമാത്രമുള്ള ആശുപത്രിമാത്രമായിരുന്നില്ല അത്. എങ്കിലും എങ്ങനെ അത്രയും കുഞ്ഞുങ്ങളുടെ ജീവൻ പൊലിഞ്ഞു. ആതുരാലയമെന്ന ചെമ്മപ്പേരിൽ നഷ്ടം സംഭവിച്ചത് നമുക്കായിരുന്നു. പണം മുടക്കി ചികിത്സ നടത്തിയ നമ്മളാണോ അതോ സ്വാർത്ഥതക്ക് വേണ്ടി ജീവൻ അപഹരിച്ച അവരാണോ തെറ്റുകാർ. ചിന്തിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. ചിന്താശേഷി നഷ്ടപ്പെട്ട ഒരു കൂട്ടം മനുഷ്യർ നമ്മുടെ അധരങ്ങളെ മറക്കാൻ ശ്രമിക്കുന്നതാണോ. ഇവിടെ പൊലിയുന്നത് ജീവൻ മാത്രമോ അതോ... ഉത്തരമില്ലാത്ത പല ചോദ്യങ്ങൾക്കുമിടയിലൂടെയാണ് ആശുപത്രിയെന്ന പദം നീങ്ങിക്കൊണ്ടിരിക്കുന്നത്. പോകുമ്പോൾ ഉറപ്പ് നൽകാൻ കഴിയുമോ കൊണ്ടുപോയതെല്ലാം തിരികെ കൊണ്ടുവരുമെന്ന്.

രോഗികൾക്ക് കാണപ്പെട്ട ദൈവമായ ഡോക്ടർമാരുടെ മുന്നിലെത്തിയാൽ തന്നെ തങ്ങളുടെ രോഗം ഭേദമായി എന്നതാണ് പലരുടെയും കാഴ്ച്ചപ്പാടെങ്കിലും ഇന്നത് പഴങ്കഥയാണ്. ദൈവ പരിവേഷം പൂണ്ട ഇവർ തന്നെ പലപ്പോഴും കൊലയാളികളാവുന്നതാണ് നാം കാണാറ്. രക്ഷിക്കേണ്ടതിനു പകരം, കയ്യൊഴിയുന്ന പല ഡോക്ടർമാരെയും കാണാം. കണ്ണടച്ചിരുട്ടാകുന്ന ഇവർക്ക് മുന്നിലാണ് സുരക്ഷിതമെന്ന പരിഹാസ വാതിൽ തുറന്ന് നാം ജീവിക്കേണ്ടത്. പഴങ്കഥകളിൽ നിന്ന് വ്യത്യസ്ഥമായി ന്യൂജൻ ആശുപത്രികളെന്താണെന്ന് നമ്മളറിയണം. പണം കൊടുത്ത് ഡോക്ടറിൽ നിന്ന് നമുക്ക് ലഭിക്കേണ്ട സേവനം അതാരുടേയും ഔദാര്യമല്ല മറിച്ച് അവകാശമാണ്. ഉപയോഗം കഴിഞ്ഞ സിറിഞ്ചുകളും ഡേറ്റ് കഴിഞ്ഞ ഗുളികകളും വീണ്ടും ആശുപത്രികളിൽ കുടിയേറിയിരിക്കുന്നത് അതുരാലയമെന്ന ആരോഗ്യമേഖലയിലെ ആതുരാലയമെന്ന സ്വാർത്ഥതയ്ക്ക് വേണ്ടി മാത്രമാണ്. പണക്കൊഴുപ്പിൽ മറിയുന്ന ആശുപത്രികൾ ജീവനല്ല പ്രാധാന്യം നൽകുന്നത്.

കാലുവേദനയുമായി എത്തിയ ആൾക്ക് അവസാനം കാലുമിറിക്കേണ്ട ഗതി ഉണ്ടാകുന്നുവെങ്കിൽ, ഓപ്പറേഷൻ തിയേറ്ററുകളിൽ ജീവൻ പൊലിയുന്നുവെങ്കിൽ നാമിനിയും മൗനം പാലിക്കരുത്. സ്വാർത്ഥതയിൽ സ്വന്തം കാശുനിറക്കാനോടുമ്പോൾ നഴ്സ് രേഗിയെ ശുശ്രൂഷിക്കുകയാണ് ചെയ്യുന്നത്. ഇതിൽ പലപ്പോഴും ശരീരത്തിന്റെ മാത്രമല്ല മനസ്സിന്റെയും മുറിവുണക്കുന്നത് ഉൾപ്പെടുന്നു. ഓരോ രോഗിയും ആശുപത്രി വരാന്ത

യിലിരിക്കുന്നത് ഒരിക്കലെങ്കിലും അസുഖം ഭേദമാകുമെന്ന് സ്വപ്നം കണ്ടുകൊണ്ടാണ്. ഇത്തരം ദിവ്യസ്വപ്നങ്ങൾ കണ്ടുകൊണ്ടാണ്. എന്നാൽ യഥാർത്ഥത്തിൽ സംഭവിക്കുന്നതോ ഇവർ പലപ്പോഴും ഇരകളാകാറാണ് പതിവ്. ആശുപത്രിയെന്ന മനോഹരമായ ഒരു കെട്ടിടം, ശരിയാണ് അത്




വെറും കെട്ടിടം മാത്രമാണ്. പുറമേനിന്ന് നോക്കുന്നവർക്ക് കണ്ണിന് കുളിർമ്മയേകുന്നതും അകത്തുനിന്നുള്ളവരുടെ കണ്ണുകൾ കൊത്തിയെടുക്കുന്ന ഒരു കെട്ടിടം മാത്രം. ആശുപത്രിയുടെ മറവിൽ നടക്കുന്ന ചതികൾ എന്താണെന്ന് ഇന്നേവരെ ചിന്തിച്ചിട്ടുണ്ടോ ? ആശുപത്രിയെന്ന പേരിൽ നടക്കുന്നത് വൻ കച്ചവടങ്ങളാണ്. ചലനം നിലച്ചവന്റെ അവയവങ്ങൾക്ക് വേണ്ടിയുള്ള വിലപേശൽ, ഇരകളെ കണ്ടെത്തുന്ന മാർഗ്ഗവും അവിശ്വസനീയം.

സ്വകാര്യ ആശുപത്രികൾ നടത്തുന്ന സൗജന്യ പരിശോധന എന്ന് കേൾക്കുമ്പോൾ ഈയാം പാറ്റകളെ പോൽ ഓടിയടുക്കണ്ട. അവർ വെട്ടിയ ചതിക്കുഴികൾ പലതും സ്നേഹ വാഗ്ദാനങ്ങളായിരിക്കാം. സ്വാർത്ഥത നിറഞ്ഞ ഈ ലോകത്ത് സ്വന്തം കീശകാലിയാക്കി മറ്റൊരാൾക്ക് സൗജന്യം നൽകാനുള്ള മനസ്സൊന്നും ആർക്കുമില്ല. പിന്നെയെന്തിന് ? ചോദ്യം സ്വാഭാവികമാണ്. അറിഞ്ഞിരിക്കണം, അവർക്കുള്ള ഇരകൾ നമ്മളാണ്. കുഴപ്പമില്ലാത്തവന് കുഴപ്പമുണ്ടെന്ന് പറഞ്ഞാൽ എന്തായിരിക്കും അവസ്ഥ. അവർക്ക് അനുയോജ്യമായത് കിട്ടിക്കഴിഞ്ഞാൽ പുതിയ രോഗങ്ങളും അവർ നമുക്കായ് ചാർത്തിത്തരും. പതിയെ പതിയെ നമ്മളും തളരും. മനസ്സും ശരീരവും ഒരുപോൽ തളർന്ന് അവസാനമായൊരു യാത്ര അതൊരുപക്ഷെ രക്തച്ചുവപ്പ് മാറാത്ത ഓപ്പറേഷൻ തിയേറ്ററുകളിലേക്കായിരിക്കും. ഓപ്പറേഷൻ തിയേറ്ററുകളിൽ തെളിയുന്ന ചുവന്നവെട്ടം കണ്ടിട്ടില്ലേ അതൊരുപക്ഷെ ചീന്തിയെറിഞ്ഞപ്പോൾ ചിതറിത്തെറിച്ച രക്തത്തുള്ളികളാവില്ലേ.?

സൗജന്യത്തിന്റെ മറവിൽ അവർ നമ്മിൽ നിന്നെടുക്കുന്നത് നമുക്ക് പ്രിയപ്പെട്ടതാകാം. പുറത്തു നടക്കുന്ന വിലപേശലിൽ പതിയെ പതിയെ ശരീരം മാത്രം തനിച്ചാകും. എല്ലാം മനസ്സിലാക്കുമ്പോഴേക്കും എല്ലാം കഴിഞ്ഞിരിക്കും. വിധിയെന്ന് മുദ്രചാർത്തി അവരും കൈ ഒഴിയും. ഇത് നമ്മുടെ വിധിയാണോ ? അല്ല ഇത് നമ്മൾ വിളിച്ചു വരുത്തി കൈനീട്ടി സ്വീകരിച്ചതാണ്. തുറക്കേണ്ട കണ്ണുകൾ ഇനിയും നാം മൂടിവെക്കുന്നു. അല്ല ഒരു കാര്യം ഇക്കാലമത്രയും ഡോക്ടർമാർ നടത്തിയ സമരങ്ങളുടെ നയമെന്തായിരുന്നു. രോഗി ഒരു ഇരയായി മാറണമെന്നായിരുന്നില്ലേ. അപ്പോൾ വിഢികളെപ്പോലെ നമ്മളും മരിച്ചു വീഴുമെന്നുറപ്പായി.

വിധിയുടെ വിളയാട്ടമെന്നിതിനെ പേരിട്ട് വിളിച്ചാലും വിധി ആടിയ അരങ്ങൊന്നുമല്ലിത്. നാം പഠിച്ചെടുത്ത ചില ചുവടുകൾ മാത്രം. രോഗിപരിചരണം' അത് ആരുടേയും ഓദാര്യമല്ല മറിച്ച് അവകാശമാണ് എന്നാൽ ഇന്ന് നൽകപ്പെടുന്നതെന്തും ഔദാര്യമായി മാറുന്നു. ആശുപത്രി എന്ന കെട്ടിടത്തിന് മറവിൽ നടക്കുന്ന കൊള്ളയും ചതിയും, പൊലിയുന്നത് ജീവനാണ്. അവർക്ക് അത് വെറുമൊരു കഴിപ്പാട്ടം മാത്രമാണ്. സ്വന്തം കീശനിറക്കാൻ വിൽക്കപ്പെടുന്ന വെറുമൊരു വസ്തു. നഷ്ടപ്പെടുന്നവന് മാത്രമാണ് അത് ജീവനായി മാറുന്നത്.



# അഭയാർത്ഥിക്യാമ്പ് പറഞ്ഞത്

ഞാനന്നോർത്തു രാത്രിയുടെ
അന്ത്യയാമങ്ങളിൽ
അന്തിയുറങ്ങാൻ നേരം...
അഭയാർത്ഥി ക്യാമ്പിലെ
അതിജീവനത്തിന്റെ കണ്ണീർ പായയിൽ.
മിഴിയിണ കലങ്ങി
വിവശതയിൽ മുങ്ങിത്തപ്പി
മുഴുത്തു ഞാൻ ആ ഇരുട്ടിൽ
വിശപ്പടങ്ങാത്ത വയറിന്റെ
പൊരിച്ചിൽ ഞാനറിഞ്ഞത്
ഉടുതുണിക്ക് മറുതുണിയില്ല
എന്ന വെറും പാഴ്ച്ചൊല്ലിന്റെ
പൊരുളറിഞ്ഞത്
പാലായനം ചെയ്യുന്നവന്റെ
ചങ്കിലെ തുടിപ്പറിഞ്ഞത്
ആ അന്ത്യയാമങ്ങളിലായിരുന്നു
അഭയം തേടി വരുന്നവന്റെ
പ്രതീക്ഷയുടെ
നോവറിഞ്ഞത്...
ചാറ്റൽ മഴയോടൊപ്പം
തുളച്ചു വരുന്ന തണുപ്പ്
ഉടലിനെ വിറപ്പിച്ചത്
ആരോ എന്റെ നേർക്ക്
ഇരു കൈകളാൽ
വച്ചു നീട്ടിയ പുതപ്പ്
എന്റെ പ്രളയക്കെടുതിയിലേക്ക്
ഊർന്നു വീണപ്പോൾ മാത്രമാണ്
ഗസ്സയും സിറിയയും
റോഹിങ്ക്യകളുമെല്ലാം
ഒരു നോവായി എന്നിലേക്ക്
പെയ്തിറങ്ങിയത്, ഞാനറിഞ്ഞതേയില്ല!



# ഇനിയെത്ര കയറുകൾ

കടം എന്ന് പറഞ്ഞാൽ ഏതൊരു മനുഷ്യന്റെയും ജീവിതത്തിലൂടെ കടന്ന് പോകുന്ന ഒന്നാണ്. ചിലർക്ക് കടം വളരെ നിസ്സാരമായിരിക്കും. മറ്റ് ചിലർക്ക് കടങ്ങൾ ജീവിതത്തിനെ ദോഷകരമായി ബാധിക്കും. നമ്മുടെ ഇന്ത്യയിലും കേരളത്തിലും കടങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന ധാരാളം പേരുണ്ട്. അവരെയൊന്നും ഒരു കൈ സഹായിക്കാൻ വേണ്ടി ആരും തിരിഞ്ഞ് നോക്കുന്നു പോലുമില്ല. കടങ്ങൾ എന്നു പറഞ്ഞാൽ പലതരത്തിലുണ്ട്. ചിലർക്ക് കടം വളരെ കുറവായിരിക്കും ഒന്ന് ശ്രമിച്ചാൽ വീട്ടാൻ കഴിയുന്നത്. എന്നാൽ മറ്റ് ചിലരുണ്ട് നമ്മുടെ കർഷകരെ പോലുള്ളവർ കടം വാങ്ങി പലരുടെയും മുഖത്ത് നോക്കാനോ സ്വന്തം നാട്ടിൽ തല ഉയർത്തി പിടിച്ച് നടക്കാനോ മടിക്കുന്നവർ. അവർ പാപ്പരായി നടക്കാനുള്ള കാരണം, അവർ മാത്രമല്ല എന്ന് നാം ചിന്തിക്കണം. കർഷകർക്ക് കൃഷി ചെയ്യാൻ ധാരാളം വസ്തുക്കൾ ആവശ്യമാണ്. അതിന്റെ വിലയെല്ലാം ദൈനം ദിനം വർധിപ്പിച്ച് കൊണ്ടിരിക്കുന്നു. അവർക്ക് ലഭിക്കുന്ന പ്രതിഫലമോ വളരെ തുച്ഛം. ഈ തുച്ഛമായ പ്രതിഫലം കൊണ്ട് അവരുടെ ജീവിതാവശ്യങ്ങൾ തന്നെ നിറവേറ്റാൻ കഴിയുന്നില്ല. പിന്നെ എങ്ങനെ അവർ തങ്ങളുടെ കടം വീട്ടും. ഇങ്ങനെയാണ് പലരും പാപ്പരായി തീരുന്നത്. കടം വീട്ടാൻ കഴിയാതെ നിസ്സഹായനായി കയറിന്റെ കുരുതിലേക്ക് തല വെക്കുന്നത്. ഇത് മനസ്സിലാക്കി ഇന്ത്യ നടപ്പിലാക്കിയ ഒരു നിയമം ആയിരുന്നു കടം എഴുതിത്തള്ളൽ

കടം എഴുതി കള്ളുക എന്ന് പറഞ്ഞാൽ അത് നിസ്സാരമല്ല. കടങ്ങൾ കൊണ്ട് പൊറുതിമുട്ടി വെറും അഞ്ചോ, പത്തോ രൂപയുടെ കയറിന്റെ ഒരറ്റത്ത് പൊലിയുന്ന ധാരാളം ജീവനുകളെ രക്ഷിക്കാനാകും. എന്താണ് കടം എഴുതി തള്ളുക എന്നത് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ ? ഇന്ത്യയിലെയും കേരളത്തിലെയും കടം എഴുതി തള്ളുന്നതിന്റെ അവസ്ഥ എന്താണെന്ന് ആരെങ്കിലും അന്വേഷിച്ചിട്ടുണ്ടോ ?

നമ്മുടെ പൊതുമേഖല ബാങ്കുകളിൽ നിന്നും ലക്ഷക്കണക്കിന് കോടി രൂപയുടെ വായ്പയാണ് കോർപറേറ്റുകൾ എടുത്തിട്ടുള്ളത് ഇതിൽ നല്ലൊപ്പു പങ്ക് കിട്ടാക്കടമാണ്. 2014-18 അതായത് ബി ജെ പി സർക്കാറിന്റെ ഭരണകാലത്ത് ബാങ്കുകൾ 3.17 ലക്ഷം കോടി രൂപ എഴുതിത്തള്ളി. ഈ എഴുതിത്തള്ളിയ കടം സഹകരണ മേഖലയുടേതോ പൊതുമേഖലയുടേതോ അല്ല. 90 ശതമാനത്തോളം വൻകിട കുത്തകങ്ങളുടേതാണ്. ഇത്മൂ

ലം ബാങ്കുകൾ നഷ്ടത്തിലാണ്. ഇതിൽ ലാഭം കോർപറേറ്റുകൾക്കും, നഷ്ടം ഖജനാവുകൾക്കും പാവം കർഷകർക്കും.

കേരളത്തിലെ സ്ഥിതിയും ഇതു തന്നെയാണ്. നമ്മുടെ സംസ്ഥാന സഹകരണ ബാങ്കിന്റെ അറ്റ നഷ്ടം 247.69 കോടി രൂപയും അറ്റ നഷ്ടം 141.39 കോടി രൂപയുമാണ്. ഇതിന് കാരണം മാർക്കറ്റ് ഫെഡ്, റബർമാർക്ക്, റെബ്കോ എന്നീ സ്ഥാപനങ്ങൾക്ക് അനുവദിച്ച വലിയ വായ്പകൾ എൻ.പി.എ ആയി മാറിയതാണ്. ഇതെല്ലാം ബാങ്കിന് കിട്ടാകടമായാണ് കണക്കാക്കുന്നത്.

ഇന്ത്യയുടെ യഥാർത്ഥമായ ജീവിതം അന്തിയുറങ്ങുന്നത് ഗ്രാമങ്ങളിലാണ്. കർഷകർ ഇല്ലായിരുന്നുവെങ്കിൽ ഇന്ന് ഇന്ത്യയുടെ നിലനിൽപ്പിനെ തന്നെ ബാധിച്ചിരുന്നു. ഓരോ കർഷക കുടുംബമാണ് ഇന്ത്യയുടെ ജീവൻ നിലനിർത്തുന്നത്. വിദ്യാഭ്യാസത്തിന്റെ അഭാവം അത് കൊണ്ട് മാത്രമാണ് അവരുടെ ശബ്ദം ആരും കേൾക്കാതെ പോയത് അവർ ഓരോ ഇന്ത്യക്കാരന്റെയും ജവിതം നിലനിർത്താൻ ശ്രമിക്കുമ്പോൾ സ്വന്തം അടിവേര് ഇളകി പോകുന്നത് അവർ ശ്രദ്ധിക്കുന്നില്ല. തലചായ്ക്കാൻ ഒരുകൂര, കൃഷി ചെയ്യാൻ അൽപം ഭൂമി വേറെ എന്ത് അവകാശങ്ങളാണ് അവർക്ക് നേടാൻ കഴിഞ്ഞിട്ടുള്ളത് ? ഇവയെല്ലാം വാദിച്ച് വാങ്ങാനുള്ള ശക്തി, ശബ്ദം അവർക്കില്ലാതെ പോയി. ഈ അവസരങ്ങളെല്ലാം മുതലെടുത്ത് ജീവിക്കുന്ന സംഘവും ഇതേ ഇന്ത്യയിൽ തന്നെ അടിവേരുറപ്പിച്ചിട്ടുണ്ട്.

ഇന്ത്യയിൽ നടപ്പിലാക്കിയ കടം എഴുതിത്തള്ളൽ നിയമം അത് കർഷകർക്ക് വേണ്ടിയുള്ളതായിരുന്നു. ഏറെ കുറെ കർഷകരുടെ ജീവിതവും മെച്ചപ്പെട്ടിരുന്നു. പക്ഷെ, അന്നുമുതലേ ഈ അവസരങ്ങളെല്ലാം ചൂഷണം ചെയ്യപ്പെട്ടിരുന്നു. അന്ന് ആരും ശ്രദ്ധിച്ചില്ല അതുകൊണ്ട് തന്നെ ഇന്ന് കിട്ടേണ്ടത് കിട്ടേണ്ടവന് കിട്ടുന്നില്ല. എത്രയധികം കർഷകർ കടം താങ്ങാനാവാതെ ആത്മഹത്യ ചെയ്തിട്ടുണ്ട്. താൻ മരിച്ചാൽ തന്റെ കുടുംബം എങ്ങനെ ജീവിക്കും എന്നോർത്ത് കുടുംബത്തോടെ ആത്മഹത്യചെയ്യും. കർഷകന്റെ മുന്നിൽ ആത്മഹത്യ അല്ലാതെ ഒരു പരഹാരമില്ല എന്നാണ് ചൂണ്ടിക്കാണിക്കുന്നത് ദിനം പ്രതി പത്രങ്ങളിൽ നാം വായിക്കാറുണ്ട്. ഒരു കർഷകന്റെയെങ്കിലും ആത്മഹത്യ വിശദമായി അന്വേഷിക്കുമ്പോൾ കടം താങ്ങാനാവാതെ മനംനൊന്തായിരിക്കും അവരുടെ ആത്മഹത്യ. കർഷകർ കൂട്ടത്തോടെ ആത്മഹത്യ ചെയ്യാൻ തുടങ്ങിയാൽ ഇന്ത്യയുടെ അവസ്ഥ എന്താവും എന്ന് ഒരു പ്രധാനമന്ത്രിയും



ചിന്തിച്ചിട്ടുണ്ടാകില്ല.

മിനിമം ബാങ്ക് ബാലൻസ് ഇല്ല എന്ന പേരിൽ പാവപ്പെട്ടവനെ പിഴിയുന്ന ബാങ്കുകൾ കുത്തക മുതലാളിമാരുടെ കോടിക്കണക്കിന് വരുന്ന കടങ്ങൾ എളുതിത്തള്ളുന്നു. ജനവിരുദ്ധവും തൊഴിലാളി വിരുദ്ധമായ ഈ നടപടികൾ ചോദ്യം ചെയ്യാൻ ആരുമില്ല. പാവപ്പെട്ടവന്റെ വായ്പകൾ എഴുതിത്തള്ളാൻ മടി കാണിക്കുന്ന പല ബാങ്കുകളും 100 കോടി മുതൽ 500 കോടി വരെ എഴുതി തള്ളാൻ ഒരു മടിയുമില്ല. കർഷകർക്ക് ഒരു നേരത്തെ ഭക്ഷണത്തിന് വേണ്ടി കഷ്ടപ്പെടുമ്പോഴും, രാജ്യത്തെ സകല മേഖലകളും സാമ്പത്തിക മാന്ദ്യത്തിൽ അടിയുലയുമ്പോഴുമാണ് ഈ അധികാര ധൂർത്തും എഴുതിത്തള്ളലും എന്നതാണ് ശ്രദ്ധേയം

രാജ്യമൊട്ടാകെ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും കോർപറേറ്റുകളുടെ വായ്പകൾ മുഴുവൻ എഴുതി തള്ളുകയാണ് സർക്കാരുകൾ ചെയ്യുന്നത്. അതേ സമയം ഇതൊരു സാധാരണക്കാരന്റേതാണെങ്കിൽ അയാൾക്ക് ആകെയുള്ള സ്വത്തുകളെല്ലാം കണ്ട്കെട്ടാൻ സർക്കാർ ഉത്തരവിടും സർക്കാരിന്റെ സമീപനങ്ങൾ മുഴുവൻ വൻകിട മുതലാളിമാർക്ക് അനുകൂലമാണ്.

ഇതിലൂടെ നമുക്ക് കാണാം പലരുടെയും ഉള്ളിൽ ചതി ഒളിഞ്ഞിരിക്കുന്നത്. അവകാശങ്ങളും നിയമങ്ങളും അർഹിക്കുന്നവന് ലഭിക്കാതെ ആർക്ക് കൊടുത്താലാണ് പ്രയോജനം എന്ന് മാത്രം നോക്കുന്നു. ഇത് വലിയൊരു ചതിയാണ്. ഇത് കാരണം എത്രയെത്ര ജീവനുകളാണ് പൊലിയുന്നത്. ഇതിലൂടെ രാജ്യത്തെ മൊത്തമായി ചതിക്കുഴിയിലേക്ക് താഴ്ത്തുകയാണ്. എന്ന് തൂർക്കുമീ ചതിക്കുഴികൾ അന്നേ ഇന്ത്യ നന്നാവുകയൊള്ളൂ...



# ഒച്ചയുണ്ടാക്ക്

മനുഷ്യജന്മങ്ങൾ തെരുവിൽ കഴുത്തറക്കപ്പെട്ടിട്ടുണ്ട്...
നാം മൗനത്തിലാണ് ;
പിച്ചിച്ചീന്തിയ പെൺമാനങ്ങൾ തിന്നുപോയിട്ടുണ്ട്...
നാം മൗനത്തിലാണ് ;
പശിയടക്കാൻ കടിച്ചിറക്കിയ ഭക്ഷണത്തിന്റെ ജാതകം നോക്കാൻ
വയർ പിളർത്തി കുടൽ മാന്തി നോക്കിയിട്ടുണ്ട്...
നാം മൗനത്തിലാണ് ;
മിഴിയരികിൽ പച്ച മനുഷ്യനെ പച്ചക്ക് തല്ലി ചുടുരക്തം കൊണ്ട് ബലി
ദർപ്പണം ചെയ്തിട്ടുണ്ട്
നാം മൗനത്തിലാണ് ;
ഇനിയെങ്കിലും-
മൗനം കൊണ്ടീ മുറിവാഴങ്ങളിൽ തിളയെണ്ണയൊഴിക്കാതെ, ശബ്ദിച്ചാ
ലും...


നീ
കേൾക്കാതെപോയ
മുറവിളികൾ



# യാന്ത്രികം

ചക്രവാളത്തിനും മീതെ ഉദിച്ചുയരുന്ന സൂര്യൻ കണ്ണിൽ തറച്ചപ്പോൾ അവൻ ഉണർന്നു, കണ്ണുതിരുമ്മി ബാത്ത്റൂമിൽ പോയ അവനെ ആർട്ടിഫിഷ്യൽ ഇന്റലിജെന്റ്സ് പാഠമാക്കിയ യന്ത്രം കുളിപ്പിച്ചു. ഓഫീസിലേക്കുള്ള ഡ്രസ്സെല്ലാം ധരിച്ച് അവൻ പ്രാതലിനുവേണ്ടി ഇരുന്നനു.

പത്രത്തിൽ നിന്നും മുളപ്പിച്ചു കൊണ്ടുവന്ന പച്ചക്കറികളാണ് ഇന്ന് അവന്റെ പ്രാതൻ. പുറത്തു സൂര്യൻ ഉച്ചിയിലായി വല്ലാണ്ട് വേവിക്കുന്നുണ്ട്. സൂര്യന്റെ ചൂടിനെ മറക്കാനായി എ.സി. ഘടിപ്പിച്ച വസ്ത്രമണിഞ്ഞാണ് അവൻ പുറത്തിറങ്ങുന്നത്. നിലത്ത് ടയറുപോലും തട്ടാത്ത അവന്റെ കാർ അവിടെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. സോളാർ എനർജി ഉപയോഗിച്ചിട്ടാണ് അത് പ്രവർത്തിക്കുന്നത്. അതിൽ കയറിയവൻ സ്വിച്ചമർത്തി ജി.പി.എസ് ഓണാക്കി ഓഫീസിലേക്കുള്ള ലൊക്കേഷൻ സെറ്റ് ചെയ്തു. ഒഫീസിലേക്കുള്ള വഴിയിൽ കോൺക്രീറ്റ് മരങ്ങളെല്ലാതെ ഒരു തുള്ളി പച്ചപ്പ് പോലും ഉണ്ടായിരുന്നില്ല. പച്ചപ്പുകൾ അവസാനിച്ചു കോൺക്രീറ്റ് കൂനകൾ അങ്ങിങ്ങുമായി പൊന്തിയും താന്നും അവന്റെ യാത്രയിൽ ഉടനീളം നിറഞ്ഞുനിന്നു. ഓഫീസിൽ കയറിയപ്പോൾ ആർട്ടിഫിഷ്യൽ ഇന്റലിജെന്റ്സ് പാഠമാക്കിയ രൂപങ്ങൾ അതായത് റോബോട്ടുകൾ അവിടെങ്ങും ഉണ്ടായിരുന്നു. തൂപ്പുകാരനായും, കോഫി ബോയ് ആയും റിസപ്ഷനായും മറ്റും.



ഇത് റോബോട്ട് മെക്കാനിക്ക്സ് തൊഴിലില്ലായ്മ രൂക്ഷമായ ഈ കാലത്ത്, ഇപ്പോൾ ഒരു തൊഴിലുണ്ടെങ്കിൽ അത് റോബോട്ട് മെക്കാനിക്ക്സിന് മാത്രമാണ് അത് അവന്റെ ഭാഗ്യം. ഓഫീസിൽ അവന്റെ കസേരയും ടേബിളും അവനെ കാത്തു നിൽക്കുന്നുണ്ടായിരുന്നു. അവന്റെ ടേബിൾ അവിടെ ശൂന്യമായിരുന്നു. ഒരു സ്വിച്ചിൽ വിരലമർത്തിയപ്പോൾ ശൂന്യതയിൽ എവിടെയോ നിന്ന് ഒരു സ്ക്രീൻ അവന്റെ മുമ്പിൽ കുതിച്ചുയർന്നു. പിന്നീടങ്ങോട്ട് ഗണിത ശാസ്ത്രത്തിലെ ഒരുപാട് സമവാക്യങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ചേർത്തും, തിരിച്ചും മറിച്ചും, അങ്ങനെ ഉച്ചയൂണിന്റെ സമയമായി. എ.സി. ഘടിപ്പിച്ച വസ്ത്രം ധരിച്ചു അവൻ ഉച്ചയൂണിന്റെ സമയമായി ഇറങ്ങി. തീൻമേശയ്ക്കു മുന്നിൽ ഒന്നടക്കം ആർട്ടിഫിഷ്യൽ ഇന്റലിജെന്റ്സ് പഠിതാക്കളായിരുന്നു. തിന്നുന്നവർ മാത്രമാണ് മനുഷ്യർ. ബാക്കിയെല്ലാം റോബോട്ടും. ഉച്ചയൂണ് കഴിഞ്ഞ് ഓഫീസിലെത്തിയപ്പോൾ ഓഫീസിലെ ബിഗ്സ്ക്രീനിൽ ഒരു വമ്പൻ വാർത്ത തന്നെ മിന്നി മറയുന്നുണ്ടായിരുന്നു. റോബോട്ട്മെക്കാനിക്ക്സ് പാഠമാക്കിയ ഒരു ആൻഡ്രോയ്ട് റോബോട്ടിന്റെ ഒരു മണ്ടൻ മനുഷ്യൻ സൃഷ്ട്ടിച്ചിരുന്നു. പിന്നീട് അവന്റെ കൺമുന്നിൽ മിനിറ്റുകൾക്കുള്ളിൽ റോബോട്ടുകളാൽ നിറഞ്ഞു. മനുഷ്യനും മനുഷ്യത്വവും ഇല്ലാത്ത് ഒരുലോകം അവന്റെ മുന്നിലൂടെ മിന്നിമറിഞ്ഞു.

പെട്ടെന്നെന്തോ അവനാ ദുസ്വപ്നത്തിൽ നിന്ന് കൺതുറന്നെഴുന്നേറ്റു. കണ്ണുതിരുമ്മി ജനൽപാളികളിലൂടെ മിഴികൾ പായിച്ചു. ജനലിലൂടെ കണ്ട വാഗമരത്തിന്റെ പച്ചപ്പ് അവന്റെ മനസ്സിനെ ശാന്തമാക്കി. ഒരിക്കലും ആഗ്രഹിക്കാത്ത വിദൂരതയിൽ അല്ല അരികെതന്നെ ഉള്ള ഈ മാറ്റത്തെ അവനെ പോലെ ഞാനും ഭയക്കുന്നു.



# സാങ്കേതികതയുടെ ലോകം

കാലം ഏറെ മാറിയിരിക്കുന്നു. കൂടെ നാം ഏവരും... ‘കാലത്തിനൊത്ത് കോലം മാറുക‘ എന്ന പഴഞ്ചൊല്ല് കൂടുതൽ അർത്ഥവത്താകുന്ന രീതിയിലാണ് നാം ഉൾപ്പെടുന്ന ഈ സമൂഹത്തിന്റെ പോക്ക്. ഇതിനു കാരണം എന്തെന്ന് ചോദിച്ചാൽ ഒറ്റസ്വരത്തിൽ പറയാൻ സാധിക്കും ‘ഇന്റർനെറ്റ്‘ അതെ ഇന്റർനെറ്റിന്റെയും സോഷ്യൽമീഡിയയുടെയും വരവോട് കൂടി ഈ സമൂഹം ഏറെ മാറിയിരിക്കുന്നു.

ഇന്റർനെറ്റിന് ഒരുപാട് നല്ല വശങ്ങൾ ഉണ്ട്, ഇല്ല എന്നതിന് ആർക്കും ഒരു എതിരഭിപ്രായം ഇല്ല. പക്ഷെ! ഈ നല്ല വശങ്ങൾക്കിടയിൽ ഒളിഞ്ഞിരിക്കുന്ന ദൂഷ്യ വശങ്ങളെ കുറിച്ച് നാം ഓർക്കുന്നില്ല. അല്ലെങ്കിൽ നമ്മൾ അത് ബോധപൂർവ്വം മറക്കുന്നു. പണ്ട് പരിചിതർ ആയവർ ഇന്റർനെറ്റിന്റെ വരവോട് കൂടി ഇപ്പോൾ നമുക്ക് അപരിചിതർ ആയിക്കഴിഞ്ഞിരിക്കുന്നു. അതുപോലെ തന്നെ അപരിചിതരും. ആർക്കും ഒന്നിനും സമയമില്ല. നമുക്ക് ചുറ്റും എന്ത് സംഭവിക്കുന്നു എന്നതിന് ഒരറിവും ഇല്ല. ഏവരും ഇന്റർനെറ്റിന്റെ വർണ്ണശലഭമായ ഇന്ദ്രജാലത്തിൽ മുഴുകിയിരിക്കുകയാണ്. പക്ഷെ! അവർ അറിയുന്നില്ലല്ലോ അത് വെറും ജാലവിദ്യയാണെന്ന്. ഒരിക്കൽ അകപ്പെട്ടാൽ പിന്നെയൊരിക്കലും പുറംലോകം




കാണാനോ, പുറംലോകത്തോട് സംവദിക്കാനോ സാധിക്കാത്തവിധം അവർ ആ ജാലവിദ്യയിൽ അകപ്പെട്ടെന്നു മനസ്സിലാകുമ്പോഴേക്കും കാലം ഏറെ മുന്നോട്ട് സഞ്ചരിച്ചിരിക്കും.

ഇന്റർനെറ്റാൽ ഒരുപാട് പേർക്ക് നല്ല രീതിയിലുള്ള മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. അതുപോലെതന്നെ മോശമായും ചിലർ അത് വെറും ചതികൾക്കായുള്ള ഒരിടമായാണ് പരിഗണിച്ചിരിക്കുന്നത്. ഫെയ്ക്ക് ഐഡി യിലൂടെ മറ്റുള്ളവരെ വഞ്ചിക്കുന്നത് അവർക്ക് ഒരു വിനോദമാണ്. പക്ഷെ! ഒരു കൂട്ടം വഞ്ചിക്കപ്പെടാനായി നിൽക്കുന്നു എന്നറിയപ്പെടുമ്പോഴാണ് ഏറെ സങ്കടം.

ഒരു വശത്ത് പത്ത്മാസം എല്ലാ വേദനകളും സഹിച്ച് തന്നെ ഉദരത്തിലേറി കൊണ്ടു നടന്ന അമ്മയെയും, എല്ലാ പ്രയാസങ്ങൾക്കിടയിലും സ്വന്തം ഇഷ്ടങ്ങൾ മറന്ന് മക്കളുടെ ഇഷ്ടങ്ങളെ സ്നേഹിച്ച അച്ഛനെയും ഒരു ദിനരാത്രം കൊണ്ട് ഉപേക്ഷിക്കാൻ ഇന്റർനെറ്റിന്റെ സഹായത്തോടെ സോഷ്യൻ മീഡിയയുടെ മറവിൽ ചിലർ ചിലരെ പ്രാപ്തരാക്കുന്നു. മറുവശത്ത് സ്വന്തം മേൽവിലാസം നഷ്ടപ്പെട്ട് മറ്റുള്ളവർക്കു മുൻപിൽ പരിഹാസപാത്രമായ് നിൽക്കുന്ന ചിലർ.

അറിയുന്നില്ല നാം... ഇനിയൊരിക്കൽ അറിഞ്ഞാലും അത് ഉൾക്കൊള്ളാൻ നമ്മുടെ മനസ്സ് ഒരിക്കലും തയ്യാറാവുകയുമില്ല. ആ ഒരൊറ്റ കാരണം കൊണ്ടാണ് നമുക്ക് ഇന്റർനെറ്റെന്ന ഇന്ദ്രജാലത്തിന്റെ ചങ്ങല ഭേദിച്ച് പുറം ലോകം കാണാൻ സാധിക്കാത്തത്.

'ഇനിയും ഇന്റർനെറ്റ് എന്ന മായികലോകത്തിന്റെ നീരാളിപിടിത്തത്തിൽ നിന്നും നാം സ്വതന്ത്ര്യമാകേണ്ടിയിരിക്കുന്നു. ഇനിയും അന്ധമായ് വിശ്വസിക്കല്ലെ ആ ജാലവിദ്യയെ. അത് നിങ്ങളെ വേരോടെ പിഴുതെറിയാൻ പ്രാപ്തിയുള്ള അസുരവിദ്യയാണ്□



# എങ്ങോട്ടാണെടോ ഈ പോക്ക്...?

വരാനിരിക്കുന്ന പ്രശ്നങ്ങൾ തിരിഞ്ഞ് നോക്കാതെ മുന്നോട്ട് ഓടിക്കൊണ്ടിരിക്കുന്ന ഈ സമൂഹത്തിന്റെ നിലപാട് നാശത്തിലേക്കാണ്. അതിനു മാത്രം സമൂഹം സോഷ്യൽ മീഡിയയെ ഏറ്റെടുത്തിരിക്കുന്നു. പ്രസവിച്ച് വീഴുന്ന കുഞ്ഞ് മുതൽ വൃദ്ധർ വരെ ഇപ്പോൾ സോഷ്യൽ മീഡിയക്ക് ജീവിതം സമർപ്പിച്ചു കൊണ്ടിരിക്കുകയാണ്. പുതിയ ലോകത്തിന്റെ ഹൃദയമാണ് സോഷ്യൽ മീഡിയകൾ നന്മകളും തിന്മകളും ഉള്ള ഒരിടം. എന്നാൽ ഇവിടെ നിയന്ത്രിക്കാൻ ആരുമില്ല, എന്നതാണ് ഇതിന്റെ പ്രധാന സവിശേഷത. ഒരു ദിവസത്തിൽ ആറു മണിക്കൂറിൽ ഏറെ സോഷ്യൽ മീഡിയയിൽ ചെലവഴിച്ച് ശരീരത്തിന്റെ ഒരു അവയവം പോലെ ഒഴിച്ചുമാറ്റാൻ പറ്റാതെ, സമൂഹത്തോട് എങ്ങനെ പ്രതികരിക്കണം എന്ന് പോലുമറിയാതെ മാനസിക പ്രശ്നം അനുഭവിക്കുന്നവർ നമുക്കിടയിലുണ്ട്. നമുക്ക് വളരുവാനും ചിന്തിക്കുവാനും അറിവുനേടാനും അത് പകർന്ന് നൽകാനും സ്വഭാവ രൂപികരണത്തിനു വേണ്ടിയും നല്ല ബന്ധങ്ങൾ ഉണ്ടാക്കുവാനുമുള്ള സമയം മുഴുവൻ പകലോ രാത്രിയോ എന്നില്ലാതെ ഒരു മുറിക്കുള്ളിൽ വെറുതെ നഷ്ടപ്പെടുത്തുന്നു.

കുടുംബങ്ങൾ സമൂഹത്തിന്റെ ആണിക്കല്ലായ



കേരള സമൂഹത്തിൽ പല കുടുംബങ്ങളുടെയും അടിത്തറ ഇളകുന്നതും സോഷ്യൽ മീഡിയ കാരണമാണ്. ജോലി കഴിഞ്ഞു വരുന്ന ഭർത്താവ് മുഴുവൻ സമയം സോഷ്യൽ മീഡിയയിൽ ചെലവഴിക്കുന്നു എന്ന് പറയുന്ന ഭാര്യമാരുണ്ട്. ഭർത്താക്കന്മാരെ ശ്രദ്ധിക്കാതെ സോഷ്യൽ മീഡിയയിൽ ചെലവഴിക്കുന്ന ഭാര്യമാരുമുണ്ട്. ഇവിടെ രണ്ട് പേരുടെയും ഈ സ്വഭാവം കണ്ട് വളരുന്ന കുഞ്ഞുങ്ങളുടെ അവസ്ഥ പലപ്പോഴും നമ്മൾ മറന്ന് പോകാറുണ്ട്. 'അധ്വാനത്തിലൂടെ മാത്രമേ ലോകത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ.' ചിന്തിച്ചും വായിച്ചും അധ്വാനിച്ചും ലോകത്തെ കെട്ടിപ്പടുത്തവരാണ് നമ്മൾ ആരാധിക്കുന്ന മനുഷ്യന്മാർ. എന്നിട്ടും എന്ത്കൊണ്ട് ഒരുപാട് പേർക്ക് അലസതയും മടിയും ഉണ്ടാകുന്നു എന്ന് ചോദിച്ചാൽ വളരെ ലളിതമായ ഉത്തരമാണ് സോഷ്യൽ മീഡിയ

രാത്രി അമിതമായ സോഷ്യൽ മീജഡിയ ഉപയോഗം രാവിലെ വൈകി എഴുന്നേൽക്കാൻ, തുടർന്ന് ഭക്ഷണക്രമത്തിലുള്ള വ്യത്യാസം, ക്ഷീണം, ഇതൊക്കെ ഒരാളുടെ ജീവിതത്തിൽ എത്രമാത്രം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന് നമ്മൾ ചിന്തിച്ചു പോകുന്നില്ല. മണിക്കൂറോളം ഗെയിം കളിക്കുന്ന കുട്ടികളിൽ, പ്രത്യേകിച്ച് കൗമാരക്കാരിൽ തലച്ചോറിന്റെ വികാസത്തേയും വ്യക്തിത്വത്തെയും അതുവഴി ഭാവിജീവിതത്തെയും വരെ സ്ക്രീൻ അഡിക്ഷൻ സ്വാധീനിക്കുന്നു എന്നതാണ് കണ്ടെത്തൽ.

എല്ലാ സ്ക്രീനുകളും കുട്ടികളിൽ നിന്ന് എടുത്ത് മാറ്റുകയല്ല, അവയുടെ ഉപയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയാണ് വേണ്ടത്. ഇനി മുന്നോട്ടുള്ള കാലത്ത് സോഷ്യൽ മീഡിയയുടെ പ്രാധാന്യം വളരെ വലുതാണ്. മൊബൈൽ വാങ്ങിക്കൊടുക്കരുതെന്നും, സോഷ്യൽ മീഡിയ ഉപയോഗിക്കരുതെന്നും പറയാൻ സാധിക്കില്ല. മറിച്ച് അതിനെ നല്ല രീതിയിൽ നിയന്ത്രണത്തോട് കൂടി ഉപയോഗിക്കാൻ ശീലിക്കുക. വിട്ടുമാറാത്ത തലവേദന, തോളെല്ലു വേദന, ക്ഷീണം, കഴുത്ത് വേദന, മൈഗ്രെൻ, കൈകാൽ വേദന, ടെൻഷൻ എന്നിങ്ങനെ വിവിധ അവസ്ഥകൾ വർധിക്കുന്നതിന് പുറകിലും ഈ സോഷ്യൽ മീഡിയയുടെ അമിത ഉപയോഗം തന്നെയാണ് അതിലേക്ക് തലകുനിച്ചിരുന്ന് ചുറ്റുഭാഗങ്ങളിലേക്ക് കണ്ണ് കൊടുക്കാതെ അതിൽ ലയിച്ചുപോകുന്നു.

അതിനാൽ നാം എല്ലാവരും കരുതിക്കൊണ്ട് മുന്നോട്ട് കുതിക്കുക. എല്ലാം നല്ലത് തന്നെയാണ്, പക്ഷേ എല്ലാം ചിന്തിച്ച് ഉപയോഗിക്കുക. അത് കുട്ടികളായാലും മാതാപ്പിതാക്കളായാലും. കാരണം ചിന്തകളിൽ നിന്നാണ് വികാരങ്ങൾ രൂപപ്പെടുക. വികാരങ്ങളിൽ നിന്നാണ് പ്രവൃത്തിയും രൂപപ്പെടുന്നത്.



# നിർജീനം

കളർ പെൻസിലും
പാവക്കുട്ടിയും
കുപ്പത്തൊട്ടിയിൽ
കിടന്നു കരഞ്ഞു.

മീനുക്കുട്ടിയപ്പോൾ
അച്ഛന്റെ ഫോണിൽ
ഗെയിം കളിച്ചിരിപ്പാണ്

ഉപേക്ഷിക്കപ്പെടുന്നവർക്കല്ലേ
ഒറ്റപ്പെടലിന്റെ
വേദനയറിയൂ

ആഫില
1ST Biochemistry

# മാറാല

രക്തം പൊടിയുന്ന ചോരക്കണ്ണുകളില്ലാ,
തൊട്ടുപോകരുതെന്നട്ടഹസിക്കാൻ ശബ്ദവുമില്ല,
കണ്ടാൽ തെട്ടുന്ന ഭീകരരൂപവും എനിക്കില്ല,
വാർദ്ധക്യത്തിന്റെ നരയുമായി നിശബ്ദം
ഇളകിയാടുന്ന തുരുമ്പിച്ച വിജാഗിരികൾക്കിടയിൽ,
അതുകൊണ്ടാവാം, പെറുമൊരു കുറ്റിച്ചൂലിന്റെ
കൈകളാൽ എന്നും എന്റെ അന്ത്യം കുറിക്കപ്പെടുന്നത്

**ജംഷിദാ ബാനു**



# മടങ്ങിപ്പോക്ക്

എന്നെയീ വഴിയോരത്ത്
ഉപേക്ഷിച്ച്
നിനക്ക് കടന്നുകളയാം
ഞാനോ എന്റെ നിഴലോ
നിന്നെ ഓർത്ത് വരില്ല
തണുപ്പിന്റെ വിറച്ച സായന്നനത്തിലും
എന്റെയുള്ളെല്ലാം കത്തിയെരിയുകയാണ്
എന്റെ നിർവികാരതയിൽ
നിന്റെ മുഖം വലിഞ്ഞുമുറുകുന്നു
യാത്ര ചോദിക്കുമ്പോൾ നിന്റെ ചു
ണ്ടുകൾ
എന്റെ മിഴിയഴകിലമരുന്നു
ഞാനറിയുന്നു, മരണമെന്ന
വികാരത്തിലാണ് ഞാൻ
വിശ്വസിക്കൂ നീ ഈ മടങ്ങിപ്പോക്ക്

**സിനാജ് കളത്തിങ്ങൽ**

# ബാക്കിപത്രം

നന്മകളെല്ലാം നറന്നു, വളരുന്നു നാം
മണ്ണുപോലെ മനസ്സും മലിനമായ്....
മാലിന്യക്കൂമ്പാരം തള്ളിക്കളയുന്നു.
ശുദ്ധമായുള്ള നീരുറവകളിൽ,
പ്രകൃതിയെ കാർന്നു തിന്നുന്ന നാം
ഏറ്റുവാങ്ങി ദുരിതമാം പ്രളയവും വേനലും

ധൂർത്തും മടിയും മനുഷ്യനിൽ പിടിപ്പെട്ടു
അധ്വാനിക്കുന്നില്ല ഒരു മലയാളിയും
വിദ്യകൾ ചൊല്ലിത്തരും വിദ്യാലയങ്ങളും
മാറ്റിനാം ലാഭങ്ങൾ കൊയ്യുന്നതിനായി...
എങ്ങും അഴിമതിയും ചതിക്കുഴികളും
കാലങ്ങൾ ഇതാ നീങ്ങിടവെ....

**വിഷ്ണവി പി.**



# നമ്മുടെ കുട്ടികൾ ലഹരിമുനമ്പിലോ ?

ഓരോ കുട്ടിക്കും വ്യത്യസ്ഥ സ്വഭാവവും ശീലവും ശൈലിയുമാണ്. ഇത് വികസിച്ച് വരുന്നത് കുടുംബാന്തരീക്ഷത്തിൽ നിന്നും സാമൂഹികമായ ഇടപെടലുകളിൽ നിന്നുമാണ്. അറിഞ്ഞോ, അറിയാതെയോ ലഹരിമാഫിയകൾ വിരിച്ച വലയിൽ അകപ്പെട്ട് പോകുന്ന സങ്കീർണ്ണമായ കാഴ്ചകളാണ് ദിനംപ്രതി പത്രമാധ്യമങ്ങളിലൂടെ കണ്ടുകൊണ്ടിരിക്കുന്നത്. പിന്നീട് ഒരിക്കലും കരകയറാനാകാത്ത വിധം ചതിയിലാണ്ടുപോയ ഒരു ജനറേഷൻ ഇവിടെ ഉടലെടുത്തിരിക്കുന്നു.

പണ്ട് കഞ്ചാവും ഹാൻസുമാണ് ലഹരി ഉപയോഗമെന്ന് കേൾക്കുമ്പോൾ മനസ്സിലെത്തുക. ഇന്ന് പക്ഷേ ലഹരിയുടെ വഴികൾ പോലീസിനെപ്പോലും ഞെട്ടിക്കുന്ന രീതിയിൽ മാറിക്കഴിഞ്ഞു. ലഹരി തേടുന്ന കൗമാരക്കാരും



യുവാക്കളും ഇപ്പോൾ വ്യാപകമായി ഉപയോഗിക്കുന്നതും മാഫിയകളുമായി ബന്ധപ്പെട്ട് കൈമാറ്റം ചെയ്യുന്നതും നൈട്രോസെപാം ഗുളികയാണ്. ഇതര സംസ്ഥാനങ്ങളിൽ ഈ ഗുളിക മെഡിക്കൽ ഷോപ്പുകളിൽ നിന്ന് ഡോക്ടറുടെ വ്യാജ പ്രിസ്ക്രിപ്ഷൻ കാണിച്ച് വാങ്ങി കേരളത്തിലെത്തിക്കുകയാണ്. സ്കൂളുകളിലേക്കും വീട്ടിലേക്കുമുള്ള വഴികളിലും കൂട്ടുകെട്ടിലുമെല്ലാം ലഹരി മാഫിയ പതിയിരിക്കുമ്പോൾ നമ്മുടെ കുട്ടികൾ അതില കപ്പെട്ടുപോകുന്നു. സൗഹൃദം നടിച്ചും നല്ലവനായ് ചമഞ്ഞും കൗമാരക്കാരായ വിദ്യാർത്ഥി സമൂഹത്തിന്റെ ശ്രദ്ധാകേന്ദ്രമായി ലഹരിമാഫിയകൾ സ്ഥാനം പിടിച്ചു കഴിഞ്ഞിരിക്കുന്നു.

വീട്ടിൽ നിന്ന് കാശ് ധാരാളം ലഭിക്കുന്ന ലഹരിക്കടിമപ്പെട്ട കുട്ടികൾ ഉപയോഗിക്കുന്നത് ഹാഷീഷ് പോലെയുള്ള മയക്കുമരുന്നുകളാണ്. വാട്സാപ്പും ഫേസ്ബുക്കും സജീവമായതോടെ ലഹരിമാഫിയ സോഷ്യൽ മീഡിയകളിൽ സീക്രട്ട് ഗ്രൂപ്പുകൾ രൂപവത്കരിച്ച് രഹസ്യങ്ങൾ പരല്പരം കൈമാറുന്നത് വേഗത്തിലും എളുപ്പത്തിലുമാണ്. ഏത് രീതിയിൽ മയക്കുമറുന്ന് ഉപയോഗിക്കാം എന്നിങ്ങനെയെല്ലാം മുതിർന്ന സ്ഥിരം കുറ്റവാളികൾ ഇത്തരം ഗ്രൂപ്പുകളിലൂടെ കൗമാരക്കാർക്ക് പഠിപ്പിക്കുന്നു.

18 വയസ്സിന് താഴെയുള്ള കുട്ടികളുടെ സ്വഭാവത്തിലോ പെരുമാറ്റത്തിലോ ഉണ്ടാകുന്ന എന്ത് മാറ്റവും സംശയിക്കേണ്ടതാണ്. വിദ്യാർത്ഥികൾക്ക് കൂടുതലും സഹപാഠിയിൽ നിന്നോ സൗഹൃദവലയത്തിൽ നിന്നോ ലഹരി ലഭിക്കുന്നു. വഴിയരികിൽ പാൽപുഞ്ചിരിയുമായ് കാണുന്നവരെ കണ്ണടച്ച് വിശ്വസിച്ച് ആ മാഫിയയുടെ ചതിക്കെണിയിൽപെട്ട് ഒടുവിൽ എല്ലാം നഷ്ടമായ് ഭ്രാന്തുപിടിച്ച ഒരു കൗമാരക്കാരനെ ഇന്ന് കേരളത്തിന് സുപരിചികമാണ്. കൗമാരം മാതാപിതാക്കളുടെ പിന്തുണ ലഭിക്കേണ്ട സമയമാണ്. മക്കളറിയാതെ ഓരോ രക്ഷിതാവും അവരെ നിരീക്ഷിക്കേണ്ട കാര്യത്തിന് ഇന്ന് ആവശ്യകതയേറെയുണ്ട്. കുട്ടികളും മാതാപിതാക്കളും തമ്മിൽ നല്ല ബന്ധം വച്ചു പുലർത്തിയാൽ ഒരു പരിധി വരെ ഇത്തരം അപകടങ്ങളിൽ നിന്ന് തടയാൻ സാധിക്കും. തന്റെ എന്ത് പ്രശ്നവും പ്രയാസവും മാതാപിതാക്കളോട് പറയാം എന്ന വിശ്വാസം കുട്ടികൾക്ക് ഉണ്ടാകണം. വീട്ടിൽ കണ്ടുവരുന്ന ഈ ആരോഗ്യകരമായ അന്തരീക്ഷം നമ്മുടെ കുട്ടികളെ 'ചതിക്കെണി' കളിൽ നിന്നും രക്ഷിക്കും.

മാതാപിതാക്കളും മക്കളും ഒരുപോലെ ഉയർന്നു ചിന്തിക്കേണ്ട സമയം വന്നിരിക്കുന്നു. കുട്ടികൾക്ക് വേണ്ടി സമ്പാദിക്കാനുള്ള ഓട്ടത്തിലാണ് എല്ലാ രക്ഷിതാക്കളും. അതിനിടയിൽ മക്കൾ ചതിയിൽ അകപ്പെടുന്നത് ശ്രദ്ധിക്കാൻ ഇവർക്ക് കഴിയുന്നില്ല. എന്നാൽ ആ കുട്ടികത്തങ്ങളിൽ നിന്ന് അകന്നു പോയിക്കൊണ്ടിരിക്കുകയാണെന്ന് ഇവർ തിരിച്ചറയുന്നില്ല. തിരിച്ചറിയുമ്പോഴേക്കും കൈവിട്ടുപോയി തിരിച്ചുകൊണ്ടുവരാനാകാത്ത വിധം നമ്മുടെ മക്കൾ...

# മുത്തശ്ശി
## പറയാറുള്ളത് പോലെ

'എന്തൊരു വേദന, കൈ മുറിയാറായ്' പക്ഷെ അവൾ പ്രതീക്ഷ വിട്ടില്ല. വീണ്ടും വീണ്ടും ശ്രമിച്ചുകൊണ്ടേ ഇരുന്നു, മുത്തശ്ശി പറയാറുള്ളത് പോലെ ക്ഷമയുടെ നെല്ലിപ്പടിക കണ്ടു തുടങ്ങി. നിർത്തിയില്ല, പൂർണ ശക്തിയും എടുത്തു. 'ആയോ.....'പെട്ടെന്നു അവൾ കൈ വലിച്ചു, നോക്കിയപ്പോൾ കൈ പൊട്ടി ചോര വരുന്നു. അതിന്റെ ചുവപ്പ് കണ്ടപ്പോൾ അവൾ വേദന മറന്നു. 'ഹോ... ഈ ചോരക്ക് ചെമ്പരത്തി പൂവിന്റെ നിറമാ. മുത്തശ്ശി പറയാറുള്ള ചെമ്പരത്തി കാട്ടിലെ ചെമ്പരത്തി പൂവിന്റെ നിറം.' പെട്ടന്ന് അവൾ ആ കഥകളിലേക്ക് കണ്ണുചിമ്മി. തുളസി ചെടിയുടെയും മുല്ല പൂവിന്റെയും മണമുള്ള ഓട് മേഞ്ഞ തറവാട് വീട്. മുൻപിൽ ഒരു കൂറ്റൻ മാവ്, വീടിന്റെ പുറകിലായി ചെമ്പരത്തി കാട്. ശോ.... എന്ത് രസാ കേൾക്കാൻ, പക്ഷെ ഇതൊന്നും എനിക്ക് കാണാൻ കയ്യില്ലല്ലോ. കഥകൾ പറഞ്ഞു തരാൻ മുത്തശിയും ഇല്ല. മുത്തശ്ശി മരിച്ചു പോകണ്ടായിരുന്നു. പപ്പ പറഞ്ഞത് മുത്തശിക്ക് ശ്വാസകോശത്തിനു എന്തോ അസുഖമായിട്ടാ എന്നൊക്കെയാ. പക്ഷെ എനിക്ക് അറിയാം, എന്നോട് മുത്തശ്ശി പറഞ്ഞിട്ടുണ്ട്.... തറവാട് വീടും മരങ്ങളും കാടും ഒക്കെ പോയിട്ടാ മുത്തശ്ശിക്ക് വയ്യാണ്ടായത് എന്ന്.

ഇന്നലെ 'കുഞ്ഞി' ക്കും വയ്യാണ്ടായി, അവന്റെ ഓക്സിജൻ കിറ്റ് അവൻ മമ്മ അറിയാതെ എടുത്തു കളഞ്ഞു, അവൻ നിലത്തു കെടന്ന് കാൽ ഇട്ടു അടിക്കുന്നത് ഞാൻ കണ്ടത് കൊണ്ടോ... അല്ലെങ്കിൽ!. അവന്റെ കണ്ണൊക്കെ ചുവന്നു തുടുത്തു. കണ്ണുനീർ വരുന്നുണ്ടായിരുന്നു. മുത്തശ്ശിക്കും അങ്ങനെ തന്നെ ആയിരുന്നു ഉണ്ടായത്.

'ആയോ... മതി മതി എന്റെ ഓരോ ആലോചന, ഈ 'കാലചക്രം' ഇത്രയും പെട്ടൊന്ന് പുറകിലേക്ക് തിരിക്കണം. അപ്പൊ എല്ലാം ശരിയാവും ! മുത്തശ്ശി പറയാറുള്ള പോലെ. 'തലക്ക് ഒരു കൊട്ട് കൊട്ടി അവൾ വീണ്ടും തിരിക്കാൻ തുടങ്ങി.

ബാസില

# അറിഞ്ഞില്ല കാമഭ്രാന്ത്

പറക്കാൻ ആഗ്രഹിച്ചവളെ
അങ്ങ് പരലോകത്തേക്ക് പറപ്പിച്ചവരേ...
പെണ്ണിനെ കാമദൃഷ്ടിയോടെ
അവളെ നിർവീര്യമാക്കുന്നവരെ...
നിന്റെ കാമഭ്രാന്തിനു അവളെന്നും
ഒരു വസ്തു മാത്രമായിരുന്നു.
നീ അറിഞ്ഞില്ല. അതിനപ്പുറം
അറിയാൻ ശ്രമിച്ചില്ല..
അവളിലെ അമ്മയെ...
സഹോദരിയെ... ഭാര്യയെ...
നീയിന്ന് നീയാവാൻ കാരണം
അവളാണെന്ന് നീ അറിഞ്ഞില്ല.
നീ അറിഞ്ഞത് അവളുടെ
ശരീരുചി മാത്രമായിരുന്നു.

മുഹമ്മദ് അർഷാദ്





# മൗനി

യവനികതയുടെ ലാവണ്യത്തിൽ
അവൾ വളർന്നപ്പോഴും
മൂടും ഉടലും മുടിയും
അഴകിയതായപ്പോഴും
അവർ മൗനികളായിരുന്നു...
മൗനത്തിൻ ഭൂഷണ സ്വരശബ്ദം

കൗമാരത്തിന്റെ തീച്ചൂളകൾക്കിടയിൽ
ദാഹനോട്ടം അധികമായപ്പോഴും
മൗനികളുടെ തംബുരുകൾ ഗർജിച്ചതേയില്ല.
അത് സമത്വസുന്ദര സ്വാതന്ത്ര്യം...

ചങ്ങലകളുടെ പൊട്ടിപ്പുറപ്പാടിൽ
പിച്ചിച്ചീന്തപ്പെട്ടവളായപ്പോഴും
ഉരുകുന്ന മാംസഗന്ധത്തിന്റെ നിർവൃതിയിൽ
പുതിയവേദികൾ തുറക്കപ്പെട്ടു.
വാഗ്വാദങ്ങളുടെ... വിമർശനങ്ങളുടെ...
കൽപിത സ്വാതന്ത്ര്യത്തിന്റെ...

**മിക്ദാദ് എം.കെ**



# തിരിച്ചറിവ്

ട്രാഫിക്ക് ജാമിൽ പെട്ട് കാർ നിർത്തേണ്ടി വന്നപ്പോൾ അയാളുടെ ശ്രദ്ധ ബസ്റ്റോപ്പിൽ ഭിക്ഷയാജിക്കുന്ന ഒരു സ്ത്രീയിൽ പതിഞ്ഞു. ആ സ്ത്രീയെ അയാൾക്ക് എവിടെയോ വെച്ച് പരിജയമുള്ളതുപോലെ തോന്നി. തിരക്കൊഴിഞ്ഞപ്പോൾ അയാൾക്ക് കാർ സ്റ്റാർട്ടാക്കി പോയി. ഭിക്ഷക്കാരിയല്ലെ എവിടെന്നെങ്കിലും കണ്ടതായിരിക്കുമെന്ന് സമാധാനിപ്പിച്ചു. വളരെയേറെ പരിജയമുള്ളതു പോലെ ഒരു തോന്നൽ അയാളെ പിന്തുടർന്നുകൊണ്ടേയിരിക്കുന്നു. സമാധാനത്തിനു കാറിലെ സെറ്റ് ഓണാക്കി. ‘എന്നമ്മേ ഒന്ന് കാണാൻ എത്ര നാളായി കാത്തിരിപ്പൂ‘. പാട്ട് അയാളുടെ കർണപുടത്തിൽ അടിച്ചു കയറി. ഹൃദയം അലറി വിളിച്ചു. കണ്ണുകൾ പുറത്തേക്കൊഴുകാൻ കലപിലകൂട്ടി. നെടുവീർപ്പുകളുടെ കൊടുങ്കാറ്റ് വീശി. തലമടക്കുകളിൽ സ്പോടനം നടന്നു. തോറ്റമ്പിയ നാവ് സ്വയം പഴിച്ചു. അയാൾക്ക് ആ മുഖം ഓർമ്മവന്നു. അത് അയാളുടെ അമ്മയായിരുന്നു.



# അനാഥി

അമ്മയും അച്ഛനും ജീവനോടെയുണ്ടായിട്ടും അനാഥയായിരുന്നു അവൾ. മറ്റുള്ളവരോടു പറയാനും, അഹങ്കരിക്കാനും ഒരഭിനയമായി പേരിനു മാതാപിതാക്കൾ അവൾക്കുമുണ്ട്. അവളെ ജീവനുതുല്യം സ്നേഹിക്കുന്ന അമ്മയ്ക്ക് അവൾ ഏറെ അകലെയാണ് സാഹചര്യങ്ങൾ ഭാര്യയോടൊത്ത് കഴിയുന്ന അച്ഛനും അവൾ ഒരർത്ഥത്തിൽ അന്യയും, ഇരുവർക്കുമിടയിൽ നിലനിൽപ്പിനായി പരക്കം പായുന്ന അവൾ ഒരനാഥമാത്രമായി ഇരുട്ടിൽ ആരെയൊക്കെയോ അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു.

ഹിബ ഹെന്ന



# അലക്കു കല്ല്

ആഷാഢരാത്രിയിൽ
ഞാനേകനായി...

അല്ല...
അഹോരാത്രം ഏകാന്തത
മാത്രം.....

പണ്ട്....,,
മുറ്റത്ത് മഴ നനഞ്ഞ്
കറ കളയുന്നതും
കാത്തിരിപ്പായിരുന്നു....
കുളിർകാറ്റിൽ ഞാനത്
ആസ്വദിക്കുമായിരുന്നു.....

ഇന്ന്.....!!,,
നാലുചുമരുകൾക്കുള്ളിൽ
ബന്ധനത്തിലാണ്....
സംഘാതം....
പര്യവസാനം....

**സൽമ**



# ഇത് മനുഷ്യർ തന്നെയോ ?

ദൈവം തൻ സ്വന്തമെന്നുള്ളത്
തിരുത്തിന്റെ ഇരുണ്ട മഷികളാൽ മാഞ്ഞിടുന്നു
അനേകായിരം ദൈവതുല്യർ നടന്നയീ മണ്ണിൽ
പിശാചിൻ ഇരുണ്ട കരസ്പർശം തെളിഞ്ഞിടുന്നു
അർബുദം കാർന്നുതിന്നും ശരീരമെന്നപോൽ
ഇവിടമിൽ മനുഷ്യത്വം ഉരുകിയൊലിക്കുന്നു
അശണർ തൻ നിറഞ്ഞ കൺകൾ മായ്ച്ചയാകരങ്ങൾ
ഇപ്പോഴിതാ അവർക്കുനേർ ചുരുട്ടുന്നു
വിശപ്പിന്റെ ഭീതിതൻ മുന്നിൽ തിന്നയാകാടിന്റെ മകനുമേൽ
വിശപ്പറിയാത്ത പകൽമാന്യർ കള്ളനെന്നു മുദ്ര കുത്തിടുന്നു
ഒന്നിച്ചവനുമേൽ പാഞ്ഞടുക്കുന്നു....
ഇരുളിന്റെ മറവിലും, അനീതിയാം വഴിയിലുള്ള അവർ ഒന്നിച്ചാൽ, മാന്യർ!
ഗെതികെട്ട നേരം കാടിറങ്ങിയ ആ കാടിന്റെ മകൻ. കള്ളൻ!
അവനുമേൽ ജീവശ്വാസത്തിൽ അന്ത്യം കുറിച്ചിടുന്നവർ,
തെറ്റെന്ന് പറയാനാവാത്ത തെറ്റിന് മുന്നിൽ
ആ ജന്മം നിലം പതിക്കുന്നു.....
തിരുത്തെഴുത്തിൻ സമയം അതിക്രമിക്കുന്നു
ഒരു ഗുരു കൂടി വന്നണഞ്ഞെങ്കിൽ....
മനുഷ്യന് വില നൽകിയ ഗാന്ധിതൻ കാലം തിരിച്ചെത്തിയെങ്കിൽ!
ഇല്ലെന്നറിയാം. എങ്കിലും പ്രത്യാശയും മുറുകെ പിടിച്ച്
മനുഷ്യത്വം ദ്രവിക്കാത്ത ജന്മങ്ങൾ
അതെ, പിശാചിൻ നാട്ടിലെ അൽപം ദൈവദാസന്മാർ!!!

**ഫഹ്ന നസീം എ.ടി**

# RACISM

I cry, I cry
Why does my skin color frighten you go ?
Have I done anything, but be born ?

You judge me, from you own despair
and draw hate from demons you chose- to hold,
allowing them to drain you soul,
as they lap with evil congues your li
Leaving it a hollow husk,
that crumbles back into the dirt

My sorrow is not for me,
either is the tears that fall,
upon the same ground, we walk upon

I stretch an open hand, you slap it away in disgust
I reveal my heart, its kindness, you spit on it

I ll pray for you, in quiet meadows
fat from the weakness of your sins
where demons gnaw on your soul.

I cry for you, I cry for you
for you have chosen to inhabit the valley of death
I cry for you

ഷഹ്ന





## Changes:

# ENDS OF TWO SPECTRA

Four billion years of evolution. Though the conspiracy theory lies as it is, each successive eras that humanity witness tells millions different Stories. Gifted with most advanced brains & engineered brilliance, nature selected the well-fit species But thinking of the outcomes, that human had agained rather than a well-maintained civilizations ?

Living on 21st century has its own perks ? But the way nature responds to the changes that's been injected to Earth tells a different Story. By the time you read this article, more than 100 hectory of the Amazon forest would be deforested A perfect example why few changes can show the undesirable faces. Coming back to humanity & its mastered brilliance, the 'Change' is still distinguished in different marks. From the "Stone age' to Global Villages", humanity had Seen tremendous such faces, though both lies at different Spectrums.

Undoubtedly , the major peculiarity that our mother nature had gifted humans is the ability to



change & adapt From the freezing continent to the scratching Sahara's, humans made life possible in every Single way But rather than building life-advanding technologies, what had humanity gifted mother nature over the years ? The answer is not complicated as it Seems-It can be

Summed up with a single word. With half burnt Amazons & melting Antarticas, the changes that humanity once craved had begun to Show the other face. On the other side, when the glass is half-filled, it is possible to see how globalization bless humans lifestyles. But the emptied Space is concerning enough to make us realize that certain change that humanity had caused is hard to reverse. It's not about saving this but of Survival. There is no scope for optimismse & persimisms as looking through both, ends of the spectra, the results remains unchanged.

The changes that once occured to the human brains is story enough to create tremendous impacts May be that's why the greatest personalities quoted about the word evenytime."

**Haifa**

# CURRENCY

The value change day to day
Some of them loss their
Value today
But gain it another day

OMG! Did you hear that
Today the value is not changed
But our beloved PM
Changed the Currency it self
Some of his fellow citizens
fell on his word hearing
that "Mera desh vaasiyom"
After all this the great
Financial stability have lost
because, of the unhealthy decision
made by the bad govt.

Hope for good day but
in a worry that colour will be lost



# Stop Violence Against Women

Violence against women and girls is a give violation of human rights its impact ranges from immediate to long - term multiple physical, sexual and mental consequences for women and girls, including death, it negatively effects women’s general well - being and prevents women from folly participating in society. violence not only has negative consequences for women but also their families, the community and the country at large. it has tremendous custs, from greater health care and legal expenses and losses in productivity impacting national budgets and overall development.

Decades of Mobilizing by civil society and women’s movements have put ending gender - based violence high on national and international agendas. An unprecedented number of countries have laws against domestic violence, sexual assault and other forms of violence challenges remain however in implementing these laws, limiting women and girl’s access to safety and justice not enough is done to prevent violence and when it does occur, it often goes unpunished

# The Urge for a Cardinal Change in Kerala Household Economics: A Post Crisis



Scenario

Business cycle is a recurrent phenomenon in an economy and it's ought for a nation and particularly for individuals to bear the burden, when it's a slowdown. The nation as a whole has been going through a tough situation for the last 2-3 years. Decreasing growth rate in the Gross Domestic Product, insufficient expenditure on consumption, negative production of industrial sector and what mote. All major sectors are facing this hard-bitten plight and this condition is being predicted to continue nearly for the next 1-2 years. And of course, the reasons behind are not domestic alone. It seems that the irrelevant decisions and steps taken by the central government, along with irresistible global happening have led to this grave situation. More or less, demonetisation of the currency fits to be the foremost reason behind. Structural drawbacks in the implementation of GST, trade war between USA and China, India - US trade tensions and finally the Covid-19 pandemic are the other reasons worth to be specified

The impact of this slow down crisis on the general public is grave. People felt it hard to meet their daily needs. Unemployment rate has

reached a 40 year high. As both the production and consumption was negatively impacted, none of the states too could make up. The complete lockdown due to covid 19 pandemic for nearly 3 months shutdown the economy from A to Z with negligible production taking place. The vast majority of the population who had to depend on their daily wages for the existence were ruthlessly taken to die due to hunger. The unorganised sector was left hard to meet their employees with salaries and incentives.

The situation was a bit more grave, when it comes to Kerala. The state has been battling with economic constraints for the last 2 years due to the devastating floods. In both the years, 2018 and 2019, floods have crippled the state as a whole and hasn't recovered yet on a complete scale. Along with this comes the nation wide economic crisis, which in fact will impact the state too. The Covid-19 pandemic has created a long term structural impact of unemployment, as most of the gulf returnees during this period have lost their job. When unemployment is already high in Kerala, with respect to other states this present condition have a more severe impact.

The state of Kerala has seen its development with the discovery of oil in the gulf sector. Since then, Kerala has fed Middle Fast with their growing need for employment. The foreign remittance from the gulf sector has led Kerala to the much eagerly discussed development of Kerala Model. As per the data provided by Centre for Development Studies (CDS), nearly 35 % of the GSDP of the state comes from foreign remittance, that amount to Rs 90,000 crore per year. Thus, Middle East seems to be the backbone of Kerala Economy. And moreover, this has made a wide impact on the social indicators of the state, were Kerala tone compete with the developed western nations in social indicators and over powers the national HDI with 0.779. The living standard, health indicators, educational indicators etc. of the state are never in comparison with any other states of the nation.

With all these developments, there of course seems to have change in the pattern of consumption and investment. The household consumption (in terms of MPCE) of the state of Kerala is higher than India for both rural and urban sectors. There is a significant increase in the level of consumption of both food and non-food commodities. Competitive spending and conspicuous consumption has become the order of the day. With only 3.4 % of the country's population, it accounts for 10 % of the total consumption. While investment in its initial phase of development concentrated on social overhead capital, the recent trends have shown a flow towards residential property, real estate, life insurance policies, business and deposits. Investors seems less bothered on long tem impacts and rather target for short-term benefits High standard of living has cancelled the pattern of investment from sociul overhead capital. The higher education sector is less bothered in Kerala for investment and thus has resulted more in search for unskilled employment, rather than skilled.

As mentioned above, the economic crisis that currently the state faces is predicted to be severe due to the increased unemployed returnees from the Middle East sector, thus resulting in a drastic drop in the amount of foreign remittance. The impact of this severe economic crisis is dangerously unpredictable for a society that has maintained a high and developed standard of living, And it's a fact that a considerable structural change requires time to get adapted. But this change is not a mere option but a need of the time. There has to be a viable consideration of the possible revision in consumption and investment pattern of Kerala. Moreover, the change has to happen in the psychological perspective of a human, rather than in mere factual terms.

So, what sort of changes do we need? The much needed change bas to come from our consumption pattern. As the facts mentioned clearly denote, a major part of our consumption pattern is dealt by competitive upending und conspicuous consumption. Both these have to be



restricted to the possible effect. It is obvious that the Sons of Adam und Eve' will never quench their thirst with two hills of gold, when u third is seen in front of them. Consumption has to concentrate on necessities and normal goods, while luxuries have to be left behind till we overcome the period of crisis. The capitalistic principle of uncontrolled consumption for reassuring the sustenance of market will work when the government is able to formulate a fiscal policy by increasing government expenditure. But for a state like Kerala, were 35 % of its GSDP comes from foreign remittance and has battled two state wide floods and then the corona pandemic, will find hard to stick to theoretical principles. Saving more and consuming necessities alone will help to overcome this financial crisis from the side of households. Draining the complete wealth by maintaining the standard of living is a fool's idea. When comings hit the worst crisis, such inevitable changes of course has to be made

On the other hand, investments from our part has largely concentrated on short term benefits and moreover, on financial benefits alone. We are yet to compete with others in our investment in human resources. The higher education sector in Kerala is no were white compared to many other states. Empowering the labour force with skilled workers is of course a long term asset, as when a crisis is affected, it's the unskilled labourers who face unemployment the most. Bearing this in mind, a considerable investment in skill development in this period of crisis would asset the future

Our preferences have for a long time, been keenly influenced by the capitalist nature of the economy. Be it the positives or the negatives the impact of capitalist culture of behaviors has seriously changed our tastes and preferences. And that has resulted in a situation of living mere for the short term benefits, rather than long term. The situations of such crisis should be dealt to acquire the more needed knowledge for a change in our preferences and tastes, at least for the time being. Thus, the more you think practical, the more you feet space to sustain


അറിയുക, നീ നിന്നെത്തന്നെ!



# ഇനിയും വൈകരുത്

മനുഷ്യവംശം കൂട്ടത്തോടെ നശിച്ചുപോകുമെന്ന് ഭയപ്പെടുന്ന ഘട്ടത്തിലെത്തിയിട്ടും കാലാവസ്ഥയുടെ മാറ്റത്തിന് എതിരായി ഒന്നും ചെയ്യാൻ കഴിയാത്ത ലോക രാഷ്ട്രങ്ങളുടെ നേർക്കാണ് ലോകത്താകമാനമുള്ള യുവതലമുറ ശബ്ദമുയർത്തി വിരൽ ചൂണ്ടുന്നത്. തുടർച്ചയായ ഉരുൾപൊട്ടലും, ചുഴലിക്കാറ്റും, പ്രളയവും ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾക്കു മുന്നിൽ പകച്ചു നിൽക്കുന്ന നമ്മുടെ ഈ കേരളത്തിൽ ഗ്രേറ്റ എന്ന 16 വയസ്സുകാരിയുടെ ചോദ്യത്തിനു വളരെ പ്രസക്തി കൂടുതലാണ്.

യു.എൻ കാലാവസ്ഥ ഉച്ചകോടിയിൽ ലോക നേതാക്കളെ രൂക്ഷമായി വിമർശിച്ച് ഗ്രേറ്റ നടത്തിയ പ്രസംഗവും അതിനെ തുടർന്നുള്ള അതിരൂക്ഷമായ, മൂർച്ചയേറിയ ചോദ്യങ്ങളും ഞങ്ങൾക്കു ഭാവി ഉണ്ടോ എന്ന നടുക്കുന്ന ചോദ്യമാണ് അവൾ ഉയർത്തിയത്. വരും തലമുറയ്ക്ക് വേണ്ടി എന്താണ് നിങ്ങൾ മുതിർന്നവർ ബാക്കി വെച്ചത് ?... പിന്നീട് അവൾ അവളുടെ ശബ്ദം ലോക രാഷ്ട്രത്തലവന്മാർക്ക് നേരെ ഉയർത്തി ചോദിച്ചത് ഇത്ര മാത്രം പൊള്ളയായ വാക്കുകളിലൂടെ നിങ്ങൾ എന്റെ സ്വപ്നങ്ങളും ബാല്യവും കവർന്നു. എങ്കിലും വളരെ പ്രതീക്ഷയോടെ ഞങ്ങളുടെ അടുത്തേക്ക് വരാൻ എങ്ങനെ ധൈര്യവും വന്നു...?

സ്വീഡിഷ് സ്കൂൾ വിദ്യാർത്ഥിനിയും 16 വയസ്സുകാരിയുമായ ഇവർ കാലാവസ്ഥാ വ്യതിയാനം തടയാൻ ഭരണകൂടങ്ങളുടെ അടിയന്തര നടപടികൾക്കെതിരെ ആഗസ്റ്റിൽ സമരം തുടങ്ങി. പിന്നീട് വെള്ളിയാഴ്ചകളിൽ സ്കൂൾ മുടക്കിക്കൊണ്ട് പാർലമെന്റിനു മുൻപിൽ ധർണ്ണ നടത്തി. കാലാവസ്ഥയ്ക്ക് വേണ്ടിയുള്ള സ്കൂൾ

സമരം എന്ന് എഴുതുകയും ചെയ്തു. ഇതുവഴി പുരസ്കാരങ്ങളും ലഭിച്ചു. അവളുടെ ചോദ്യം മൂർച്ചയേറിയതും ചിന്തിപ്പിക്കുന്നതുമായിരുന്നു. ഞങ്ങൾ നിങ്ങളെ നിരീക്ഷിച്ചുകൊണ്ടേയിരിക്കും, നടക്കുന്നത് മുഴുവൻ തെറ്റുതന്നെയാണ്,... ഇങ്ങനെ അവൾ തുടർന്നുകൊണ്ടിരുന്നു.

ഏറ്റവും ഉയർന്ന കാർബൺ ബഹിർഗമനത്തിലൂടെ ലോകത്തിന്റെ മൊത്തം കാലാവസ്ഥയുടെ താളം തെറ്റിക്കുന്ന രാജ്യങ്ങളാണ് പ്രതിരോധ പ്രവർത്തനങ്ങളോട് മുഖം തിരിഞ്ഞ് നിൽക്കുന്നത്. അവർക്കെതിരെയുള്ള മൂർച്ചയേറിയ ആയുധം കൂടിയാണ് ഗ്രേറ്റയുടെ വാക്കുകൾ. 30 വർഷം പഴക്കമുള്ള മനുഷ്യാവകാശ ഉടമ്പടി നൽകുന്ന ഉറപ്പുകൾ പാലിക്കുന്നതിൽ പല രാജ്യങ്ങളും പരാജയപ്പെടുന്നു, പരാതി പറയുന്നു, പുതുതലമുറയുടെ വിദ്യാർത്ഥി അതിജാഗ്രതയോടെ കേരളവും പ്രവർത്തിക്കണം എന്നതാണ് തുടർച്ചയായി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ വ്യക്തമാക്കുന്നത്, മുൻപൊരക്കലും കണ്ടിട്ടില്ലാത്ത, ഉയർന്നിട്ടില്ലാത്ത വരൾച്ചയും, പ്രളയവും, ചുഴലിക്കാറ്റും, സൂര്യാഘാതവും, കാട്ടുതീയും, പകർച്ചവ്യാധികളും നമ്മുടെ നാടിന്റെ സുരക്ഷാഭാവിയെക്കുറിച്ചുള്ള പേടിയും ജാഗ്രതയും വർധിപ്പിക്കുന്നു. പശ്ചിമാഘട്ട മേഖലകളിൽ ഉൾപ്പെടെയുള്ള അനധികൃത ഖനനവും തടാകങ്ങളുടെ നശീകരണവും തീരസംരക്ഷണ നിയമലംഘനങ്ങളുമെല്ലാം ദുരന്തങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നു.

ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് കാലാവസ്ഥാ വ്യതിയാനങ്ങൾ. അവയെ ചെറുക്കാനുള്ള ശ്രമങ്ങൾക്കുമുന്നിൽ പുറം തിരിഞ്ഞു നിൽക്കുന്ന പലരാജ്യങ്ങളും അതീവ ജാഗ്രത പുലർത്തേണ്ടത് അത്യാവശ്യമാണ്. മനുഷ്യർ തന്നെ സൃഷ്ടിക്കുന്ന ഈ വൻദുരന്തങ്ങൾ അവർക്ക് തന്നെ ദോഷകരമായി ബാധിക്കുന്നു. ഈ വൻചതികൾ മാറേണ്ടത് അത്യാവശ്യമാണ്. കാർബൺ പുറം തള്ളുന്നതിന്റെ അളവ് കുറക്കലും വികസന പ്രവർത്തനങ്ങൾ പ്രകൃതിസൗദമാകാനും ലക്ഷ്യബോധമുള്ള കർമ്മ പരിപാടികൾക്ക് രൂപം നൽകണം രാജ്യത്തേയും ജീവജാലങ്ങളേയും സംരക്ഷിക്കണം.

സർവ്വനാശത്തെ ചെറുക്കാനുള്ള മറ്റൊരുഅവസരമാണ് ഗ്രേറ്റ തൻബർഗ് നൽകിയിട്ടുള്ളത്. വരും തലമുറകളുടെ ജീവിതവും ജീവനും നിലനിൽക്കണം. എന്ന ലക്ഷ്യത്തിലേക്ക് നമ്മൾ ഇന്നത്തെ വികസന നയം രൂപീകരണം മാറ്റി എഴുതൽ അത്യാവശ്യമാണ്. ഇന്നതെ തലമുറ ലോകത്തിന്റെ വിവിധങ്ങളായ അനിശ്ചിത വിധിയിലേക്ക് ചെന്നെത്തേണ്ടവരല്ല. പഴയ തലമുറയും ഇന്നത്തെ തലമുറയും ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതുമായ വ്യത്യസ്ഥങ്ങളായ വികസന അവികസന പ്രവർത്തനങ്ങൾ ഇന്നീ കാണുന്ന മുഴുവൻ പ്രയാസ പ്രതിസന്ധികളും അവ വരും തലമുറയ്ക്ക് വൻ ചതിയാണ് ഉണ്ടാക്കുന്നത്.



നമ്മെ രോഗികളാക്കുന്ന വായു മലിനീകരണത്തിനും പ്രളയാനന്തര അഭയാർത്ഥികളായി മാറുന്നതിനും നാം തന്നെയാണ് കാരണം എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. മലിനീകരണം ഇല്ലാത്ത ഊർജ സ്രോതസ്സുകൾ അത്യാവശ്യമാണ്. വരും തലമുറയ്ക്ക് നിലനിൽപ്പിന് ആവശ്യമായ അറിവും നൈപുണ്യവും പകരുന്നതിന് പ്രാധാന്യം വിദ്യാഭ്യാസത്തിന് നൽകേണ്ടതാണ്.

മുഹമ്മദ് ഹർഷാൽ



# ചിറക് നശിക്കുമ്പോൾ

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നവരാണ് നാം ഓരോരുത്തരും. ഹയർ സെക്കന്ററി തലങ്ങളിലാണെങ്കിലും പ്രത്യേകിച്ചും 'Turning Point' എന്ന വാക്കിന്റെ വെറുക്കുന്ന കാലഘട്ടം. അത്തരത്തിൽ പഠനത്തിന്റെ വിരസേന്തി മരണമടഞ്ഞ ഒരു സുഹൃത്തിന്റെ കഥയാണിത്.

പത്താം ക്ലാസിൽ ഉയർ മാർക്കുകളോടെ പാസായ വിദ്യാർത്ഥികളിലൊരാളായിരുന്നു അക്ഷയ്. ഉയർന്ന മാർക്കുണ്ടായിരുന്നതിനാൽ തന്നെ നല്ല സ്കൂളിൽ തന്നെ സീറ്റ് ലഭിക്കുകയും ചെയ്തു. നന്നായി വയലിൻ വായിക്കുന്ന, ചിത്രവും അവൻ നന്നായി വരയ്ക്കുമായിരുന്നു. പ്ലസ്ടുവിൽ കൊമേഴ്സ് എടുക്കാനായിരുന്നു അവന് ആഗ്രഹം. പക്ഷേ വിദ്യാസമ്പന്നരായ മാതാപിതാക്കൾ അവന്ന് നൽകിയത് സയൻസും, വിശ്രമങ്ങളില്ലാത്ത പഠിത്തമായിരുന്നു. പിന്നീട് ക്ലാസ് ടെസ്റ്റുകളും സ്പെഷ്യൽ ക്ലാസുകളും മന്ത്ലി ടെസ്റ്റുകളും കൊല്ലപരീക്ഷകളും ട്യൂഷനും എൻഡ്രൻസ് ക്ലാസുകളും എല്ലാം തീർത്തും അവനെ ശ്വാസംമുട്ടിച്ചിരുന്നു. ഇടയ്ക്ക് വന്ന കലോത്ഥവങ്ങളിലൊന്ന് പങ്കെടുക്കാൻ പോലും അവനെ മാതാപിതാക്കൾ സമ്മതിച്ചില്ല. തന്റെ മറ്റു സുഹൃത്തുക്കൾ പഠനത്തോടൊപ്പം തന്നെ അവരുടെ കഴിവുകൾ വളർത്തുന്നത് കാണുമ്പോൾ അവന്ന് കൊതിയാവുമായിരുന്നു. തന്റെ വയലിനെ ഒരു നോക്കു കാണാനോ അതിനെ മാറോടണക്കാനോ പോലും

അവന് സമയം ലഭിച്ചില്ലായിരുന്നു. ഒടുവിൽ എല്ലാം ശിക്ഷകളും കഴിഞ്ഞ് അവന് ആശ്വാസം പകർന്ന കുറച്ച് ദിവസങ്ങൾ. പക്ഷെ അത് വെറും താൽക്കാലികം മാത്രമായിരുന്നു. ായയ എന്ന വലിയ ചുമട് അവൻ തലയിൽ വച്ചുകൊടുത്തുകൊണ്ട് മാതാപിതാക്കൾ അവനെ ഉയർന്ന എൻട്രൻസ് കോച്ചിങ്ങ് സെന്ററിലേക്ക് പറഞ്ഞയച്ചു. തീർത്തും ഏകാന്തത അനുഭവിച്ച ദിനങ്ങൾ. മാതാപിതാക്കൾക്ക് ഒന്ന് വിളിച്ച് സംസാരിക്കാൻ പോലും അവന് അനുവാദമുണ്ടായിരുന്നില്ല.




പ്ലസ്ടു റിസൽട്ട് വന്നപ്പോൾ തികച്ചും പ്രതികൂലമായിരുന്നു സാഹചര്യം. നല്ലമാർക്കുണ്ടായിരുന്നിട്ടും രക്ഷിതാക്കൾക്ക് അത് പോരായിരുന്നു. അവന് നഷ്ടപ്പെട്ട മാർക്കിനെകുറിച്ചും അവനേക്കാൾ നന്നായി മാർക്ക് വാങ്ങിയ സുഹൃത്തിനെക്കുറിച്ചുമായിരുന്നു പിന്നീടുള്ള ദിനങ്ങൾ. വയലിൻ വായിക്കാനും അതിൽ തന്റെ മികവ് തെളിയിക്കാനുമാണ് അക്ഷയ് ഇഷ്ടപ്പെട്ടിരുന്നത്. ഏതോ കരസുലഭ നിമിഷത്തിൽ അവനും തോന്നി. ജീവിതം എന്നന്നേക്കുമായി അവസാനിപ്പിക്കാൻ. അതേ ആത്മഹത്യ ഒന്നിനും ഒരു പരിഹാരമല്ല സുഹൃത്തുക്കളെ...!! അവനേയും മരണം പുൽകിയിരിക്കുന്നു.

ഒരു പക്ഷം തന്റെ ഒരനുഗ്രഹങ്ങളേക്കാളുമുപരി മാതാപിതാക്കൾക്ക് അവന് പ്രാധാന്യം നൽകിയിരുന്നു. പക്ഷേ അത് നൈരന്ത്യരത്തിലേക്കെത്തുന്നില്ല എന്നതാവാം അവനെ ഇതിന് പ്രേരിപ്പിച്ചത്. കലയും വിദ്യാഭ്യാസവും ഒരിക്കലും ഒരു തുലാസിൽ തൂക്കരുത്. കാരണം കനം കലയ്ക്ക് തന്നെയായിരിക്കും. കാണാതെ പഠിച്ചും തലകുത്തിയിരുന്ന് പഠിച്ചും നാം കാട്ടുന്ന കോമാളിത്തരങ്ങളല്ല കല. ഒരു പക്ഷെ പഠിച്ച കാര്യങ്ങൾ നമുക്ക് വേണ്ട സമയത്ത് കിട്ടിയെന്ന് വരില്ല. എന്നാൽ കല അങ്ങനെയല്ല. ഒരു സംസ്കാരത്തേയും ദേശത്തെയും സാഹചര്യങ്ങളെയും വരെ തുറന്നുകാട്ടാൻ സാധിക്കുന്ന ഒന്നാണത്. കേവലം പണം വാരിയെറിഞ്ഞ് നേടുന്ന സർട്ടിഫിക്കറ്റുകളെക്കാൾ പ്രാധാന്യം നമുക്കുള്ള കഴിവുകൾ തന്നെയാണ്. കഴിവുകൾ പലതും കുട്ടികളിലുണ്ട്. പക്ഷേ അവയൊന്നും പുറത്തുകൊണ്ടുവരാൻ നാം ശ്രമിക്കുന്നില്ല. കുട്ടികളെ അടിച്ചമർത്തിക്കൊണ്ടിരിക്കയാണ് നാം. അവരുടെ ആഗ്രഹങ്ങൾക്കോ അഭിപ്രായങ്ങൾക്കോ തീരുമാനങ്ങൾക്കോ ഒന്നും ഇന്ന് പ്രാധാന്യം കൊടുക്കുന്നില്ല. കേവലം മാതാപിതാക്കളുടെ ആഗ്രഹം നിറവേറ്റാനുള്ള ഒരുപകരണം അത് മാത്രമാക്കി മാറ്റിയിരിക്കുകയാണ് പുതു തലമുറയെ

വിദ്യാഭ്യാസം വേണ്ട എന്നല്ല എല്ലാത്തിനും അതിന്റേതായ പ്രാധാന്യവും സ്ഥാനവും കൊടുക്കേണ്ടതുണ്ട്. ഒരു പക്ഷേ അവരുടെ ആഗ്രഹങ്ങൾക്ക് നാം പ്രാധാന്യം നൽകിയില്ലെങ്കിൽ അക്ഷയ്മാരുടെ എണ്ണം ഒരു പക്ഷേ കൂടും എന്നല്ലാതെ കുറയുകയില്ല.



# കല

വിദ്യാഭ്യാസമെന്ന് പറയുമ്പോൾ ബുദ്ധിയേയും കർമ്മശക്തിയേയും വളർത്തുക എന്നു മാത്രമല്ല നാം വിവക്ഷിക്കുന്നത് മനുഷ്യന്റെ അഹാസത്തയെ വികസിപ്പിക്കുകയും ശുദ്ധമാക്കുകയും ചെയ്യുക, അവനിലുള്ള നാണത്തരം വികാരങ്ങളെ മെരുക്കുകയും സൽസ്വഭാവങ്ങളെ സംസ്കരിക്കുകയും ചെയ്യുക ഇവയൊക്കെ വിദ്യാഭ്യാസത്തിന്റെ മറ്റു ചില ലക്ഷ്യങ്ങളാണ് ചിന്തിക്കാനും ആധുനിക ജീവിതത്തിന്റെ സങ്കീർണമായ ചുമതലകളെ ഏറ്റെടുക്കാനും കഴിവുള്ള ചെറുപ്പക്കാരെ സൃഷ്ടിക്കുക എന്നത് ഏതു രാഷ്ട്രത്തിന്റെയും നിലനിൽപ്പിനു തന്നെ ആവശ്യമാണ്. ക്ലാസ്റൂമുകളിലും ലബോറട്ടറികളിലും ഒതുങ്ങി നിൽക്കാത്ത ഒരു വിദ്യാഭ്യാസമാണ്. സാഹിത്യത്തിന്റെയും കലകളുടെയും മനുഷ്യചരിത്രത്തിന്റെയും മണിയറകളിൽ നിന്നു മാത്രമേ ഇതു ലഭിക്കുകയുള്ളൂ. ഈ വിദ്യാഭ്യാസമാണ് മനുഷ്യന്റെ എണ്ണം കൊണ്ടും ചെത്തിമിനുക്കി. അവന് ഒരു സംസ്കാരലമ്പന്നന്റെ രൂപം നൽകുന്നത്. സാഹിത്യത്തിനും ചരിത്രത്തിനും മുമ്പുതന്നെ വിദ്യാഭ്യാസത്തിൽ സ്ഥാനം നൽകിയിട്ടുണ്ട്. പക്ഷെ, കലകൾക്ക് ഇപ്പോൾ നൽകി തുടങ്ങിയതേയുള്ളൂ.

ഒരു സാധാരണ സ്കൂൾ ദിവസത്തിന്റെ ഏകതാനതെ നശിപ്പിക്കുന്നതിനും ഗണിത്തിന്റെയും വായനയുടെയും അനന്തമായ അവസ്ഥയിൽ ഒരു ചവിട്ടുപടി ഇടുന്നു. കലയെ തെറാപ്പിയുടെ ഉപാധി ആയി കാണണം. അടിച്ചമർത്തൽ വളരുന്നതിനനുസരിച്ച് കലയെ നല്ല പെരുമാറ്റത്തിനുള്ള സമയം. അല്ലെങ്കിൽ 'തെറാപ്പി' ആയി കണക്കാക്കുന്നു. ഒരിക്കലും തടസ്സമില്ലാത്ത സമ്മർദ്ദവും പ്രയാസവും ഉണ്ടാക്കുന്ന ഒന്നല്ല. ഒരു വിദ്യാർത്ഥി അവരുടെ പഠന പരിസ്ഥിതിയിലെ പിരിമുറുക്കത്തിൽ നിന്ന് പിരിമുറുക്കത്തിലാവുകയാണെങ്കിൽ കണക്ക്, ഇംഗ്ലീഷ്, അല്ലെങ്കിൽ മറ്റു വിഷയങ്ങളിൽ അവർ ഗ്രേഡ് ഉയർത്തും. ശാന്തമായ ഒരു വീക്ഷണം നൽകുന്നതിന്, കലയെ ചുവരിൽ ഇടുന്നത് സമാധാനവും ശാന്തതയും ഉളവാക്കുന്ന ശാന്തമായ അന്തരീക്ഷം പ്രധാനം ചെയ്യുന്നു. നിങ്ങളുടെ കുട്ടിയെ തിരക്കിലോ വിശ്രമത്തിലോ നില നിർത്തുന്നതിനേക്കാൾ വളരെയധികം കലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രധാനമാണ്. ഒരു കുട്ടിയുടെ സ്വയം പ്രതിച്ഛായ ഉയർത്തുന്നതായി അവ തെളിയിക്കപ്പെട്ടു. വിദ്യാഭ്യാസ രംഗത്തെ കലയിൽ നിന്ന് ലഭിക്കുന്ന ആത്മാഭിമാനവും ആത്മ വിശ്വാസവും അഭിമാനവും യഥാർത്ഥത്തിൽ അവിശ്വസനീയമാണ്. ഓരോ കുട്ടിക്കും അനുഭവിക്കാൻ കഴിയണം.

യുണൈറ്റഡ് സ്റ്റേസ് പോലെയുള്ള സ്ഥലങ്ങളിൽ കലാവിദ്യാഭ്യാസത്തെ അത്ര വിലമതിക്കുന്നില്ല. എന്നരുന്നാലും, ചില ദേശീയ പരിഷ്കാരങ്ങൾ നോ ചൈൽഡ് ലെഫ്റ്റ് ബിഹൈന്റ് ആക്റ്റ് (എൻ.സി.എൽ.ബി) ആവശ്യപ്പെടുന്നത്, കല വിദ്യാഭ്യാസം, വിഷ്വൽ, പെർഫോമൻസ് എന്നിവ പ്രധാന വിഷയങ്ങളായി കണക്കാക്കേണ്ടതുണ്ട്, കാരണം അവ പല പരിഷ്കാരങ്ങളും തെളിയിച്ചിട്ടുണ്ട്. ഈ ആവശ്യകതകളിലൂടെ വിദ്യാർത്ഥികൾ വിജയിക്കേണ്ടതായ വിഷയങ്ങൾ, പുസ്തകങ്ങൾ, കാൽകുലേറ്റർ, എന്നിവ പോലുള്ള അനുബന്ധ ബന്ധങ്ങൾ. നടപ്പിലാക്കുന്നതിനുള്ള ഫണ്ടുകൾ സ്കൂളുകൾ നേടുന്നു. ദേശീയ, പ്രാദേശിക നിലവാരത്തിലുള്ള ടെസ്റ്റുകൾ പങ്കെടുക്കുന്നതിലൂടെ സ്കൂളുകൾക്ക് ഫണ്ട് നേടാൻ കഴിയും, എന്നിരുന്നാലും ഈ ടെസ്റ്റുകൾ കണക്ക്, സാക്ഷരത, ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ ഉയർന്ന പ്രകടനം കാഴ്ചവെയ്ക്കുന്നതിനുള്ള കഴിവ് വിദ്യാർത്ഥികളെ മാത്രം പരീക്ഷിക്കുന്നു. ഒരു വിദ്യാർത്ഥിയുടെ തലച്ചോറിനെ വെല്ലുവിളിക്കുന്നതിനനുസരിച്ച് ഈ വിഷയങ്ങളിൽ ഉയർന്ന പ്രകടനം കാഴ്ചവെയ്ക്കുന്നതിനുള്ള കഴിവ് ആർട്ട് കോഴ്സ് സഹായിക്കുന്നു. മോസാർട്ട് ഇഫക്റ്റ് പോലുള്ള പരീക്ഷണങ്ങൾ, ക്ലാസിക്കൽ സംഗീതം, പഠിക്കുന്നതും കേൾക്കുന്നതും തലച്ചോറിൽ ചെയ്യുന്നതും സ്വാധീനം, വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള കഴിവ് നൽകുന്നു. കുറക്കുന്ന സമ്മർദ്ദം, ഒപ്പം ഉറക്കരീതികൾ എളുപ്പത്തിൽ മാറ്റർ മനസ്സിനെ വികസിപ്പിക്കുക മാത്രമല്ല, കുട്ടികളെ തെരുവുകളിൽ നിന്നും തിരുത്തൽ സംവിധാനത്തിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യുന്നതിൽ വിദ്യാഭ്യാസത്തിനുള്ളിലെ കലാപരിപാടികൾക്ക് അനിന്നെ പ്രാധാന്യമുണ്ട്. കലാപരിപാടികളുള്ള വിദ്യാർത്ഥികൾക്ക് ബിരുദം നേടാനുള്ള സാധ്യത മൂന്നിരട്ടി ആയിട്ടാണ് പഠനങ്ങൾ കാണിക്കുന്നത്.





# തിരുച്ചിറപ്പള്ളിയിലെ രോദനം

'തിരുച്ചിറപ്പള്ളിയിൽ മുഴങ്ങിയ കണ്ണീർ രോദനം ഇനിയും നമ്മുടെ നാട്ടിൽ മുഴങ്ങാതിരിക്കട്ടെ...' നൂറ് അടി താഴ്ചയുള്ള കുഴൽ കിണറിൽ കുടുങ്ങിയ ഒരു പിഞ്ചുകുഞ്ഞിനെ രക്ഷിക്കാൻ സാധിക്കാത്ത ഈ നാടിനെങ്ങിനെ കോലിളകി വരുന്ന മഹാമാരിയിൽ നിന്നും ഈ നാടിനെ രക്ഷിക്കാൻ സാധിക്കും? വരൂ സുഹൃത്തെ.... ഉണർന്ന് ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഇരുമ്പിനും, തുരുമ്പിനും, സ്വർണത്തിനും, കൽക്കരിക്കുമെല്ലാം നിമിഷ നേരങ്ങൾ കൊണ്ട് ഖനനം നടത്തി കോടികൾ വാരിക്കൂട്ടി മുതലാളിമാരാകുന്ന നാട്ടിൽ, ജിയോളജി വിഭാഗത്തിന്റെ അനുമതിയില്ലാതെ ഒറ്റ രാത്രികൊണ്ട് നൂറു കണക്കിന് അടികൾ തുരന്ന് കുഴൽ കിണറുകൾ കുഴിക്കുന്ന നാട്ടിൽ... നൂറ് അടി താഴ്ചയിൽ കുടുങ്ങിയ പിഞ്ചു പൈതലിനെ രക്ഷിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ ലജ്ജിക്കുന്നു ഈ ഭരണകൂടത്തോട്, ലജ്ജിക്കുന്നു ഈ സമൂഹത്തോട്.

ഭൂമിക്കടിയിൽ അണ്ടർഗ്രൗണ്ടുകളും, മെട്രോ സ്റ്റേഷനുകളും നിർമ്മിക്കുന്ന നാട്ടിൽ... കോടിക്കണക്കിന് രൂപ ചെലവാക്കി യൂണിവേഴ്സിറ്റികളും, കോളേജുകളും ലക്ഷക്കണക്കിന് രൂപ ശമ്പളം നൽകുന്ന ജിയോളജിസ്റ്റുകളും, ജിയോളജി വകുപ്പും ഭൂഘടനയെ കുറിച്ചും പാറക്കെട്ടുകളെ കുറിച്ചും പഠനം നടത്തി മാപ്പുകൾ ഉണ്ടാക്കുന്ന നാട്ടിൽ എൻപത് മണിക്കൂർ ആ കുഞ്ഞു വാവ അനുഭവിച്ച പ്രയാസങ്ങൾ ഓർക്കുമ്പോൾ മനസ്സ് വിതുമ്പുന്നു. അതനുള്ളിൽ കിടന്ന് ആ പിഞ്ചു കുഞ്ഞ് എന്ത്ര തവണ അമ്മേ എന്ന് വിളിച്ച് കരഞ്ഞിട്ടുണ്ടാവും... കൈകാലുകൾ ഒന്ന് ചലിപ്പിക്കാനാവാതെ, അമ്മയെ കാണാതെ... അച്ഛനെ കാണാതെ... സഹോദരങ്ങളെ കാണാതെ.... ആ പിഞ്ചു മനസ്സ് എത്ര തേങ്ങിയിട്ടുണ്ടാവും... രക്ഷാപ്രവർത്തനങ്ങളിൽ വീമ്പിളക്കുന്ന നാട്ടിൽ...

കാരുണ്യവാനായ പടച്ച തമ്പുരാൻ ആ കുടുംബത്തിന് സമാധാനം നൽകട്ടെ... സന്തോഷം നൽകട്ടെ... 'ഒരു പിഞ്ചു കുഞ്ഞിന്റെ ജീവൻ രക്ഷിക്കാൻ സാധിക്കാത്ത നമ്മൾ തോറ്റ് പോയ ജനതയാണ്.



# പിന്നേത് താപനിലയിൽ ചോര തിളപ്പൂ

രക്തം തിളക്കുമോ ?
എപ്പോഴാണത് ? ഏത് താപനിലയിൽ ?
സിരകളിൽ, ക്രോധവും ദേഷ്യവും വരുമ്പോഴേ ?
കൊന്നു
കൊലവിളിച്ച്, അട്ടഹസിക്കുമ്പോഴോ
അറിയില്ല...!
പിന്നേത് താപനിലയിൽ ചോരതിളപ്പൂ..?

ലളിതമാണ് ഉത്തരം
അത്, ജീവൻ നൽകുമ്പോഴാണ്
ഇറ്റിറ്റായി, മറ്റൊരുവന്റെ ഉള്ളിലേക്ക്
അരിച്ചിറങ്ങുമ്പോഴാണ്...
സ്നേഹത്താൽ രക്തം തിളക്കുന്നത്...
നീയും ഞാനുമത് പകുത്തു
നൽകുമ്പോഴാണ്...

**മിനു മുർഷിദ**



# പ്രണയം

ഇന്നലകളിലെ വിരഹകാലത്തിനപ്പുറത്ത് ഋതു ഭേദങ്ങളിൽ കൊഴിയാത്ത പ്രണയത്തെ നാം ദർശിച്ചു പാശ്ചാതരിൽ നിന്ന് വ്യത്യസ്തമായിട്ട് മഹത്തായൊരു പ്രണയ സംസ്കാരം നമുക്കുണ്ടായിരുന്നു. കാൽ പനി കതയുടെ വർണ്ണചിറകുകളിലേറി പ്രണയത്തിന്റെ വാനിൽ പറന്നകന്നവർ

ഷേക്സ്പിയറിന്റെയും ഷെല്ലിയുടേതുമൊക്കെ വരികളിൽ നിന്ന് പാശ്ചാത്യ പ്രണയം മാറ്റപ്പെട്ടിരിക്കുന്നു. പ്രണയത്തിന്റെ മോഹങ്ങൾ പൂവണിയുന്ന സുവർണ്ണ നിമിഷങ്ങളുണ്ട്. വിവരസാങ്കേതിക വിദ്യ പ്രണയത്തിന്റെ അനന്തസാധ്യകൾ വർദ്ധിപ്പിച്ചു എന്നാണ് പറയപ്പെടുന്നത്. ഒരു രാത്രി മുഴുവൻ വെട്ടിയും തിരുത്തിയും ചുരുട്ടിക്കൂട്ടിയും പ്രണയ ലോഖനമെഴുതിയ കാമുകന്മാർ ഇന്നില്ല. അങ്ങനെ ആത്മാവുകണ്ട കണ്ണുകളും കണ്ണീരുവീണ ചിന്തകളും പ്രണയത്തിന്റെ പടിക്കുപുറത്തായി.

പ്രണയ ബന്ധങ്ങൾ ഓരോരുത്തർക്കും വ്യത്യസ്ത അനുഭവങ്ങളാണ് നൽകുന്നത് ജീവിതം തന്നെ മുന്നോട്ടു നയിക്കാൻ പ്രേരിപ്പിക്കുന്ന ചില പ്രേരണകൾ പ്രണയം ചിലർക്ക് നൽകുന്നു. ചിലരിൽ സുരക്ഷിതത്വ ബോധം ഉണ്ടാക്കുന്നു. പ്രണയം സൃഷ്ടിക്കുന്ന ദുഃഖങ്ങൾ ഏറെയാണ്. പ്രണയത്തിന്റെ പ്രേരണയാൽ ജീവിതം സ്വയം നശിപ്പിച്ച് കുടുംബബന്ധങ്ങളും സാമൂഹിക ബന്ധങ്ങളും ഉപേക്ഷിച്ച് പോകുന്ന അറിയുന്നില്ലാ പ്രണയത്തിന്റെ ചതിക്കുഴിയിലേക്കാണ് ചെന്ന് വീഴുന്നതെന്ന്. ഈ ഭൂമിയിലിരുന്നു കൊണ്ട് തീരം തേടുകയാണ്.



# വഴി

അവൾ ഒന്നു കൂടി ആ വഴിയിലേക്ക് നോക്കി. തന്നെ തേടി വരാത്തവർക്കായി ആ വഴി ഇരുട്ടുന്തോറും പ്രതീക്ഷയും അവസാനിക്കുകയായിരുന്നു. പക്ഷേ, ഇരുട്ടോ, വെളിച്ചമോ തിരിച്ചറിയാൻ പറ്റാത്ത വിധം അവൾ മാറിയിരുന്നു. അഴിച്ചിട്ട മുടിയിൽ തലോടി അവളങ്ങനെ ഇരുന്ന.

ഒരു വർഷം മുമ്പ്,

അന്ന് ആ രാത്രിയിലാണ് അവളുടെ ജീവിതം മാറ്റിമറിക്കാനിടയായ സംഭവമുണ്ടായത്. കൗമാരത്തിന്റെ രക്തത്തിളപ്പിൽ പൊലഞ്ഞത് ഒരുപാട് ജീവിതങ്ങളായിരുന്നു. അവളുൾപ്പടെ സമൂഹത്തിന് പ്രതീക്ഷ ഉണ്ടായിരുന്ന ചിലർ. ഭാവി ഉണ്ടായിരുന്നവർ പക്ഷേ എല്ലാം ഒരു നിമിഷത്തിൽ താഴെ വീണുടഞ്ഞു. അതിന്റെ ഓരോ ചീളകളും ചോരയില്ലാത്ത വൃണങ്ങളുണ്ടാക്കി.

അവളിന്നും ഓർക്കുന്നു-

ആ രാത്രി. കൂട്ടുകാരുമൊത്ത് ഉല്ലസിച്ച് നടന്നപ്പോൾ തോന്നിയ ഒരാഗ്രഹം. ഒരു ഡ്രഗ്ഗ് എങ്കിലും യൂസ് ചെയ്ത് നോക്കണം. 'അല്ലെങ്കിലും ഒരു തവണ ഇതൊക്കെ ഇന്നു ഉപയോഗിച്ചാലെന്താ ? കുറ്റമൊന്നുമില്ല. ആരും അറിയാനും പോകുന്നില്ല' അവളുടേയും കൂട്ടുകാരുടെ

യും മനസ്സ് പറയുന്നുണ്ടായിരുന്നു. ആദ്യത്തെ അനുഭവം അവർക്ക് പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു. ഇത്രയും കാലം നമ്മൾ എവിടെയായിരുന്നു ?

അന്ന് അവൾ വല്ലാത്ത ഒരവസ്ഥയിലായിരുന്നു. ശരീരത്തിൽ നിന്ന് എന്തൊക്കെയോ നഷ്ടപ്പെടുന്നത് പോലെ. എന്തിനോ വേണ്ടി വല്ലാതെ കൊതിക്കുന്നുണ്ടായിരുന്നു അവളുടെ മനസ്സും ശരീരവും. എന്തിനും ഏതിനും കൂടെയുള്ള കൂട്ടുകാർ ഉള്ളപ്പോൾ വിഷമിക്കുന്നതെന്തിന് ? അങ്ങനെ ക്രമേണ അവൾ അതിന് അടിമപ്പെടുകയായിരുന്നു. അവളെ സംബന്ധിച്ച് അവ സുന്ദരമായ ദിനങ്ങളായിരുന്നു. ഓരോ തവണയും മനസ്സ് പറയുന്നുണ്ടായിരുന്നു-ഇനിയുമാകാം, ഇനിയുമാകാം. മുറ്റമില്ല്ല.

ആഴ്ചയിൽ ഒരു തവണയെങ്കിലും വീട്ടിൽ വരുന്ന മോൾക്കിതെന്തു പറ്റിയെന്ന് അമ്മ അന്വേഷിച്ചു. ആർക്കറിയാം എന്നായിരുന്നു ഹോസ്റ്റൽ വാർഡിന്റെ മറുപടി. അവരുടെ ഉത്തരവാദിത്വമില്ലായ്മയെകുറിച്ച് ആ അമ്മ പിറുപിറുത്തു. തന്റെ മകൾ വരുമെന്ന പ്രതീക്ഷയിൽ കാത്തിരുന്നു. അല്ലെങ്കിലും ഇപ്പോഴത്തെ കുട്ടികൾക്ക് നേരവും കാലവുമുണ്ടോ ? അവളിങ്ങുവരും.



ക്ലാസിലെ മിഡിൽ ബെഞ്ചു രണ്ടാഴ്ച്ചയായി ഒഴിഞ്ഞു കിടക്കുകയാണ്. അതിലിരുന്ന് പഠിച്ചിരുന്നവരപ്പറ്റി ആർക്കും ഒരറിവുമുണ്ടായിരുന്നില്ല. അല്ലെങ്കിൽ ഓർക്കാൻ ആർക്കും സമയവുമുണ്ടായിരുന്നില്ല... പക്ഷേ, ക്ലാസിൽ അത്യാവശ്യം പഠിച്ചിരുന്ന അവരുടെ അവസ്ഥ സഹപാഠികൾക്ക് ഊഹിക്കാവുന്നതിനും അപ്പുറമായിരുന്നു. കുട്ടേണ്ട ഒന്നിനെ തേടി അലയുകയായിരുന്നു അവർ. ഭ്രാന്തരെപ്പോലെ.

പെട്ടെന്നാണ് അവൾ ഒറ്റപ്പെട്ടത്. റിഹാബിലേഷൻ സെന്ററിൽ, ആ ഇരുമ്പഴികൾക്കുള്ളിൽ അവൾ വല്ലാതെ വീർപ്പുമുട്ടി. ശ്രമിച്ചു, ശ്രമിച്ചുകൊണ്ടേയിരുന്നു- ആ പഴയകാലത്തേക്ക് മടങ്ങാൻ, അമ്മയുടെ കുഞ്ഞു കുസൃതിയാവാൻ. പക്ഷേ ഏതോ ഒരു വലിയ ശക്തി അവളെ പുറകിലേക്ക് വലിക്കുന്നുണ്ടായിരുന്നു. അവൾ തളർന്നു. കൂട്ടുകാരും വീട്ടുകാരുമില്ലാതെ എന്തൊക്കെയോ നഷ്ടപ്പെട്ട് ഒരു ഭ്രാന്തിയെപോലെ.

പക്ഷേ, പ്രതീക്ഷ അവസാനിപ്പിച്ചില്ല. പഴയ ഓർമ്മകളുമായി അവൾ ആ വഴിയിലേക്ക് നോക്കി നിന്നു. ഒരിക്കലും അവളെ തേടി വരാത്തവർക്കായി.

ഷഹ്നാസ്



# മാറ്റം

പഴുതുകളടച്ചുകൊണ്ട് ജീവിക്കുക...
നിന്റെ
കാധികാനും, ഗുരുവും
ശത്രുവും, മിത്രവും
നിന്റെ
ഉള്ളിലാണെന്ന് ഉറപ്പു
വരുത്തുക...
ഇരുളിന്റെ മറവിലെ
സൂര്യൻ ഒരിതളിനെ
തൊടുമ്പോളേക്കും
മാറുന്ന ലോകമാണ്...
സ്വാർത്ഥതയുടെ
ലോകം...
കണ്ണടഞ്ഞു കാഴ്ച്ച
പിറന്നു വീഴുന്നത്
ചിരിയുള്ള മുഖത്തെ
സൽക്ഷണം
ശത്രുവാക്കുന്ന
സമയമായിരിക്കും...
നിന്റെ പ്രണയത്തെ
ബന്ധിക്കുന്നത്
പുകമണക്കുന്ന
കാമമായിരിക്കും...
അളന്നു തീർക്കുന്നത്
ജീവിച്ചതല്ല, മറിച്ച്
അടുക്കിവെച്ച
ഒത്തുതീർപ്പിന്റെ
വിങ്ങലുകളാണ്...
കണ്ണ് കലങ്ങുന്നത്
നഷ്ടപ്പെടലിന്റെ
തുടക്കത്തിലല്ല,
തിരിച്ചറിവിന്റെ
അവസാനത്തിലാണ്...
വെളുത്ത പക
ഉള്ളൊളിപ്പിച്ച്
പുറത്തു
വരുന്നതാണ്
കറുത്തചിരി...
മാറ്റി നിർത്തേണ്ടതും
മാറേണ്ടതുമായ
അനന്തതയുടെ
സത്യം നിന്നിലും
നീതി നീയുമാവുക...
ഉള്ളുറപ്പോടെ...



# വീടുകൾക്കും പറയാനുണ്ട്

കാലമായ പുസ്തകത്തിന്റെ താളുകൾ
മറിക്കപ്പെടുമ്പോൾ
ഒന്നിൽ നിന്നും രണ്ടായി, രണ്ടിൽ നിന്നും
മൂന്നായി, ജീവിതങ്ങളുണ്ടാവുന്നു.
സ്നേഹ, ലാളന പ്രണയ വികാരങ്ങൾ
കൂടിച്ചേർന്ന് കുടുംബങ്ങളുണ്ടാകുന്നു.
നാലുചുവരുകളാൽ കെട്ടിപ്പടുക്കപ്പെടുന്ന
വീടുകളുണ്ടാകുന്നു...
വീടുകൾക്കും പറയാനുണ്ട്
സ്നേഹം പ്രണയമാകുന്നതും
പ്രണയം ദേഷ്യമാകുന്നതും
ദേഷ്യം പകയായി ദഹിപ്പിക്കപ്പെടുന്നതും
ഓരോ ചുമരുകൾക്കും പറയാനുണ്ട്
സ്നേഹ വാത്സല്യങ്ങളുടെ കഥ
നാൽചുമരുകൾക്കുള്ളിൽ ചവിട്ടിമെതിക്കപ്പെടുന്ന
മനസ്സിന്റെ വേദനകൾ
തന്റെ സ്വപ്നങ്ങളെ ഞെരിച്ചുകളയേണ്ടി വരുന്ന
പെൺമനസ്സിന്റെ നൊമ്പരങ്ങൾ...
നാലുകാലിൽ വന്ന് പ്രഹരങ്ങളേൽക്കുന്ന
രാത്രിയുടെ തേങ്ങലുകൾ
പൊട്ടിച്ചെറിയപ്പെടുന്ന കെട്ടുതാലിയുടെ
മൂല്യങ്ങൾ...
ശിഥിലമാക്കപ്പെടുന്ന കുടുംബബന്ധങ്ങളുടെ
കണ്ണൂനൂരുകൾ....
ജീവിത പ്രാരാബ്ദങ്ങളിൽ തൂങ്ങിയാടുന്ന
മരണക്കുരുക്കുകളുടെ കഥകൾ
അമ്മ പെങ്ങമ്മാരെ തിരിച്ചറിയാനാവാത്ത
കാമ വെറിയമ്മാരുടെ ക്രൂരതകൾ
പ്രാരാബ്ദങ്ങളിൽ ജീവച്ഛവമായ
മനുഷ്യ ജീവിതങ്ങളുടെ രോദനങ്ങൾ...
ഇങ്ങനെയിങ്ങനെയിങ്ങനെ....
ഓരോ വീടുകൾക്കും പറയാനുണ്ട്...
ഓരോ ജീവിതങ്ങളുടെ കഥ....
ഓരോ നഷ്ടങ്ങളുടെ കഥ....
ഓരോ നേട്ടങ്ങളുടെ കഥ....
ഓരോ അതിജീവനങ്ങളുടെ കഥ....
ഓരോ വീടുകളുടെ കഥ....

**അർചന പി.**



# അന്ധകാരം

രാത്രിയുടെ അന്ധകാരത്തിൽ കാറ്റിൽ ഇലകളുടെ കാതരശബ്ദം. കൂടെ പിഞ്ചോമനയുടെ നിശബ്ദമായ പ്രരോദനം. പതിവിലും വിപരീതമായി എന്തൊക്കെയോ നടക്കുന്നു. കറുത്ത മരണത്തിന്റെ അടയാളം മുഴക്കെ പരക്കുന്നു. അത് മണത്തറിയാനായി പൂച്ച നാലുപാടും നിശബ്ദമായി അലയുന്നു. പതിനാലു വർഷത്തിനിടയിൽ ആദ്യമായിട്ട് പൂച്ചക്ക് അസ്വസ്ഥത അനുഭവപ്പെട്ടു. വീടിന്റെ വലതുവശത്തെ മുറിയിൽ എത്തിയ പൂച്ചക്ക് ധൈര്യം നഷ്ടപ്പെടുന്നതുപോലെ തോന്നി. കട്ടിലിൽ കാലിട്ടടിക്കുന്ന പിഞ്ചോമനയുടെ നിശബ്ദമായ കരച്ചിൽ പൂച്ച ഗ്രഹിച്ചെടുത്തു. പൂച്ചയുടെ മനസ്സിൽ ആയിരം ചോദ്യങ്ങളുയർന്നു...

ജീവിതം അപാർത്ഥമാക്കുന്നതുപോലെ പൂച്ചക്കനുഭവപ്പെട്ടു. ചേച്ചി ഇന്ന് കുഞ്ഞിന് പുതിയതെന്തോ നൽകിയിട്ടുണ്ടെന്ന് പൂച്ച അനുമാനിച്ചു. മനുഷ്യനെ പോലെ ദ്രാവകങ്ങളും ആസിഡുകളും വിഷപദാർത്ഥങ്ങളും കണ്ടെത്താനാവില്ലെങ്കിലും മരണത്തിന്റെ വെപ്രാളവും വിപരീത ചലനങ്ങളും പൂച്ചയ്ക്ക് മനസിലായി. അക്രമങ്ങളും പ്രലോഭനങ്ങളും തിരിച്ചറിയാത്ത പിഞ്ചോമനയെ ഒരു നിർവിഘ്നവുമില്ലാതെ മായ്ച്ചുകളഞ്ഞതെന്തിനായിരിക്കും...?! കഴുത്തു നെരിച്ച് കൊന്നതാണോ അതോ ഭക്ഷണത്തിൽ വല്ലതും ചേർത്തതാണോ ? ചോദ്യങ്ങൾ മാത്രം... അഖ്യായികയിൽ സംഭവിച്ചതു പോലെ പൂച്ചയ്ക്ക് അക്ഷന്തവ്യമായ പ്രരോദനമനുഭവപ്പെട്ടു. മനുഷ്യകുഞ്ഞിനെ കൊല്ലാൻ മടക്കാത്ത ചേച്ചി ഒരുപക്ഷേ എന്നെയും ഇല്ലാതാക്കിയേക്കാം എന്ന ചിന്ത പൂച്ചയെ അലട്ടിക്കൊണ്ടിരുന്നു. നേരം പുലരുന്നതിന് മുമ്പ് അന്ധകാരത്തിൽ നിന്ന് പ്രതീക്ഷകളില്ലാത്ത മറ്റൊരു അന്ധകാരത്തിലേക്ക് ഓടി മറയൻ പൂച്ച കൊതിച്ചു. കണ്ണിൽ ഇരുട്ട് മാത്രം... നിർവൃതിയില്ലാത്ത പൂച്ചയുടെ ഏകാന്തയാത്ര.....

സൽമ എ.




# വെബ്സീരീസുകളും പ്രേക്ഷകരും

ദൈനംദിനം വളർന്നുകൊണ്ടിരിക്കുന്ന ടെക്നോളജി കാലഘട്ടത്തിൽ സോഷ്യൽ മീഡിയകൾ തരംഗം സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. സമകാലികമായ പ്രശ്നങ്ങൾ ഉന്നയിച്ചു കൊണ്ടുള്ള ഒരുപാട് വെബ്സീരീസുകൾ ഇന്ന് ജനസമൂഹത്തിൽ പ്രവരിച്ചുകൊണ്ടിരിക്കുന്നു. സിനിമയെ പോലെ തന്നെ ഇത്തരം വെബ്സീരീസുകൾക്കും നല്ല ജനകീയ പിന്തുണ നമുക്ക് കാണാൻ സാധിക്കുന്നു. സമകാലിക പ്രശ്നങ്ങളെ ജനസമൂഹത്തിൽ എത്തിക്കുന്നതിൽ ഇന്ന് ഏറ്റവും കൂടുതൽ പങ്ക് വഹിക്കുന്നത് ഒരു പക്ഷേ വെബ്സീരീസുകളാകാം. പുതു തലമുറയുടെ ആശയങ്ങളും അഭിരുചികളും അവർ ഇത്തരം വെബ്സീരീസുകളിലൂടെ പ്രകടമാക്കുന്നു. അതിനായി അവർ ഇത്തരം വെബ് സീരീസുകളിലൂടെ പ്രകടമാകുന്നു. അതിനായി അവർ തിരഞ്ഞെടുക്കുന്നത് ഹാസ്യമാണ്. പ്രാചീനകാലം മുതലെ ജനസമൂഹത്തിൽ ഹാസ്യത്തിന് നല്ല സ്വീകാര്യത നിലനിന്നിരുന്നു. അതിപ്പോഴും നില നിർത്താൻ വെബ്സീരീസുകളിലൂടെ സാധിക്കുന്നുണ്ട്. അതിന് നല്ല ഒരു ഉദാഹരണമാണ് കരിക്ക് ടീമിന്റെ 'തേരാപാര' വെബ്സീരീസ് പൊൻമുട്ട എന്നിവ കുറഞ്ഞ കാലയളവിൽ തന്നെ മറ്റൊരു യ്യൂട്യൂബ് ചാനലും നേടാത്ത ജനപ്രീതിയാണ് ടീം കരിക്ക് സ്വന്തമാക്കിയത്. ജോർജ്, ലോലൻ, ശംഭു, ഷിബു. ഫെയ്സ് ബുക്കും യ്യൂട്യൂബും ഉപയോഗിക്കുന്ന എല്ലാ മലയാളികൾക്കും ഇവർ സുപരിചിതരാണ്. 'കരിക്ക്' യുവമനസുകളിൽ ചേക്കേറിയിട്ട് കുറച്ച് മാസങ്ങളെ ആയിട്ടുള്ളൂ. കഴിഞ്ഞ ഏപ്രിൽ ഒന്നിനാണ് കരിക്കിന്റെ ആദ്യവീഡിയോ എത്തിയത്. യ്യൂട്യൂബ് വീഡിയോകൾക്ക് സ്വീകാര്യത ലഭിച്ചതോടെ തേരാ പേരാ വെബ്സീരീസ് വൻഹിറ്റായി. തികച്ചും വ്യത്യസ്ഥമായ ഒരു അവതരണ രീതിയാണ് സംവിധായകൻ നിവിൽ പ്രേഷകർക്ക് മുന്നിൽ കാഴ്ച വെച്ചത്. നമ്മൾ സുഹൃത്തുക്കൾക്കിടയിലെ സംഭാഷണങ്ങളും, ചളികളും കരിക്കിലും കാണാം. ലോലനും, ജോർജും, ഷിബുവും ശംഭുവും ശരിക്കും നമ്മുടെ സുഹൃത്തുക്കൾക്കിടയിലെ കഥാപാത്രങ്ങളാണ്. ഇതുകൊണ്ടുതന്നെയാവാം കരിക്കിന് ഇത്രയും ജനകീയ പിന്തുണ ലഭിച്ചത്.

കരിക്കിലെ കഥാപാത്രങ്ങൾ തമ്മിലുള്ള കൂട്ടുകെട്ടാണ് കരിക്കിൽ നാം കാണുന്ന തമാശകളുടെ കെമിസ്ട്രി. കരിക്കിലെ ഹ്യൂമറുകളൊക്കെ ഇന്ന് യുവതലമുറയുടെ സ്ഥിരം ഡയലോഗുകളായി മാറിയിരിക്കുന്നു. 'നിസാരം.....ഫ്രഷ്.... ഇതൊക്കെ നമുക്ക് സുപരിചിതമാണ്. ഒരു കൂട്ടം ചെറുപ്പക്കാർ തങ്ങളുടെ അഭിപ്രായങ്ങളും വെബ്സീരിസുകളിലൂടെ പ്രകടമാക്കിക്കൊണ്ടിരിക്കുകയാണ്. സാമൂഹിക മുന്നേറ്റത്തിനുതകുന്ന തരത്തിലുള്ള ആശയങ്ങളും വെബ്സീരികളിൽ നമുക്ക് കാണാൻ സാധിക്കും.



# രാക്ഷസൻ

F i l m R e v i e w

സിനിമയുടെ തുടക്കം മുതൽ ഒടുക്കം വരെ കാഴ്ച്ചക്കാരെ പിടിച്ചിരുത്തുമെങ്കിൽ അതിനെ ഉഗ്രൻ എന്ന് നിസംശയം വിശേഷിപ്പിക്കാം. അങ്ങനെ പറയാവുന്ന ഗണത്തിൽ പെട്ടതാണ് പൂർണമായും കാഴ്ചക്കാരെ ത്രസിപ്പിക്കുന്ന രാംകുമാറിന്റെ രാക്ഷസൻ എന്ന ചിത്രം. സൈക്കോ ഹൊററർ ത്രില്ലർ രാക്ഷസൻ മികച്ച അഭിപ്രായം നേടി മുന്നേറി. തെക്കേ ഇന്ത്യൻ സിൻമാവ്യവസായത്തിന്റെ വിജയചിത്രങ്ങളുടെ പട്ടികയിൽ തമിഴ്സിനിമകളുടെ എണ്ണം കൂടി.

ഒരിടത്തും കൈവിട്ടുപോകാതെ ഒതുക്കത്തോടെ ഒരു ഹൈപ്പർ ത്രില്ലിങ്ങ് എക്സ്പീരിയൻസ് കാഴ്ച്ചക്കാരന് നൽകാൻ രാക്ഷസനിലൂടെ സംവിധായകൻ രാംകുമാറിന് കഴിഞ്ഞു.സംവിധായകന്റെ കഴിവിന് ലഭിക്കുന്ന അംഗീകാരമാണ് ഓർക്കാപ്പുറത്ത് തിയേറ്ററിൽ ഉയരുന്ന കയ്യടികൾ വിഷയ




ത്തിൽ പുതുമയില്ലെങ്കിലും പുതുമയുള്ള അവതരണം സിനിമയുടെ അവസാനം വരെ നിലനിർത്താനായത് പ്ലസ് പോയിന്റാണ് ഹോൻവയലൻസ് രംഗങ്ങൾ മൂടുപ്പിക്കുന്ന തീവ്രതയിൽ മുന്നിലെത്തിക്കാതെ പ്രേക്ഷകനിൽ അവയുടെ അനുഭവം സൃഷ്ടിക്കാനായത് സംവിധായകന്റെ വിജയമാണ്. സങ്കൽപ്പിക്കാത്ത തലങ്ങളിലേക്ക് കാഴ്ച്ചക്കാരനെ എത്തിക്കാൻ കഴിയുമെങ്കിൽ ആ ചിത്രം മികച്ചത് തന്നെയാണ്.

രാംകുമാറിന്റെ സംവിധാനവും തിരക്കഥയും ഗംഭീരമായപ്പോൾ രാക്ഷസനെ ഉഗ്രനാക്കി തീർത്തതിൽ എഡിറ്റിങ്ങും പശ്ചാത്തല സംഗീതവും സംവിധായകൻ സങ്കൽപ്പിച്ച തലപ്പത്തിനപ്പുറത്തേയ്ക്ക് കാഴ്ച്ചക്കാരെ എത്തിക്കാൻ കഴിഞ്ഞു. സംഗീതത്തിനൊപ്പം കാണുന്നവരുടെ മനസ്സും സഞ്ചരിച്ചുവെന്നത് ജിബ്രാൻ ചിട്ടപ്പെടുത്തിയ സംഗീതത്തിന്റെ വിജയമായി. പിഴവുകളില്ലാത്ത രംഗങ്ങൾ എഡിറ്റ് ചെയ്ത സാൻലോകേഷ് സിനിമയുടെ ത്രില്ലിങ്ങ് അനുഭവം ഇരട്ടിയാക്കി.

അഭിനേതാക്കളെല്ലാം തന്നെ അവരുടെ ഭാഗം ഭംഗിയാക്കി. വിഷ്ണു വിശാൽ അതിനടമില്ലാതെ ഇൻസ്പെക്ടർ അരുണിനെ വെള്ളിത്തിരിയിലെത്തിച്ചു. അലക്സ് ക്രിസ്റ്റഫറും രാധാരവിയും നിഴൽകൾരവിയും രാംദാസും വിനോദിനിയും നന്നാക്കി. നായികമാണെങ്കിലും അമലപോളിന് അധികമായൊന്നും ചെയ്യാനില്ലായിരുന്നു. സിനിമയിലെത്തിയ ബാലതാരങ്ങളുടെ അഭിനയവും മികച്ചതായി.

സാങ്കേതിക വശങ്ങളെല്ലാം മികച്ചതാക്കി ഒരുമിച്ചപ്പോൾ രാംകുമാറിന് അഭിമാനിക്കാവുന്ന വിജയം രാക്ഷസൻ നേടുമെന്ന കാര്യം ഉറപ്പാണ്. രാക്ഷസന്റെ അവസാനരംഗത്തൊരുക്കിയ സംഘട്ടനം ഇന്ദ്രജാലത്തിന്റെ അകമ്പടിയിൽ കാഴ്ച്ചക്കാരന്റെ ഹൃദയമിടിപ്പ് കൂട്ടുന്ന വിസ്മയമൊരുക്കി. സംശയമില്ല, സിനിമ കാണാനാഗ്രഹിക്കുന്നവർക്ക് അമ്പരപ്പിക്കുകയും മനസ്സിനെ മറ്റൊരു തലത്തിലെത്തിക്കുന്നതുമായ രാക്ഷസൻ മികച്ച ഒരനുഭവമാണ്.



# നിളയെ നീ...

ഇന്നലെ നീയൊരു പുഴയായിരുന്നു
ഇന്നിതാ നീ കറുത്തിരുണ്ടു പോയി
നിൻ കയ്യിൽ നിന്നു ഞാൻ തെളിനീർ കുടിക്കവേ
എൻ, മനമാകെ കുളിർത്തുപോയി
കാപാലികർ നിൻ മാറിൽ നിന്നു
വേണ്ടുവോളം മുത്തും പവിഴവും ചൂഴ്ന്നെടുത്തു
കൊണ്ടു പോകാൻ മാളികകൾ പണിതപ്പോൾ
നീ വീണ്ടും കറുത്തിരുണ്ടൊരു യക്ഷിയായി
കാലത്തിൻ കുത്തൊഴുക്കിൽ നീയാകെ മാറി
നിൻ മുലപ്പാലിൻ മധുരം നുകർന്നവർ
ഇന്നിതാ നിന്നെ നോക്കി കൊഞ്ഞനം കുത്തുന്നു
നിൻ ഭൂതകാല കഥകളും കദനങ്ങളും
കേൾക്കാനൊട്ടും സമയമില്ലാർക്കും
എങ്കിലും... നമുക്കൊന്നായ് അണിചേരാം
നാളെയുടെ പൊൻപുലരിക്കായ്
ഒരു മാറ്റത്തിൻ പുലരിക്കായ്

**ഷിഫ**

# ഇടവേള

അന്നത്തേ വേഷങ്ങൾ
ഇന്നത്തേ ആർഭാടങ്ങൾ
ജീവിതം തന്നെ മാറി മറയുന്നു
മാറ്റങ്ങൾക്കൊരു ഇടവേള നൽകൂ.

മിണ്ടുവാൻ കഴിയാതെയായ്
കാണുവാൻ കഴിയാതെയായ്.
വിചിത്രമാം ഗോളങ്ങളായ്
ഈ മാറ്റമെങ്ങോട്ടാ പോകുന്നത് ?



# ചിന്ത

കുഞ്ഞുകൈകാലുകളിട്ട് അവൾ അമ്മയുടെ ഗർഭ പാത്രത്തിൽ പതുക്കെയടിച്ചു. 'എനിക്കും ഈ ഭൂമിയിൽ വേഗം പിറക്കണം.' വയറിൽ കൈവെച്ച് 'എന്തിന്' എന്ന ഭാവത്തോടെ അമ്മ പുഞ്ചിരിച്ചു. ആ സുഖമുള്ള നോവിൽ അമ്മ തുടർന്നു. പച്ചയായ ജീവിതങ്ങളുടെ കഥ.

മനുഷ്യായുസ്സിന്റെ രണ്ടാംബാല്യം. വാർദ്ധക്യസഹജമായ അസുഖങ്ങളെ ഒരു ഭയപ്പാടോടു കൂടിയാണ് മനുഷ്യൻ നോക്കിക്കാണുന്നത്. നൊന്തു പ്രസവിച്ച മക്കളാൽ ഉപേക്ഷിക്കപ്പെട്ട വരാണ് ഭൂരിഭാഗം അച്ഛനമ്മമാർ. ഭാര്യയെ അളവിൽ കൂടുതൽ സ്നേഹിക്കുന്ന മകൻ അമ്മയെ തള്ളിപ്പറയുമ്പോഴും ഉപേക്ഷിക്കുമ്പോഴും പരിഹസിക്കപ്പെടുന്നത് സ്ത്രീത്വവും മനുഷത്വവുമാണെന്ന് ഭാര്യ എന്ന സ്ത്രീ മറന്നുപോകുന്നു.

'ഇന്ന് ഞാൻ നാളെ നീ' എന്ന കാര്യം യൗവ്വനയുക്തരായവർ ചിന്തിക്കുന്നില്ല. വളർത്തി വലുതാക്കിയ അച്ഛനമ്മമാരുടെ സ്വാർത്ഥതാൽപര്യങ്ങൾ മക്കൾ മനസ്സിലാക്കുന്നത് സ്വയം അച്ഛനമ്മമാരാകുമ്പോഴാണ്. പക്ഷെ അപ്പോഴേക്കും ഒരുപാട് വൈകിപ്പോകും. ഒരുപക്ഷേ തെറ്റ് തിരുത്താനുള്ള അവസരം അവർ നമുക്ക് നൽകിക്കൊള്ളണമെന്നില്ല. കാലത്തിന്റെ മറവിൽ അവർ നമ്മെവിട്ട് പോയേക്കാം.

സ്വന്തം മക്കൾ തന്നെയാണ് അവരെയും ഭാഗം വെക്കുന്നത്. സ്വത്തുക്കൾ ഭാഗം വെക്കുന്ന കൂട്ടത്തിൽ സ്വന്തം രക്ഷിതാക്കളെയും അവർ ഭാരിച്ച ഉൽപന്ന വസ്തുക്കളായ് കാണുന്നു.

ജീവിതാവസാനം വരെ ഒരുമിച്ച് കഴിയാൻ കൈകോർത്ത അവരെ ബലം പ്രയോഗിച്ച് രണ്ടായി വേർപ്പെ



ടുത്തുന്നു. അവരെ ഒറ്റപ്പെടുത്തുന്നു. പുറം തള്ളാൻ യുവത്വം പറയുന്ന കാരണങ്ങൾ കേട്ടാൽ മനുഷ്യന്റെ തൊലിയുരിയും. രണ്ടുപേരുടെയും ചെലവ്, താമസ സൗകര്യം ഇതൊന്നും താങ്ങാനാവില്ലെന്ന്. അവർക്കായ് വൃദ്ധസദനങ്ങൾ വാതിൽ തുറക്കുന്നു.

ഒരു നിമിഷം തിരിഞ്ഞുചിന്തിച്ച് നോക്കുകയാണെങ്കിൽ... ഒരുപക്ഷേ പക്ഷിതാക്കളും ഇതേപടി ചിന്തിച്ചിരുന്നുവെങ്കിൽ... ഒരിക്കലും ഈ മനുഷ്യൻ പിറക്കില്ലായിരുന്നു. അലങ്കാരഭരിതമായ വീടുകളിൽ ഒരു മൂലയിൽ പ്രതിഷ്ഠിച്ച അവരെ പുച്ഛഭാവത്തിന്റെ ഓരോ നോട്ടത്തിലും മനുഷ്യൻ ആലോചിക്കണം. താൻ ചെയ്തതിന്റെ ഫലം തനിക്കുതന്നെ ലഭിക്കുമെന്ന്. നാളെ തനിക്കും ഈ ഇരിപ്പിടം മക്കൾ ഒരുക്കുമെന്ന്.

സ്വന്തം മക്കൾ തള്ളിപ്പറയുമ്പോഴാണ് ഒരച്ഛൻ, അല്ലെങ്കിൽ ഒരമ്മ വാർദ്ധക്യത്തിലേക്ക് അകന്നുപോകുന്നത്. അപ്പോൾ ഓരോരുത്തരും ഓർക്കേണ്ട കാര്യം ഒന്നേയുള്ളൂ. 'മക്കളെ കണ്ടും മാമ്പൂ കണ്ടും കൊതിക്കരുത്' പക്ഷേ, ഈ ചൊല്ല് തിരുത്താൻ നാം ബാധ്യസ്ഥരാണ്. അവർക്ക് നാം നൽകേണ്ട സ്ഥാനമാനങ്ങൾ എത്രത്തോളമെന്ന് നാം ഓരോരുത്തരും മനസ്സിലാക്കിയിരിക്കണം. ബാല്യത്തിൽ അവർ നമുക്ക് നൽകിയ സ്നേഹവും സംരക്ഷണവും തിരിച്ച് നൽകാനുള്ള വേദിയാണ് വാർദ്ധക്യം. പക്ഷെ പുതിയ ഫാഷനിൽ മതിമറക്കുന്ന യുവത്വം അത് പാടെ മറന്നുപോകുന്നു.

**IBTHIHAL C**



# നടന്ന വഴിയേ...

മെയിൻ റോഡിൽ നിന്ന് 2 സാ അകലെയായി കുമ്മിണിപ്പറമ്പ് പ്രദേശത്ത് ഇ.എം.ഇ.എ കാമ്പസ്, കോളേജ് കുമാരന്മാർക്കും കുമാരികൾക്കും ഗ്രാമീണ വശ്യതയോടെ കുളിച്ച് കുറിതൊട്ട് നവോഢയെപോലെ നിൽക്കുന്ന കോളേജ്.

കൂറ്റൻ ഗേറ്റും റോഡും എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ ഈ കലാലയം നിത്യേന കണ്ടിട്ടും വർഷങ്ങൾക്കുമുമ്പ് ചേട്ടനും ചേച്ചിയുമൊക്കെ മനസ്സിൽ കോറിയിട്ട രൂപമാണ് മനസ്സിൽ എറെയും.

പച്ചപരവതാനി വിരിച്ചത് പോലെയുള്ള പച്ചപ്പും പാറക്കൂട്ടങ്ങളും പറങ്കിമാവിൻതൈകളും മാവുകളും പറങ്കിമാവിനിടയിൽ അവിടങ്ങളിലായുള്ള കുസൃതിക്കൂട്ട ങ്ങളുമൊക്കെ എന്റെ മനസ്സിൽ നിറഞ്ഞ് നിൽക്കുന്ന രൂപങ്ങളാണ്.

ചേട്ടനും ചേച്ചിയിൽ നിന്നുമൊക്കെ ഈ വാർത്ത കേട്ട് കേട്ട് എനിക്കും ഇവിടെ പഠിക്കണമെന്ന അടങ്ങാത്ത ആഗ്രഹമായിരുന്നു. ഇപ്പോൾ ഞാൻ ഇവിടത്തെ വിദ്യാർത്ഥി ആയെങ്കിലും വർഷങ്ങൾക്ക് മുമ്പെ അവരുടെ കൈപിടിച്ച് ആർട്ട്സ് ഡേയ്ക്കും സ്പോർട്ട്സ് ഡേയ്ക്കുമൊക്കെ വന്നിട്ടുണ്ട്. ആർട്ട്സ് ഡേയ്ക്ക് മുൻനിരയിൽ തന്നെ സ്ഥാനം പിടിച്ച് പരിപാടികളൊക്കെ കണ്ട് പൊട്ടിച്ചിരിച്ച് ഇരുന്നത് മറക്കാൻ കഴിയില്ല.

